# തിരഞ്ഞെടുത്ത ഹദീസുകൾ

(90 ഹദീസുകൾ വ്യാഖ്യാനവും
നിവേദകന്മാരുടെ ജീവ ചരിത്രവും ഉൾപ്പടെ)

(വാല്യം 5)

تأليف
**الدكتور\ محمد مرتضى بن عائش محمد**

വിവർത്തനം
***മിദ്‌ലാജ് സ്വലാഹി***

പ്രസാധനം വിതരണം
*പ്രബോധന വിഭാഗം ,*
*ഇസ്‌ലാമിക പ്രബോധക കേന്ദ്രം*
*റബ്‌വ , റിയാദ് സഊദി അറേബ്യ*

جميع الحقوق محفوظة للمؤلف

الطبعة الأولى عام 1437هـ - 2015م

نشر وتوزيع

قسم الدعوة وتوعية الجاليات

المكتب التعاوني للدعوة وتوعية الجاليات في الربوة،
الرياض، المملكة العربية السعودية

بسم الله الرحمن الرحيم

# ആമുഖം

الحمد لله رب العالمين، والعاقبة للمتقين، والصلاة والسلام، على سيد الأنبياء والمرسلين، نبينا محمد، وعلى آله وأصحابه وأتباعه إلى يوم الدين، أما بعد:

പ്രവാചക ചര്യക്ക് ഇസ്‌ലാമിൽ വളരെ സുപ്രധാന സ്ഥാനമാണ് ഉള്ളത്. ഇസ്‌ലാമിലെ രണ്ടാം പ്രമാണമായ സുന്നത്ത് കൂടാതെ മതം സമ്പൂർണ മാകില്ല എന്നത് കൊണ്ട് തന്നെ സുന്നത്തിനെ സംരക്ഷിക്കലും അതിനു പ്രചുര പ്രചാരം നൽകലും വിശ്വാസിയുടെ ബാധ്യതയാണ്.

പ്രവാചക ചര്യ പഠിക്കാനും ജീവിതത്തിൽ പകർത്താനും വേണ്ടി വിശ്വാസ കർമ്മ സ്വഭാവ സംസ്കരണ വിഷയങ്ങളുമായി ബന്ധപ്പെട്ട ഹദീസുകൾ ചെറു വ്യഖ്യാനങ്ങളും ഹദീസിലെ പാഠങ്ങളും ഉൾപ്പെടെയാണ് ഈ കൃതിയിൽ ഉൾ കൊള്ളിച്ചിട്ടുള്ളത് .

ഈ ശ്രേണിയിലെ അഞ്ചാമത്തെ കണ്ണിയായ ഈ കൃതിയിലെ വ്യാഖ്യാനങ്ങളും അനുബന്ധ പാഠങ്ങളും വിഖ്യാത പണ്ഡിതന്മാരായ ഇമാം നവവി(റ), ഇമാം ഇബ്നു ഹജറുൽ അസ്ഖലാനി(റ) മുതലായ പണ്ഡിതന്മാരെ അവലംബിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്.

ഹദീസ് സ്വീകരിക്കുമ്പോൾ ഇമാം ബുഖാരി, ഇമാം മുസ്‌ലിം (റ) തുടങ്ങി യവരുടെ സ്വഹീഹുകളിൽ രേഖപ്പെടുത്തപ്പെട്ട ഇസ്‌ലാമിക ലോകത്ത് സർവ സ്വീകാര്യമായ ഹദീസുകൾ പ്രസ്തുത ഗ്രന്ഥങ്ങളിലെ നമ്പർ ആണ് കൊടുത്തിട്ടുള്ളത്. എന്നാൽ സ്വീകാര്യ യോഗ്യമായതും  ഈ രണ്ട പണ്ഡിതന്മാരല്ലാത്തവർ റിപ്പോർട്ട് ചെയ്തതുമായ ഹദീസുകൾ ഇമാം തുർമുദി , ശെയ്ഖ് നാസിറുദ്ദീൻ അൽബാനി തുടങ്ങിയവർ ആ ഹദീസുകളെ കുറിച്ച പഠിച്ച് രേഖപെടുത്തിയ അഭിപ്രായങ്ങളോട് കൂടിയാണ് ഈ കൃതിയിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്നത് വിജ്ഞാന കുതുകികൾക്ക് സഹായകരമാകും.ഈ കൃതിയിൽ വല്ല സ്ഖലിതങ്ങളും കണ്ടെത്തുകയാണെങ്കിൽ സ്നേഹബുദ്ധ്യാ

ഗുണകാംക്ഷാ മനസ്ഥിതിയോടെ ഉണർത്തണമെന്നു അറിയി ക്കുകയാണ്.

ഈ പുസ്തകത്തിന്റെ രചനയുമായി ബന്ധപ്പെട്ട് മുഴുവൻ സഹായ സഹ കരണങ്ങളും നൽകിയ റബ്‌വ ഇസ്‌ലാമിക് സെന്റർ മേധാവികൾ, സഹപ്രവർത്തകർ തുടങ്ങി എല്ലാവരെയും പ്രാർത്ഥന യോട് കൂടി ഓർക്കുകയും അവർക്കുള്ള നന്ദി രേഖ പ്പെടുത്തുകയും ചെയ്ത് കൊണ്ട് ഈ കൃതി വായനക്കാരിലേക്ക് സമർപ്പിക്കുന്നു.

وصلى الله وسلم على نبينا محمد، وعلى آله وأصحابه، وأتباعه، والحمد لله رب العالمين

**ഡോ.മുഹമ്മദ് മുർതളാ ബിൻ ആഇഷ് മുഹമ്മദ്**
**റിയാദ് സഊദി അറേബ്യ**

## വിവർത്തക കുറിപ്പ്

തിരഞ്ഞെടുത്ത ഹദീസുകൾ എന്ന പേരിൽ പുറത്തിറക്കുന്ന ഈ പുസ്തകത്തിൽ 90 ഹദീസുകളുടെ അർത്ഥവും വ്യാഖ്യാനവും ഹദീസ് നിവേദകരായ സ്വഹാബിമാരെ കുറിച്ചുള്ള ലഘു കുറിപ്പും അടങ്ങിയിട്ടുണ്ട്. ഈ കൃതിയിൽ ഹദീസുകളുടെ വ്യാഖ്യാ നവും മറ്റും ഗ്രന്ഥകാരന്റെ തൂലികയിലെ ആശയങ്ങൾ അതേപടി മൊഴിമാറ്റം നടത്തു കയാണ് ചെയ്തിട്ടുള്ളത്. വ്യാഖ്യാനങ്ങൾ വിവർത്തകന്റെ അഭിപ്രായമായി കൊള്ളണമെന്നില്ല. ഈ കൃതിയുടെ മലയാള വിവർത്തനത്തിൽ സഹകരിച്ച മുഹമ്മദ് കുട്ടി മൗലവി, സഅദുദ്ദീൻ സ്വലാഹി, ബഷീർ സ്വലാഹി, അഫ്സൽ സ്വലാഹി, റഫീഖ് സലഫി, ആത്തിഫ് ബുഖാരി തുടങ്ങി യവർക്ക് ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തികൊണ്ട് മലയാളം പതിപ്പ് വായന ക്കാരിലേക്ക് സമർപ്പിക്കുന്നു.

**മിദ്‌ലാജ് സ്വലാഹി**
**റിയാദ് സഊദി അറേബ്യ**

**നല്ല സമ്പാദ്യത്തിൽ നിന്നുള്ള സ്വദഖയുടെ ശ്രേഷ്ഠത**

1 -عَنْ أَبِيْ هُرَيْرَةَ رَضِيَ اللهُ عَنْهُ، قَالَ: قَالَ رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: "مَنْ تَصَدَّقَ بِعَدْلِ تَمْرَةٍ مِنْ كَسْبٍ طَيِّبٍ، وَلاَ يَقْبَلُ اللهُ إِلاَّ الطَّيِّبَ؛ فَإِنَّ اللهَ يَتَقَبَّلُهَا بِيَمِينِهِ، ثُمَّ يُرَبِّيهَا لِصَاحِبِهِ، كَمَا يُرَبِّيْ أَحَدُكُمْ فَلُوَّهُ حَتَّى تَكُوْنَ مِثْلَ الْجَبَلِ".

(صحيح البخاري، رقم الحديث 1410، واللفظ له، وصحيح مسلم، رقم الحديث 63 - (1014)، ).

1. അബൂ ഹുറെയ്റ (റ ) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി (സ) പറഞ്ഞിരിക്കുന്നു: ആരെങ്കിലും നല്ല സമ്പാദ്യത്തിൽ നിന്ന് ഒരു കാരക്കയുടെ അത്രയും സ്വദഖ ചെയ്താൽ , അല്ലാഹു നല്ലതല്ലാതെ സ്വീകരിക്കുകയില്ല, അല്ലാഹു അത് അവന്റെ വലത് കരം കൊണ്ട് സ്വീകരിക്കുകയും പിന്നീട് നിങ്ങളിലൊരുവൻ തന്റെ കുതിരക്കുട്ടിയെ വളർത്തുന്നത് പോലെ അല്ലാഹു അതിനെ ഒരു പർവതം കണക്കെ പരിപോഷിപ്പിക്കുന്നതാണ്. (ബുഖാരി : 1410, മുസ്‌ലിം 63 1014)

**ഹദീസ് നിവേദകൻ:**

അബൂഹുറൈറ എന്ന പേരില് അറിയപ്പെടുന്ന അബ്ദു റഹ്മാനു ബ്നു സഖ്ർ ആണ് ഇദ്ധേഹം , അദ്ധേഹത്തിന്റെ പൂച്ചകുട്ടിയെ കളിപ്പിക്കുന്നത് കൊണ്ടാണ് അദ്ദേഹത്തിന് അബൂഹുറൈറ എന്ന പേര് ലഭിച്ചത് , ഹിജ്റ ഏഴാം വർഷം ഖൈബർ വിജയ വർഷമാണ് ഇസ്ലാം സ്വീകരിച്ചത്. തുടർന്ന് നാല് വർഷം നബി (സ) യുടെ സന്തത സഹചാരിയായി വർത്തിച്ചു. നബി(സ) യിൽ നിന്ന് ധാരാളം ഹദീസുകളും അറിവുകളും കരസ്ഥമാക്കാൻ നിരന്തര പരിശ്രമം നടത്തുകയും ഏറ്റവും കൂടുതൽ ഹദീസ് റിപ്പോർട്ട് ചെയ്ത സ്വഹാബി ആയിത്തീരുകയും ചെയ്തു . അദ്ധേഹത്തിന്റെ മുസ്നദ് ൽ 5374 ഹദീസുകൾ ഉണ്ട്. മദീനയിലെ കർമ ശാസ്ത്ര പണ്ഡിതരിൽ ഒരാൾ കൂടിയായിരുന്നു അദ്ദേഹം. ഹി:57 ഇൽ ഇഹലോകവാസം വെടിഞ്ഞു.

**ഹദീസിലെ പാഠങ്ങൾ**

1. എല്ലാ ആരാധനകളെയും പോലെ തന്നെ ദാന ധർമങ്ങളുടെയും ലക്ഷ്യം അല്ലാഹുവിൻറെ പ്രീതി ആയിരിക്കണം.

2. അല്ലാഹുവിൻറെ കോപത്തിനും ശിക്ഷക്കും ഇടയാക്കുന്ന ഹറാമായ രീതിയിലുള്ള സമ്പാദനത്തിൽ

നിന്നും അകന്നു നിൽക്കാൻ ഒരു വിശ്വാസി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്
3. ഈ ഹദീസിൽ വലത് എന്ന പ്രയോഗത്തിനു കാരണം നന്മകൾ വലത് കൊണ്ട് ചെയ്യുക എന്നത് ഒരു പൊതു രീതി ആയത് കൊണ്ടാണ്, അതോടൊപ്പം അല്ലാഹുവിൻറെ നാമ ഗുണ വിശേഷണങ്ങളെ കുറിച്ച് പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടത് പോലെ തന്നെ വിശ്വസിക്കൽ അനിവാര്യമാണ്.

**ഇസ്‌ലാം എളുപ്പത്തിന്റെ മതം**

2- عَنْ عَبْدِ اللهِ رَضِـيَ اللَّهُ عَنْـهُ، قَـالَ: قَـالَ: النَّبِـيُّ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ: "الْجَنَّـةُ أَقْـرَبُ إِلَـى أَحَـدِكُمْ مِـنْ شِـرَاكِ نَعْلِهِ، وَالنَّارُ مِثْلُ ذَلِكَ".
(صحيح البخاري، رقم الحديث 6488).

2 അബ്ദുല്ലാ (റ) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി (സ) പറഞ്ഞിരിക്കുന്നു : സ്വർഗം നിങ്ങളുടെ ചെരിപ്പിന്റെ വാറിനെക്കാൾ നിങ്ങളോട് അടുത്താണിരിക്കുന്നത്, നരകത്തിന്റെ കാര്യവും അങ്ങനെ തന്നെ. (ബുഖാരി: 6488)

**ഹദീസ് നിവേദകൻ:**

സ്വഹാബിമാരിൽ പ്രസിദ്ധനാ യിരുന്ന അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) ആണ് ഈ ഹദീസ് റിപ്പോർട്ട് ചെയ്തത്. സ്വഹാബിമാരിൽ എറ്റവും നന്നായി ഖുർആൻ പരായണം ചെയ്യുന്നവരിൽ ഒരാളായിരുന്നു അദ്ദേഹം. 848 ഓളം ഹദീസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റസൂൽ(സ) യോടൊപ്പം എല്ലാ യുദ്ധങ്ങളിലും പങ്കെടുത്തിട്ടുണ്ട്. നബി(സ) യുടെ മരണ ശേഷം യർമുക് യുദ്ധത്തിലും പങ്കെടുത്തു. പിന്നീട് കൂഫക്കാർക്ക് മതം പഠിപ്പിക്കാൻ ഉമർ(റ) നിയോഗിച്ചു. പിന്നീട് ഉഥ്മാൻ(റ) അവിടുത്തെ അമീർ ആക്കി. പിന്നീട് മദീന

യിലേക്ക് തിരിച്ചു വിളിച്ചു. ഹി 32 ഇൽ മദീനയിൽ മരണപ്പെട്ടു.

**ഹദീസിലെ പാഠങ്ങൾ**

1.ചെരിപ്പിനെ മനുഷ്യ പാദത്തോട് ചേർത്ത് നിർത്തുന്നത് ചെരിപ്പിന്റെ വാറുകളായത് കൊണ്ട് തന്നെ അത് ശരീരത്തോട് അങ്ങേയറ്റം ചേർന്ന് നില്കുന്നത് കൊണ്ടാണ് ഇവിടെ അങ്ങനെ ഉദാഹരിക്കപ്പെട്ടത് .

2. ഇസ്‌ലാം എളുപ്പത്തിന്റെ മതമാണ്. അതിലെ വിശ്വാസവും ആരാധനകളും ഉന്നതമായ സ്വഭാവ ഗുണങ്ങളും ആരെയും പ്രയാസപ്പെടുത്തുന്നതല്ല.

3.ലക്ഷ്യവും മാർഗവും നന്നാക്കുന്നതിലൂടെ സ്വർഗ്ഗ പ്രവേശം വളരെ എളുപ്പമാക്കാവുന്നതാണ്. അത് പോലെ തന്നെ ദേഹേച്ഛ അനുസരിച് ജീവിക്കുന്നതിലൂടെ നരകവും എളുപ്പം നേടിയെടുക്കാം.അത് കൊണ്ട് നന്മകളെ ജീവിതത്തിൽ ഉൾപ്പെടുത്തിയും തിന്മകളെ തിരിച്ചറിഞ്ഞ് അവകളിൽ നിന്ന് അകന്നും ജീവിക്കേണ്ടതാണ്.

**ബലികർമ്മത്തിന്റെ വിധിവിലക്കുകളിൽ നിന്ന്**

3- عَنْ أَنَسٍ رَضِيَ اللهُ عَنْهُ، قَالَ: ضَحَّى النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ بِكَبْشَيْنِ أَمْلَحَيْنِ أَقْرَنَيْنِ، ذَبَحَهُمَا بِيَدِهِ، وَسَمَّى وَكَبَّرَ، وَوَضَعَ رِجْلَهُ عَلَى صِفَاحِهِمَا.

(صحيح البخاري، رقم الحديث 5565، وصحيح مسلم، رقم الحديث 17 - (1966))،.

നബി(സ) തടിച്ചുകൊഴുത്ത കൊമ്പുകളുള്ള രണ്ട് ആടുകളെ തന്റെ കൈകൾ കൊണ്ട് ബലി അറുത്തു,അദ്ദേഹം ബിസ്മി ചൊല്ലുകയും തക്ബീർ ഉരുവിടുകയും അദ്ദേഹ ത്തിന്റെ കാൽ അവയുടെ കവിളിന്റെ വശങ്ങളിൽ വെക്കുകയും ചെയ്തു.

**ഹദീസ് നിവേദകൻ**

അബൂ ഹംസ അനസ് ഇബ്നു മാലിക് അൽ അൻസാരീ എന്നാണ് മുഴുവൻ പേര്. നബി(സ) യുടെ സേവകൻ ആയിരുന്നു. ഹിജറ ക്ക് 10 വർഷം മുമ്പ് മദീനയിൽ ജനിച്ചു. വളരെ ചെറു ഷത്തിൽ തന്നെ ഇസ്ലാം സ്വീകരിച്ച അദ്ദേഹം നബി(സ) വഫാത് ആകുന്നത് വരെ അദ്ധേഹ ത്തെ സേവിച്ചു. പിന്നീട് ഡമാസ്കസിലേക്കും അവിടെ നിന്ന് ബസറ യിലേക്കും യാത്രപോയി. ഏകദേശം 2286 ഓളം ഹദീസ് കൾ റിപ്പോർട്ട്

ചെയ്തിട്ടുണ്ട്. ഹി:93 ൽ ബസറ യിൽ വെച്ച് ഇഹ ലോക വാസം വെടിഞ്ഞു.

**ഹദീസിലെ പാഠങ്ങൾ**

1.കലർപ്പില്ലാത്ത വെളുത്ത നിറമുള്ള നല്ല ആരോഗ്യമുള്ള ആടുകൾ എന്നാണ് ഹദീസിലെ പരാമർശത്തിന്റെ ഉദ്ദേശം എന്ന് പറയപ്പെടുന്നു.

2.അറുക്കുന്ന സമയത്ത് അല്ലാഹുവിന്റെ നാമം കൊണ്ട് ആരംഭിക്കുകയും തക്ബീർ ചൊല്ലുകയും ചെയ്യേണ്ടതാണ്.

3.ആട് , മാട് , ഒട്ടകം എന്നിവയെ ബലി അറുക്കാവുന്നതാണ്. ന്യൂനതയില്ലാത്ത ആരോഗ്യമുള്ള മൃഗങ്ങൾ ആയിരിക്കണം അറുക്കപ്പെടേണ്ടത്.

### ഇമാമിനെ നമസ്കാരത്തിൽ പിന്തുടരുന്ന രീതി

4- عَـنِ الْبَـرَاءِ بْـنِ عَـازِبٍ رَضِــيَ اللهُ عَنْهُمَــا قَــالَ: كَــانَ رَسُـوْلُ اللَّهِ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ إِذَا قَـالَ: "سَـمِعَ اللَّهُ لِمَـنْ حَمِـدَهُ" لَمْ يَحْنِ أَحَدٌ مِنَّا ظَهْرَهُ، حَتَّـى يَقَـعَ النَّبِـيُّ صَـلَّى اللَّهُ عَلَيْهِ وَسَلَّمَ سَاجِدًا، ثُمَّ نَقَعُ سُجُوْدًا بَعْدَهُ.

(صــحيح البخــاري، رقــم الحــديث 690، واللفــظ لــه، وصحيح مسلم، رقم الحديث 198- (474)، ).

ബറാഉ ബ്നു ആസിബ് (റ) ൽ നിന്നും അദ്ദേഹം പറഞ്ഞു: നബി(സ) "سَمِعَ اللَّهُ لِمَنْ حَمِدَهُ" എന്ന് പറഞ്ഞു പിന്നീട് സുജൂദിൽ വീഴുന്നത് വരെ ഞങ്ങൾ മുതുക് വളച്ചിരുന്നില്ല. ഞങ്ങൾ പിന്നീട് പ്രവാചകന്റെ ശേഷം സുജൂദിലേക്ക് പോവുമായിരുന്നു.

**<u>ഹദീസ് നിവേദകൻ</u>**

അബൂ അമ്മാറ ബറാഅ് ബ്നു ആസിബ്(റ) ആണ് ഈ ഹദീസ് ഉദ്ധരിച്ചത്. അദ്ദേഹം പ്രസിദ്ധ സ്വഹബിയും മികച്ച മതപണ്ഡിതനും ആയിരുന്നു. അദ്ധേഹത്തിന്റെ പിതാവും സ്വഹാബി ആയിരുന്നു. നബി(സ)ഇൽ നിന്നും 305 ഓളം ഹദീസുകൾ ഉദ്ധരിച്ചിട്ടുണ്ട്. നബി(സ)യുടെ കാലത്തും അവിടുത്തെ കാലശേഷവും യുദ്ധങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. ഹി:72 ഇൽ കൂഫ ഇൽ മരണപ്പെട്ടു.

**ഹദീസിലെ പാഠങ്ങൾ**

1.ഇമാമിന് മുമ്പായി മഅ്മൂം കർമങ്ങൾ ചെയ്യേണ്ടതില്ല. ഇമാം പ്രവേശിക്കുന്നത് വരെ ഓരോ കർമ്മങ്ങൾക്കും കാത്തിരിക്കണം

2.ഇമാം തക്ബീറത്തുൽ ഇഹ്റാം ചെയ്തതിന് ശേഷം മാത്രമേ മഅ്മൂം തക്ബീറത്തു ഇഹ്റാം ചെയ്യാവൂ.

3.ഇമാം ഇരു സലാമും വീട്ടിയതിനു ശേഷമാണ് മഅ്മൂം സലാം വീട്ടേണ്ടത്.

**നമസ്കാരത്തിൽ സലാം വീട്ടുന്നതിന്റെ രൂപം**

5- عَنْ سَعْدِ بْنِ أَبِيْ وَقَّاصٍ رَضِيَ اللَّهُ عَنْهُ، قَالَ: كُنْتُ أَرَى رَسُوْلَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يُسَلِّمُ عَنْ يَمِيْنِهِ وَعَنْ يَسَارِهِ، حَتَّى أَرَى بَيَاضَ خَدِّهِ.
(صحيح مسلم، رقم الحديث 199 - (582)، ).

സഅദ് ഇബ്നു അബീ വഖാസ് (റ) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) ഇടത്തോട്ടും വല ത്തോട്ടും അദ്ദേഹത്തിന്റെ കവിളിന്റെ വെളുപ്പ് പ്രകട മാകുമാറ് (നമസ്കാത്തിൽ) സലാം വീട്ടുന്നത് ഞാൻ കണ്ടിട്ടുണ്ട്. (മുസ്‌ലിം 199 582)

**<u>ഹദീസ് നിവേദകൻ</u>**

പ്രമുഖ സ്വഹാബി അബൂ ഇസ്ഹാഖ് സഅദ് ബ്നു അബീ വഖാസ് (റ) ആണ് ഈ ഹദീസ് നിവേദനം ചെയ്തത്. ഹിജ്റക്കും 23 വർഷം മുമ്പ് മക്കയിൽ ജനിച്ചു. ഇസ്ലാമിലേക്ക് ആദ്യമായി കടന്നു വന്നവരിൽ ഒരാളായ അദ്ദേഹം സ്വർഗം കൊണ്ട് സന്തോഷ വാർ ത്ത അറിയിക്കപ്പെട്ടിട്ടുണ്ട്. മക്കയിൽ നിന്നും മദീന യിലേക്ക് ഹിജ്റ പോയ അദ്ദേഹം ബദറിലും തുടർ ന്നുള്ള യുദ്ധങ്ങളിലും പങ്കെടുത്തിട്ടുണ്ട്. നബി(സ) യുടെ അടുക്കലും തുടർന്ന് അബൂ ബക്കർ , ഉമർ തുട ങ്ങിയ വരുടെ കാലഘട്ടത്തിലും മഹനീയ സ്ഥാനം

അലങ്കരിച്ചിരുന്നു. ഉമർ , ഉഥ് മാൻ (റ) തുടങ്ങിയവരുടെ കാലത്ത് കൂഫയിലെ ഗവർണർ ആയിരുന്നു. ഖാദിസിയ്യാ പോലെയുള്ള ധാരാളം സൈനിക സംഘത്തിൽ പ്രവർത്തിക്കുകയോ നേതൃത്വം കൊടുക്കുകയോ ചെയ്തിട്ടുണ്ട്. പിന്നീട് രാഷ്ട്രീയവും അധികാരങ്ങളും ത്യജിച്ച് കുഴപ്പത്തിന്റെ സമയത്ത് യാതൊരു വിധത്തിലും അതുമായി ബന്ധപ്പെടാതെ ഒഴിഞ്ഞു നിന്നു. 270 ഓളം ഹദീസുകൾ റിപ്പോര്ട്ട് ചെയ്തിട്ടുണ്ട്. മുഹാജിറുകളിൽ നിന്നും അവസാനമായി മരണപ്പെട്ട അദ്ദേഹം ഹി: 55 ൽ മദീനയിൽ നിന്നും 7 മൈൽ അകലെയുള്ള അഖീഖ് എന്ന പ്രദേശത്ത് വെച്ചാണ് ഇഹലോക വാസം വെടിഞ്ഞത്.

**ഹദീസിലെ പാഠങ്ങൾ**

1. നമസ്കാരത്തിൽ നിന്ന് സലാം വീട്ടുമ്പോൾ ഇരു വശത്തേക്കും നന്നായി മുഖം തിരികേണ്ടതാണ്

2. നമസ്കാരത്തിൽ നിന്ന് വിരമിക്കുമ്പോൾ ഇരു വശത്തേക്കും തിരിഞ്ഞ് السلام عليكم ورحمة الله എന്നാണു പറയേണ്ടത്.

3. നമസ്കാരത്തിൽ നിന്ന് വിരമിക്കുമ്പോഴുള്ള സലാം നമസ്കാരത്തിന്റെ അനിവാര്യ ഘടകങ്ങളിൽ പെട്ടതാണ്. അത് കൂടാതെ നമസ്കാരം ശരിയാവില്ല.

## പ്രകടനപരതയെ തൊട്ട് ജാഗ്രത പാലിക്കുക

6- عَـــنْ عَبْـــدِ اللهِ بْـــنِ عَبَّـــاسٍ رَضِـــيَ اللهُ عَنْهُمـــا، قَـــالَ: قَـــالَ رَسُـــوْلُ اللهِ صَـــلَّى اللّهُ عَلَيْـــهِ وَسَـــلَّمَ: "مَـــنْ سَمَّعَ، سَمَّعَ اللّهُ بِهِ، وَمَنْ رَاءَى، رَاءَى اللّهُ بِهِ".

(صـــحيح مســـلم، رقـــم الحـــديث 47 - (2986)، واللفـــظ لـــه، وصـــحيح البخـــاري، رقـــم الحـــديث 6499).

അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) ൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി (സ) പറഞ്ഞിരിക്കുന്നു: ആരെങ്കിലും ജനങ്ങളെ കേൾപിക്കാൻ വേണ്ടി പ്രവർത്തിച്ചാൽ അല്ലാഹു അവനു കീർത്തിയുണ്ടാക്കി കൊടുക്കും, ആരെങ്കിലും ജനങ്ങളെ കാണിക്കാൻ വേണ്ടി പ്രവർത്തിച്ചാൽ അല്ലാഹു അവനു ലോക മാന്യത നേടി ക്കൊടുക്കും (മുസ്ലിം 472986, ബുഖാരി 6499).

**<u>ഹദീസ് നിവേദകൻ:</u>**

സ്വഹാബികളിലെ പ്രശസ്തനും മത വിഷയങ്ങളിൽ അഗ്ര കണ്യനുമായ അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) ആണ് ഈ ഹദീസ് റിപ്പോര്ട്ട് ചെയ്തത്. നബി(സ) യുടെ പിതൃവ്യ പുത്രനായ ഇദ്ദേഹം ഖുർആൻ വ്യാഖ്യാനത്തിൽ പ്രഗൽഭ നായിരുന്നു. ഹിജ്റക്ക് 3 വർഷം മുമ്പ് ജനിച്ചു.പിന്നീട് നബി(സ) യോടൊപ്പം ചേർന്ന് അറിവ് കരസ്ഥമാക്കി. 1660 ഓളം ഹദീസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അലി(റ ) ബസറയുടെ ഉത്തരവാദി

ത്തം ഏൽപിച്ചിട്ടുണ്ട്. തന്റെ 70 ആം വയസ്സിൽ താഇഫിൽ മരണപ്പെട്ടു. 71 ആം വയസ്സിലാണെന്നും 74 ആം വയസ്സിലാണെന്നും അഭിപ്രായമുണ്ട്.

**<u>ഹദീസിലെ പാഠങ്ങൾ</u>**

1.അല്ലാഹുവിന്റെ പ്രീതിയല്ലാതെ ജനങ്ങളെ കാണിക്കുവാൻ വേണ്ടി കർമങ്ങൾ ചെയ്യുന്നതിനാണ് ലോകമാന്യത എന്നു പറയുന്നത്. അത് പോലെ തന്നെ രഹസ്യമായി പ്രവർത്തിക്കുകയും എന്നാൽ പിന്നീട് ജനങ്ങളുടെ അടുക്കലുള്ള സ്ഥാന മാനങ്ങളും കീർത്തിയും ആഗ്രഹിച്ചു കൊണ്ട് അത് പരസ്യപ്പെടുത്തലാണ് സ്വപ്രകീർത്തനം എന്നു പറയുന്നത്.

2. ലോകമാന്യതയെയും സ്വപ്രകീർത്തനത്തേയും ഈ ഹദീസ് ശക്തമായ ഭാഷയിൽ വിരോധിക്കുന്നു. അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ചു കൊണ്ടുള്ള ആത്മാർത്ഥമായ പ്രവർത്തനങ്ങളാണ് യഥാർത്ഥ മുസ്ലിമിൽ നിന്നും ഉണ്ടാകേണ്ടത്.

3. ലോകമാന്യതയും സ്വപ്രകീർത്തനവും ഒരു വേള കർമങ്ങൾ നിഷ്ഫലമായിപ്പോകാൻ പോലും ഇട വരുത്തും.

**മസീഹ് ദജ്ജാലിന്റെ അടയാളങ്ങളിൽപെട്ടത്**

7- عَنْ أَنَسِ بْنِ مَالِكٍ رَضِيَ اللَّهُ عَنْهُ، قَالَ: قَالَ رَسُوْلُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: "الدَّجَّالُ مَمْسُوحُ الْعَيْنِ، مَكْتُوْبٌ بَيْنَ عَيْنَيْهِ كَافِرٌ"، ثُمَّ تَهَجَّاهَا: ك، ف، ر، "يَقْرَؤُهُ كُلُّ مُسْلِمٍ".

(صحيح مسلم، رقم الحديث 103 - (2933)، واللفظ له، وصحيح البخاري، رقم الحديث 7408).

അനസ്(റ) ൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: ദജ്ജാൽ കണ്ണ് മൂടപ്പെട്ടവനാണ് ,അവന്റെ നെറ്റിയിൽ കാഫിർ എന്ന് എഴുതപ്പെട്ടിരിക്കും.തുടർന്ന് പ്രവാചകൻ (സ) ക...ഫ...റ... എന്ന് ഉച്ചരിച്ചു.എല്ലാ മുസ്ലിമും അപ്രകാരം (നെറ്റിയിൽ കാണുന്ന എഴുത്ത്) വായിക്കുന്നതാണ് .

**<u>ഹദീസ് നിവേദകൻ</u>**

***ഹദീസ് നമ്പർ 3 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1.അന്ത്യ നാളിനു മുമ്പായി ദജ്ജാലാലിന്റെ ആഗമനം ഉണ്ടാകും. ശാമിൽ വെച്ച് ഈസാ നബി (അ) ആണ് അവനെ വധിക്കുക.

2. ദജ്ജാലിനെ കുറിച്ചുള്ള പല വിശേഷണങ്ങളും പല ഹദീസുകളിലും കാണാം. ഇമാം ബുഖാരി 5902 ആം നമ്പർ ആയും ഇമാം മുസ്‌ലിം 273 (169 ) , 104 (2934) , 105 (2934 ) ആയും കൊടുത്ത ഹദീസു കളിൽ ഈ വിഷയം കൂടുതലായി പ്രതിപാദിച്ചിട്ടുണ്ട്.

3.ദജ്ജാലിന്റെ നെറ്റിയിലെ എഴുത്ത് യഥാർത്ഥ ത്തിലുള്ള എഴുത്താണ്. അല്ലാഹു മുസ്‌ലിമിന് അത് പ്രത്യക്ഷപ്പെടുത്തിക്കൊടുക്കും.

### സമൂഹത്തെ സേവിക്കുന്നതിന്റെ മര്യാദ

8- عَـنْ أَبِـيْ قَتَـادَةَ رَضِـيَ اللهُ عَنْـهُ، عَـنِ النَّبِـيِّ صَـلَّى اللهُ عَلَيْهِ وَسَلَّمَ، قَالَ: "سَاقِيُ الْقَوْمِ آخِرُهُمْ شُرْبًا".
(جـامع الترمـذي، رقـم الحـديث 1894، واللفـظ لـه، وصـحيح مسـلم، جـزء مـن رقـم الحـديث 311 - (681)، وقـال الإمـام الترمـذي عـن هـذا الحـديث بأنـه: حسن صحيح، وصححه الألباني).

അബൂ ഖത്താദ (റ) , നബി(സ) ഇൽ നിന്നും ഉദ്ദരിക്കുന്നു , അദ്ദേഹം ( നബി (സ) ) പറഞ്ഞു : സമൂഹത്തെ വെള്ളം കുടിപ്പിക്കുന്നവൻ, അവരിൽ അവസാനമായി കുടിക്കുന്നവനാണ്. ( തുർമുദി 1894, മുസ്‌ലിം 311 681)

**<u>ഹദീസ് നിവേദകൻ:</u>**

അബൂ ഖത്താദ റബീഉൽ അന്സാരീ (റ) ആണ് ഈ ഹദീസ് റിഷോര്ട്ട് ചെയ്തത്. പ്രസിദ്ധ സ്വഹാബി ആയിരുന്നു. നബി(സ) യുടെ യാത്രയിലെ കാവൽ കാരനായിരുന്ന അദ്ദേഹം ധാരാളം യുദ്ധങ്ങളിലും അദ്ദേഹത്തോടൊഷം പങ്കെ ടുത്തു. പേർഷ്യക്കാരോട് യുദ്ധം ചെയ്യാൻ ഉമർ (റ) നിയോഗിച്ച സൈന്യത്തിന്റെ നേതാവായ അദ്ദേഹമാണ് അവരുടെ രാജാവിനെ വധിച്ചത്. അദ്ദേഹത്തിന്റെ മരണം ഹി 38 ഇൽ കൂഫ

യിലാണെന്നും അതല്ല ഹി 54 ഇൽ മദീനയിലാണെന്നും അഭിപ്രായം ഉണ്ട്.

**ഹദീസിലെ പാഠങ്ങൾ**

1.ഒരാളെ ഒരു സമൂഹത്തിന് വെള്ളം കൊടുക്കുന്ന ചുമതല എല്പ്പിക്കപ്പെട്ടാൽ ആ കൂട്ടത്തിലെ മുതിർന്നവരിൽ നിന്നോ വലത് ഭാഗത്ത് നിന്നോ ആരംഭിക്കുന്നതും  ചുമതല ഏൽപിക്കപ്പെട്ട വ്യക്തി അവസാനം കുടിക്കലും തദ്വിഷയവുമായി ബന്ധപ്പെട്ട ഇസ്‌ലാമിക മര്യാദയാണ്.

2.ഭക്ഷണ പാനീയങ്ങൾ കൂട്ടമായി ഇരുന്ന് കഴിക്കലാണ് മര്യാദ.

### വെള്ളം കുടിക്കുന്നതിന്റെ മര്യാദ

9- عَـنْ أَبِـيْ هُرَيْـرَةَ رَضِـيَ اللَّهُ عَنْـهُ، قَـالَ: قَـالَ رَسُـوْلُ اللهِ صَـلَّى اللهُ عَلَيْـهِ وَسَـلَّمَ: "إِذَا شَـرِبَ أَحَـدُكُمْ فَـلاَ يَتَـنَفَّسْ فِـي الْإِنَـاءِ؛ فَـإِذَا أَرَادَ أَنْ يَعُـوْدَ؛ فَلْيُـنَحِّ الْإِنَـاءَ، ثُـمَّ لِيَعُـدْ إِنْ كَانَ يُرِيدُ".

(سـنن ابـن ماجـه، رقـم الحـديث 3427، وصـححه الألباني).

അബൂ ഹുറയ്റ (റ) ൽ നിന്നും,അദ്ദേഹം പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: നിങ്ങൾ വെള്ളം കുടിയ്ക്കുകയാണെങ്കിൽ പാത്രത്തിലേക്ക് ശ്വാസമയക്കരുത്, ഇനി (അഥവാ) ആർക്കെങ്കിലും ശ്വാസം വിടണം എന്ന് കരുതിയാൽ അപ്പോൾ അവൻ പാന പാത്രം മാറ്റി പിടിക്കട്ടെ, പിന്നീട് വെള്ളം കുടിക്കാൻ ഉദ്ദേശിച്ചാൽ അതിലേക്ക് (പാന പാത്രത്തിലേക്ക്) മടങ്ങുകയും ചെയ്യട്ടെ. (ഇബ്നു മാജ)

**<u>ഹദീസ് നിവേദകൻ</u>**

***ഹദീസ് നമ്പർ 1 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1.നബി (സ) പാത്രത്തിലേക്ക് ഊതി എന്ന നിലക്കുള്ള ഹദീസിനെയും ഈ ഹദീസിനെയും ഒരുമിച്ച് വിശകലനം ചെയ്ത പണ്ഡിതന്മാരുടെ അഭിപ്രായമനുസരിച്ച് നബി(സ) ഊതിയത് പാത്രത്തിനു പുറത്തേക്കാണ് എന്നതാണ്.

2..ഒറ്റക്ക് ഉപയോഗിക്കുന്നതായാലും കൂട്ടമായി ഉപയോഗിക്കുന്നതായാലും പാന പാത്രത്തിലേക്ക് ഊതൽ അനുവദനീയമല്ല.

**ഇസ്‌ലാമിൽ വിരോധിക്കപ്പെട്ടവയിൽ ചിലത്**

10-عَنْ أَبِيْ جُحَيْفَةَ رَضِيَ اللهُ عَنْهُ، أَنَّهُ اشْتَرَى غُلاَمًا حَجَّامًا؛ فَقَالَ: "إِنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ نَهَى عَنْ ثَمَنِ الدَّمِ، وَثَمَنِ الْكَلْبِ، وَكَسْبِ الْبَغِيِّ، وَلَعَنَ آكِلَ الرِّبَا وَمُوكِلَهُ، وَالْوَاشِمَةَ وَالْمُسْتَوْشِمَةَ وَالْمُصَوِّرَ".

(صحيح البخاري، رقم الحديث 5962).

അബൂ ജുഹൈഫ (റ ) ൽ നിന്നും, അദ്ദേഹം കൊമ്പ് വെച്ചു കൊടുക്കാറുള്ള ഒരു അടിമയെ വാങ്ങി, എന്നിട്ടദ്ദേഹം പറഞ്ഞു; തീർച്ചയായും നബി(സ) രക്തത്തിന്റെ വിലയും നായയുടെ വിലയും വേശ്യാ വേതനത്തേയും വിലക്കിയിട്ടുണ്ട്, (അത് പോലെ ) പലിശ തിന്നുന്നവരേയും തീറ്റിക്കുന്നവരെയും പച്ചകുത്തുന്നവരെയും കുത്തിക്കുന്നവരെയും ചിത്രം വരക്കുന്നവരെയും ശപിക്കുകയും ചെയ്തിരിക്കുന്നു. (ബുഖാരി 5962)

**<u>ഹദീസ് നിവേദകൻ</u>**

സ്വഹാബികളിൽ പ്രസിദ്ധനായ അബൂ ജുഹൈഫ (റ) ആണ് ഈ ഹദീസ് റിപ്പോർട്ട് ചെയ്തത്. നബി(സ) യുടെ വിയോഗ സമയത്ത് ചെറിയ കുട്ടിയായിരുന്ന ഇദ്ദേഹം 45 ഹദീസുകൾ ഉദ്ധരിച്ചിട്ടുണ്ട്. പിന്നീട് കൂഫ

യിൽ താമസമാക്കിയ അദ്ദേഹം ഹി: 74 ൽ മരണപ്പെട്ടു. (വേറെയും അഭിപ്രായങ്ങളുണ്ട്) .

**ഹദീസിലെ പാഠങ്ങൾ**

1. ഇഹപര വിജയം ആഗ്രഹിക്കുന്ന മുസ്‌ലിം സദാ അല്ലാഹുവിനെ സൂക്ഷിക്കേണ്ടതും ഇസ്‌ലാമിക വിജ്ഞാനം കരഗതമാക്കി ഇസ്‌ലാം വിലക്കുന്ന കാര്യങ്ങളെ തൊട്ട് അകന്ന് നില്കേണ്ടതുമാണ് .
2. അനുവദനീയമായ മാർഗങ്ങളിലൂടെ അനുവദനീയമായത് സമ്പാദിക്കാനും രക്തത്തിൻറെ വില, നായയുടെ വില, വേശ്യാവൃത്തിയിലൂടെ സമ്പാദിക്കുന്നത്, പലിശ തുടങ്ങിയവ വർജിക്കാനും ഇസ്‌ലാം അനുശാസിക്കുന്നു.
3. ശരീരത്തിൽ പച്ച കുത്തുന്നത് വിലക്കപ്പെട്ടതാണെന്ന് ഈ ഹദീസിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. അത് പോലെ തന്നെ ജീവനുള്ളവയുടെ ചിത്രം (രൂപം) ഉണ്ടാക്കുന്നതും നിഷിദ്ധം തന്നെ.

**ക്ഷണം സ്വീകരിക്കൽ**

11- عَنْ عَبْدِ اللهِ بْنِ عُمَرَ رَضِيَ اللَّهُ عَنْهُمَا، قَالَ: قَالَ رَسُوْلُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: "مَنْ دُعِيَ إِلَى عُرْسٍ أَوْ نَحْوِهِ فَلْيُجِبْ".

(صحيح مسلم، رقم الحديث 101 - (1429)، ).

അബ്ദുല്ലാഹിബ്നു ഉമർ (റ) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു;നബി(സ) പറഞ്ഞിരിക്കുന്നു: ആരെങ്കിലും വിവാഹ സദ്യയോ അത് പോലുള്ളതിനോ ക്ഷണിക്കപ്പെട്ടാൽ അവൻ അതിന് ഉത്തരം നൽകട്ടെ.

(മുസ്ലിം 1011429)

**<u>ഹദീസ് നിവേദകൻ:</u>**

ഉമർ ഇബ്നുൽ ഖത്താബ്(റ) ന്റെ മകനായ അബ്ദുള്ള(റ) ആണ് ഈ ഹദീസ് റിപ്പോർട്ട് ചെയ്തത്. വളരെ ചെറുപ്പത്തിൽ തന്നെ പിതാവിനൊപ്പം ഇസ്ലാം സ്വീകരിച്ചു. പിതാവിനും മുന്നേ മദീനയിലേക്ക് ഹിജ്റ പോയി. ആദ്യ യുദ്ധം ഖന്തഖ് ആയിരുന്നു. പിന്നീട് എല്ലാ യുദ്ധങ്ങളിലും പങ്കെടുത്തു. അതു പോലെ തന്നെ ശാം, ഇറാഖ്,ബസറ, പേർഷ്യ തുടങ്ങിയവ കീഴടക്കിയ മുസ്ലിം സൈന്യത്തിൽ അംഗമായിരുന്നു. സ്വഹാബിമാരിലെ പണ്ഡിതരുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നു. 2630 ഓളം ഹദീസ്കൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹി 73 ൽ തന്റെ 83 ആം വയസിൽ മക്കയിൽ മരണപ്പെട്ടു.

**ഹദീസിലെ പാഠങ്ങൾ**

1. വിവാഹ സത്ക്കാരത്തിലും മറ്റും ക്ഷണിക്കപ്പെട്ടാൽ പങ്കെടുക്കണമെന്ന് ഈ ഹദീസ് നമ്മെ പഠിപ്പിക്കുന്നു.

2.ഇസ്ലാമിക വിരുദ്ധമായ ഘടകങ്ങൾ അടങ്ങിയിട്ടി ല്ലാത്ത ക്ഷണങ്ങൾക്ക് ഉത്തരം നൽകൽ വിശ്വാ സിയുടെ ബാധ്യതയാണ്.

3.ഭക്ഷണ സാധനങ്ങളെ കുറ്റം പറയൽ മുസ്ലിമിന് അനുവദനീയമല്ല, ആവശ്യമുള്ളത് ഭക്ഷിക്കുകയും ആ വശ്യമില്ലാത്തത് മാറ്റി വെക്കുകയുമാണ് വേണ്ടത്.

**ഇഷാ, സുബ്ഹി ജമാഅത്തുകളുടെ ശ്രേഷ്ഠത**

12- عَنْ عُثْمَانَ بنِ عَفَّانَ رَضِيَ اللهُ عَنْهُ، قَالَ: سَمِعتُ رَسُوْلَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ، يَقُوْلُ: "مَنْ صَلَّى العِشَاءَ فِيْ جَمَاعَةٍ؛ فَكَأَنَّمَا قَامَ نِصْفَ اللَّيْلِ، وَمَنْ صَلَّى الصُّبْحَ فِيْ جَمَاعَةٍ؛ فَكَأَنَّمَا صَلَّى اللَّيْلَ كُلَّهُ".
(صحيح مسلم، رقم الحديث 260 - (656)، ).

ഉഥ്മാനുബ്നു അഫ്ഫാൻ (റ) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: ആരെങ്കിലും ഇഷാ നമസ്കാരം ജമാഅത്തായി നമസ്കരിച്ചാൽ അവൻ രാത്രിയുടെ പകുതി നമസ്കരിച്ചവനെ പോലെയാണ് , ഇനി വല്ലവനും സുബ്ഹി കൂടി ജമാഅത്തായി നമസ്കരിച്ചാൽ അവൻ രാത്രി മുഴുവൻ നമസ്കരിച്ചവനെ പോലെയുമാണ്. (മുസ്ലിം 260 656)

**<u>ഹദീസ് നിവേദകൻ:</u>**

ഉഥ്മാനുബ്നു അഫ്ഫാൻ ഇബ്നു അബുൽ ആസ് അൽ ഖുറഷീ (റ ) ആനക്കലഹം ആറാം വർഷം മക്കയിൽ ജനിച്ചു. ആദ്യകാല മുസ്ലിങ്ങളിൽ ഒരാളായിരുന്ന അദ്ദേഹം ഇസ്ലാമിന്റെ മൂന്നാമത്തെ ഖലീഫയുമായിരുന്നു. അബ്സീനിയ യിലേക്ക് ആദ്യമായി ഹിജ്റ പോയത് അദ്ദേഹമായിരുന്നു. നബി(സ) യുടെ രണ്ട് മക്കളെ വിവാഹം കഴിച്ചിട്ടുണ്ട്. ഇസ്ലാമിനു വേണ്ടി ധാരാളം

സമ്പത്ത് ചെലവഴിച്ച അദ്ദേഹം തന്റെ ഭരണകാലത്ത് ഖുർആൻ പ്രതികൾ ഉണ്ടാക്കുന്നതിലും ശ്രദ്ധ ചെലുത്തി. 146 ഹദീസുകൾ റിപ്പോർട്ട് ചെയ്ത അദ്ദേഹം ഹി: 35 ൽ അക്രമികളാൽ മദീനയിൽ സ്വന്തം വീട്ടിൽ വെച്ച് രക്ത സാക്ഷിത്വം വരിച്ചു.

**ഹദീസിലെ പാഠങ്ങൾ**

1. മറ്റു നിർബന്ധ നമസ്കാരങ്ങൾ പോലെ തന്നെ സുബ്ഹിയും ഇഷാഉം ജമാഅത്തായി നമസ്കരിക്കാൻ ഇസ്ലാം പ്രോത്സാഹിപ്പിക്കുന്നു.

2.സുബ്ഹിയും ഇഷാഉം ജമാഅത്തായി നമസ്കരിക്കുന്നതിന്റെ ശ്രേഷ്ഠത അതി മഹത്തരമാണ്.

**ചിത്രമുണ്ടാക്കുന്നതിനെ ഇസ്‌ലാം വിരോധിക്കുന്നു**

13- عَنْ عَبْدِ اللَّهِ بْنِ عَبَّاسٍ رَضِيَ اللَّهُ عَنْهُمَا قَالَ: سَمِعْتُ مُحَمَّدًا صَلَّى اللَّهُ عَلَيْهِ وَسَلَّمَ، يَقُوْلُ: "مَنْ صَوَّرَ صُوْرَةً في الدُّنيا، كُلِّفَ يَوْمَ الْقِيَامَةِ أَنْ يَنْفُخَ فِيْهَا الرُّوْحَ، وَلَيْسَ بِنَافِخٍ".

(صحيح البخاري، رقم الحديث 5963، واللفظ له، وصحيح مسلم، رقم الحديث 100- (2110)،).

അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) ൽ നിന്നും,അദ്ദേഹം പറഞ്ഞു; നബി (സ) പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: ആരെങ്കിലും ഈ ലോകത്ത് വെച്ച് ഒരു ചിത്രമുണ്ടാക്കിയാൽ പരലോകത്ത് വെച്ച് അതിന് ജീവൻ നൽകാൻ അവൻ ഏൽപിക്കപ്പെടും,അവൻ റൂഹ് ഊതുന്നവനല്ല താനും.(ബുഖാരി 5963,മുസ്‌ലിം (100) 2110)

**<u>ഹദീസ് നിവേദകൻ</u>**

***ഹദീസ് നമ്പർ 6 നോക്കുക***

**<u>ഹദീസിലെ പാഠങ്ങൾ</u>**

1. ആത്മാവുള്ളവയുടെ രൂപം ഉണ്ടാക്കുന്നതും ചിത്രം വരക്കുന്നതും ഇസ്‌ലാം വിലക്കുന്നു. എന്നാൽ മരങ്ങളും പുഴകളും പോലുള്ള ആത്മാവില്ലാത്തവയുടെ രൂപം ഉണ്ടാക്കുന്നതിനും ചിത്രം വരക്കുന്നതിനും വിലക്ക് ബാധ കമല്ല.

2. അത് പോലെ തന്നെ ആത്മാവുള്ളവയുമായി സാദൃശ്യമുള്ളവയെ ഭാവനയിൽ വരക്കുന്നതും അനുവദനീയമല്ല..

## ഭക്ഷണ മര്യാദകൾ

14- عَنْ عَبْدِ اللَّهِ بْنِ عَبَّاسٍ رَضِيَ اللهُ عَنْهُمَا، أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ، قَالَ: "إِنَّ الْبَرَكَةَ تَنْزِلُ وَسَطَ الطَّعَامِ؛ فَكُلُوْا مِنْ حَافَّتَيْهِ، وَلاَ تَأْكُلُوْا مِنْ وَسَطِهِ".
(جامع الترمذي، رقم الحديث 1805، واللفظ له، وسنن أبي داود، رقم الحديث 3772، وسنن ابن ماجه، رقم الحديث 3277، وقال الإمام الترمذي عن هذا الحديث بأنه: حسن صحيح، وصححه الألباني).

അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) ഇൽ നിന്നും, നബി (സ) പറഞ്ഞിരിക്കുന്നു: തീർച്ചയായും അനുഗ്രഹം ഇറങ്ങുന്നത് ഭക്ഷണത്തിന്റെ മധ്യ ഭാഗത്താണ്, അതിനാൽ നിങ്ങൾ അരികത്ത് നിന്ന് ഭക്ഷിക്കുക, അതിന്റെ മധ്യത്തിൽ നിന്ന് ഭക്ഷിക്കരുത്. (തുർമുദി 1805,അബൂ ദാവൂദ് 3772)

**ഹദീസ് നിവേദകൻ**

***ഹദീസ് നമ്പർ 6 നോക്കുക***

**<u>ഹദീസിലെ പാഠങ്ങൾ</u>**

1.ഒരു മുസ്‌ലിം ഭക്ഷണം കഴിക്കുമ്പോൾ തൻറെ മുന്നിൽ നിന്ന് മാത്രമാണ് എടുത്ത് ഭക്ഷിക്കേണ്ടത് . എന്നാൽ ഒന്നിഅ കൂടുതൽ ഇനങ്ങൾ അടങ്ങിയിട്ടുള്ള ഭക്ഷണമാണെങ്കിൽ അവ എടുക്കുന്നതിനു വിരോധമില്ല.

2.ബറകത്ത് കൊണ്ടുള്ള ഉദ്ദേശം സന്തോഷവും സംതൃപ്തിയും ആരോഗ്യവും സമാധാനവും ശാന്തിയുമെല്ലാം ഉൾകൊള്ളുന്ന അല്ലാഹുവിൻറെ കണക്കില്ലാത്ത അനുഗ്രഹങ്ങളാണ്.

### വുദുവിന്റെ രൂപം

15- عَنْ حُمْرَانَ رحمه الله، مَوْلَى عُثْمَانَ بْنِ عَفَّانَ أَنَّهُ رَأَى عُثْمَانَ بْنَ عَفَّانَ رَضِيَ اللَّهُ عَنْهُ دَعَا بِوَضُوْءٍ؛ فَأَفْرَغَ عَلَى يَدَيْهِ مِنْ إِنَائِهِ؛ فَغَسَلَهُمَا ثَلاَثَ مَرَّاتٍ، ثُمَّ أَدْخَلَ يَمِيْنَهُ فِي الْوَضُوْءِ، ثُمَّ تَمَضْمَضَ وَاسْتَنْشَقَ وَاسْتَنْثَرَ، ثُمَّ غَسَلَ وَجْهَهُ ثَلاَثًا، وَيَدَيْهِ إِلَى المِرْفَقَيْنِ ثَلاَثًا، ثُمَّ مَسَحَ بِرَأْسِهِ، ثُمَّ غَسَلَ كُلَّ رِجْلٍ ثَلاَثًا، ثُمَّ قَالَ: رَأَيْتُ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ يَتَوَضَّأُ نَحْوَ وُضُوْئِيْ هَذَا، وَقَالَ: "مَنْ تَوَضَّأَ نَحْوَ وُضُوْئِيْ هَذَا، ثُمَّ صَلَّى رَكْعَتَيْنِ لاَ يُحَدِّثُ فِيْهِمَا نَفْسَهُ، غَفَرَ اللَّهُ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ".

(صحيح البخاري، رقم الحديث 164، واللفظ له، وصحيح مسلم، رقم الحديث 3 - (226)،).

ഉസ്മാനുബ്നു അഫാൻ (റ) ന്റെ ഭൃത്യനായ ഹുംറാൻ (റ) ഇൽ നിന്നും, ഉസ്മാനുബ്നു അഫാൻ (റ) ഒരിക്കൽ ഒരു പാത്രം (വെള്ളം) കൊണ്ടു വരാൻ ആവശ്യപ്പെട്ടത് അദ്ദേഹം(ഹുംറാൻ (റ)) കണ്ടു; എന്നിട്ട് ആ വെള്ളം ഒഴിച്ച് മൂന്ന് പ്രാവശ്യം അദ്ദേഹം തൻറെ രണ്ടു കൈപടങ്ങളും കഴുകി. ശേഷം തൻറെ വലം കൈ പാത്രത്തിൽ ഇട്ട് വെള്ളമെടുത്ത് കുലുക്കുഴിയുകയും മൂക്ക് ചീറ്റി കളയുകയും ചെയ്തു. അനന്തരം മുഖവും

മുട്ടു വരെ രണ്ടു കയ്യും മൂന്നു പ്രാവശ്യം വീതം കഴുകി, ശേഷം തല തടവുകയും ഇരു കാലുകളും മൂന്ന് പ്രാവശ്യം വീതം കഴുകുകയും ചെയ്തു, ശേഷം അദ്ദേഹം പറഞ്ഞു. നബി (സ) ഇങ്ങനെ വുദു ചെയ്ത തായിട്ടാണ് ഞാൻ കണ്ടത്, അനന്തരം തിരുമേനി(സ) അരുളുകയും ചെയ്തിരിക്കുന്നു : ഏതൊരാൾ ഞാൻ ചെയ്ത് കാണിച്ച ഇതേ പ്രകാരം വുളു ചെയ്തു. എന്നിട്ടു രണ്ടു രണ്ടു റക്അത്തു നമസ്ക രിച്ചു. ആ നമസ്കാരത്തിനിടയിൽ തൻറെ മനസ്സിൽ മറ്റു ചിന്തകൾക്കൊന്നും പ്രവേശനം നൽകിയില്ല. എന്നാൽ അവൻ മുമ്പ് ചെയ്ത കുറ്റങ്ങളിൽ നിന്ന് അല്ലാഹു അവന് പൊറുത്തുകൊടുക്കും. (ബുഖാരി 164 മുസ്‌ലിം 3 (226) )

## ഹദീസ് നിവേദകൻ

മദീനയിലെ മികച്ച പണ്ഡിതരിൽ ഒരാളായിരുന്ന ഇദ്ദേഹത്തിന്റെ മുഴുവൻ പേര് ഹുംരാൻ ഇബ്നു അബാൻ അൽ ഫാരിസീ എന്നാണ് . ഉഥ്മാനു ബ്നു അഫ്ഫാൻ (റ) ന്റെ ഭ്രുത്യനായിരുന്നു. പിന്നീട് മോചിപ്പിക്കപ്പെട്ടു. ഹി:75 ൽ മരണപ്പെട്ടു എന്ന് പറയപ്പെടുന്നു.

## ഹദീസിലെ പാഠങ്ങൾ

1.ഈ ഹദീസിൽ നിന്നും വുദുവിന്റെ രൂപം വളരെ വ്യക്തമായി മനസ്സിലാക്കാവുന്നതാണ്. അതിൽ തന്നെ പ്രത്യേകം ശ്രദ്ധിക്കേണ്ടത് തലയും ഇരു ചെവികളും ഒന്നിച്ചാണ് തടവേണ്ടത് എന്നതാണ്.

2.നമസ്കാരവും വുദുവുമൊക്കെ പാപ മോചന ത്തിനുള്ള മാർഗങ്ങളാണ് . അത് കൊണ്ട് തന്നെ യതാർത്ഥ രൂപത്തിൽ വുദു ചെയ്ത് അതിന് ശേഷം രണ്ട് റക്അത്ത് നമസ്കരിക്കേണ്ടതാണ്.

3.വുദുവിനു ശേഷമുള്ള പ്രാർത്ഥന പതിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ജിന്നും മലക്കും തമ്മിലുള്ള വ്യത്യാസം

16- عَـنْ عَائِشَـةَ رَضِـيَ اللهُ عَنْهَـا، قَالَـتْ: قَـالَ رَسُـوْلُ اللهِ صَـلَّى اللَّه عَلَيْـهِ وَسَـلَّمَ: "خُلِقَـتِ المَلاَئِكَـةُ مِـنْ نُـوْرٍ، وَخُلِـقَ الجَانُّ مِنْ مَارِجٍ مِنْ نَارٍ، وَخُلِقَ آدَمُ مِمَّا وُصِفَ لَكُمْ".
(صحيح مسلم، رقم الحديث 60 - (2996)، ).

ആഇഷ (റ) ഇൽ നിന്നും, അവർ പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: മലക്കുകൾ പ്രകാശത്തിൽ നിന്നും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു, ജിന്നുകളാകട്ടെ തീയ്യിന്റെ പുകയില്ലാത്ത ജ്വാലയിൽ നിന്നുമാണ് സൃഷ്ടിക്കപ്പെട്ടത്, മനുഷ്യർ നിങ്ങൾക്ക് വിശേഷിപ്പിക്കപ്പെട്ടതിൽ നിന്നും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. (മുസ്‌ലിം 60 2996)

**ഹദീസ് നിവേദകൻ:**

അബൂബക്കർ (റ) ന്റെ മകളും നബി(സ) ടെ ഭാര്യയുമായ ആഇഷ (റ) ആണ് ഈ ഹദീസ് റിപ്പോർട്ട് ചെയ്തത്. നബി(സ) അവരെ ഹിജ്റക്ക് മുന്നേ വിവാഹം ചെയ്തിരുന്നെ ങ്കിലും അവരുടെ ഒമ്പതാം വയസിൽ മദീനയില് വെച്ചാണ് വീട് കൂടിയത്. നബി(സ) വഫാത് ആകുമ്പോൾ അവർക്ക് 18 വയസ് ആയിരുന്നു പ്രായം. ജനങ്ങൾകിടയിൽ നല്ല അറിവും ജ്ഞാനവും കാഴ്ചപ്പാടുകളും ഉള്ളവരായിരുന്നു മഹതി. നബി(സ) ഇൽ നിന്ന് 2210 ഓളം ഹദീസുകൾ

റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹി 57 ൽ മദീനയിൽ മരണ പ്പെട്ടു.

**<u>ഹദീസിലെ പാഠങ്ങൾ</u>**

1.അദൃശ്യ സൃഷ്ടികളായ ജിന്ന്, മലക്ക് എന്നിവയുടെ സൃഷ്ടിപ്പിലെ വ്യതിരിക്തത ഈ ഹദീസിൽ വ്യക്ത മാക്കുന്നു. മലക്കുകൾ പ്രകാശം കൊണ്ട് സൃഷ്ടിക്കപ്പെ ട്ടപ്പോൾ ജിന്നുകൾ സൃഷ്ടിക്കപ്പെട്ടത് തീയിൽ നിന്നാണ്.

2. ജിന്നുകളും പിശാചുക്കളും കേവലം മിഥ്യാ ധാരണ കളല്ലെന്നും മനുഷ്യനെ പോലെ മരണമൊക്കെയുള്ള അല്ലാഹുവിന്റെ സൃഷ്ടികളാണെന്നും വിശ്വസിക്കൽ അനിവാര്യമാണ്.

3. ഈമാൻ കാര്യങ്ങളിൽ പെട്ടതാണ് പ്രകാശം കൊണ്ട് സൃഷ്ടിക്കപ്പെട്ട രാപ്പകൽ അല്ലാഹുവിനെ പ്രകീർത്തിച്ചു കൊണ്ടിരിക്കുന്ന മലക്കുകളിൽ വിശ്വസിക്കുക എന്നു ള്ളത്, അത്പോലെ തന്നെ മനുഷ്യ പിതാവായ ആദം (അ) കളിമണ്ണിൽ നിന്നുമാണ് സൃഷ്ടിക്കപ്പെട്ടത്.

**ഖുബാ പള്ളിയിലെ നമസ്കാരത്തിന്റെ ശ്രേഷ്ഠത**

17- عَنْ عَبْدِ اللهِ بْنِ عُمَرَ رَضِيَ اللَّهُ عَنْهُمَا، قَالَ: كَانَ رَسُوْلُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَأْتِي مَسْجِدَ قُبَاءٍ رَاكِبًا وَمَاشِيًا؛ فَيُصَلِّيْ فِيْهِ رَكْعَتَيْنِ.

(صحيح مسلم، رقم الحديث 516- (1399)، واللفظ له وصحيح البخاري، رقم الحديث 1194).

അബ്ദുല്ലാഹിബ്നു ഉമർ (റ ) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) വാഹനത്തിലേറിയും നടന്നും ഖുബാ പള്ളിയിൽ വന്നു രണ്ട് റക്അത്ത് നമസ്കരിക്കാറുണ്ടായിരുന്നു. (ബുഖാരി 1194 മുസ്ലിം 516 1399 )

**<u>ഹദീസ് നിവേദകൻ</u>**

***ഹദീസ് നമ്പർ 11 നോക്കുക***

**<u>ഹദീസിലെ പാഠങ്ങൾ</u>**

1.ഖുബാ പള്ളി സന്ദർശനം നടത്തുന്നത് അനുവദനീയമാണെന്ന് ഈ ഹദീസിൽ നിന്നും നമുക്ക് മനസ്സിലാാം, നബി(സ) എല്ലാ ശനിയാഴ്ച കളിലും അവിടം സന്ദർശിച്ചിട്ടുണ്ടെന്ന് മുസ്ലിം 520(1399) നമ്പറായി കൊടുത്ത ഹദീസിൽ കാണാം.

2.ഖുബാ പള്ളിയിൽ നമ്സ്കരിക്കുന്നതിന്റെ ശ്രേഷ്ട തയായി അവിടെ വെച്ച് നമസ്കരിക്കുന്നത് ഉംറക്ക് തുല്ല്യമാണെന്ന നിലക്ക് ഇമാം തുർമുദി (324)യും ഇബ്നുമാജ (1411,1412)യും നസാഈ (699) യും ഉദ്ധരിച്ച ഹദീസുകൾ കാണാം.

## അഗതികളെ പരിഗണിക്കാൻ ഇസ്‌ലാം ആഹ്വാനം ചെയ്യുന്നു

18- عَـنْ مُصْـعَبِ بْـنِ سَـعْدٍ رحمـه الله قَـالَ: رَأَى سَـعْدٌ رَضِـيَ اللَّهُ عَنْـهُ أَنَّ لَـهُ فَضْـلاً عَلَـى مَـنْ دُونَـهُ؛ فَقَـالَ النَّبِـيُّ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ: "هَـلْ تُنْصَـرُوْنَ وَتُرْزَقُـوْنَ إِلاَّ بِضُعَفَائِكُمْ".

(صحيح البخاري، رقم الحديث 2896).

മുസ്അബ് ഇബ്നു സൈദ്(റ) അ നിന്നും; മറ്റു പല രേക്കാളും അനുഗ്രഹിക്കപ്പെട്ടവൻ ആണ് താൻ എന്ന് സഅദ്(റ)ന് തോന്നിയപ്പോൾ നബി(സ) പറഞ്ഞു: നിങ്ങളിലെ ദുർബലർ കാരണത്താലല്ലേ നിങ്ങൾ സ ഹായി ക്കപ്പെടുന്നതും നിങ്ങൾക്ക് ഉപജീവനം നൽകപ്പെടു ന്നതും ?

**ഹദീസ് നിവേദകൻ**

താബിഈ ആയിരുന്ന മുസ്അബ് ബ്നു സഅദ് (റ ) യുടെ മുഴുവൻ പേര് മുസ്അബ് ബ്നു സഅദ് ഇബ്നു അബീ വഖാസ് അസ്സുഹ്‌രീ എന്നാണു. ഹി:103 ഇൽ കൂഫയിൽ വെച്ച് മരണപ്പെട്ടു.

**ഹദീസിലെ പാഠങ്ങൾ**

1.മുസ്ലിംകൾ പരസ്പര ഐക്യത്തോടെയും ബഹുമാന ത്തോടെയും വർത്തിക്കാൻ ഇസ്ലാം പ്രോത്സാ ഹിപ്പിക്കുന്നു.

2.ദരിദ്രരെ സംരക്ഷിക്കൽ ഒരു മസ്ലിമിന്റെ ബാധ്യതയാണ്.

3.ശത്രുക്കൾക്കെതിരെ സഹായവും മറ്റു ദൈവീക അനുഗ്രഹങ്ങളും സമ്പന്നർക്ക് നേടിയെടുക്കാനു മാർഗമാണ് ദരിദ്രർ, അത് കൊണ്ട് തന്നെ അവരെ സഹായിച്ചു കൊണ്ടും അഹങ്കാരം വെടിഞ്ഞു അവരോട് മാന്യമായി ഇടപഴകി കൊണ്ടും അവസ രങ്ങൾ ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

## ഇസ്‌ലാം സ്നേഹ പ്രകടനത്തെ പ്രോത്സാഹിപ്പിക്കുന്നു

19- عَنْ مِقْدَامِ بْنِ مَعْدِيْكَرِبَ رَضِيَ اللهُ عَنْهُ، عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ، قَالَ: "إِذَا أَحَبَّ الرَّجُلُ أَخَاهُ فَلْيُخْبِرْهُ أَنَّهُ يُحِبُّهُ".

(سنن أبي داود، رقم الحديث 5124، واللفظ له، وجامع الترمذي، رقم الحديث 2391، قال الإمام الترمذي عن هذا الحديث بأنه: حسن صحيح غريب، وصححه الألباني).

മിഖ്ദാദ് ഇബ്നു മഅ്ദി കരിബ് (റ ) ഇൽ നിന്നും , നബി(സ) പറഞ്ഞിരിക്കുന്നു: ഒരു മനുഷ്യൻ തന്റെ സഹോദരനെ ഇഷ്ടപ്പെടുന്നുവെങ്കിൽ അവൻ അവനെ ഇഷ്ടപ്പെടുന്നുവെന്ന് അവനെ അറിയിക്കട്ടെ. (അബൂ ദാവൂദ് 5124, തുർമുദി 2391)

**ഹദീസ് നിവേദകൻ**

പ്രസിദ്ധ സ്വഹാബിയായിരുന്ന അബൂ കരീമ മിഖ്ദാമു ഇബ്നു മഅ്ദീകരിബ് ഇബ്നു അംറ് അൽ കിന്ദി ആണ് ഈ ഹദീസ് റിപ്പോർട്ട് ചെയ്തത്. ഹിംസ് പട്ടണത്തിലാണ് താമസിച്ചിരുന്നത്.നബി(സ) യുടെ ദൂതന്മാരിൽ ഒരാളായിരുന്നു. ശാമും ഇറാഖും കീഴടക്കിയ മുസ്ലിം സൈന്യത്തിൽ അംഗമായിരുന്നു. യർമുക് ലും ഖാദിസിയ്യയിലും പങ്കെടുത്തിട്ടുണ്ട്. 42

ഓളം ഹദീസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹി 87 ഇല് തന്റെ 91 ആം വയസിൽ ശാമിൽ മരണമടഞ്ഞു..

**ഹദീസിലെ പാഠങ്ങൾ**

1. ദൈവ മാർഗത്തിൽ ഇഷ്ടപ്പെടാനും സ്നേഹം പ്രകടിപ്പിക്കാനും ഇസ്‌ലാം വിശ്വാസികളോട് ആവശ്യപ്പെടുകയാണ്.

2. അല്ലാഹുവിന്റെ മാർഗത്തിൽ ഇഷ്ടപ്പെടുന്നവർ ആ ഇഷ്ടം പ്രകടിപ്പിക്കാനും ആ വ്യക്തിയെ അറിയിക്കാനും ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നു. അത് വഴി ആ ഇഷ്ടവും സ്നേഹവും കൂടുതൽ ദൃഢമാക്കാൻ സാധിക്കും.

3. ഭൗതികമായ നേട്ടങ്ങൾക്കോ മറ്റു സ്ഥാപിത താത്പര്യങ്ങൾക്ക് വേണ്ടിയോ അല്ല ഒരു മുസ്‌ലിം തൻറെ സഹോദരനെ ഇഷ്ടപ്പെടേണ്ടത് , മറിച്ച് അത് അല്ലാഹുവിനു വേണ്ടിയാകുമ്പോൾ അല്ലാഹുവിന്റെ അടുക്കൽ പദവി ഉയരാനും പരലോകത്ത് അവന്റെ തണൽ ലഭിക്കുന്ന ഏഴു വിഭാഗത്തിൽ ഉൾപ്പെടാനും സാധിക്കും

## ആരോഗ്യവും ഒഴിവ് സമയവുമാകുന്ന അനുഗ്രഹങ്ങൾ നന്മക്ക് ഉപയോഗിക്കുക

20- عَـنْ عَبْـدِ اللهِ بْـنِ عَبَّـاسٍ رَضِـيَ اللهُ عَنْهُمَـا، قَـالَ: قَـالَ النَّبِـيُّ صَـلَّى اللهُ عَلَيْـهِ وَسَـلَّمَ: "نِعْمَتَـانِ مَغْبُـوْنٌ فِيْهِمَـا كَثِيْـرٌ مِـنَ النَّـاسِ: الصِّـحَّةُ وَالْفَـرَاغُ". (صـحيح البخـاري، رقم الحديث 6412).

ഇബ്നു അബ്ബാസ് (റ) ൽ നിന്നും , അദ്ദേഹം പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: ജനങ്ങളിൽ അധിക പേരും അശ്രദ്ധയിലാകുന്ന രണ്ട് അനുഗ്രഹങ്ങളാണ്; ആരോഗ്യവും ഒഴിവ് സമയവും. (ബുഖാരി 6412)

**<u>ഹദീസ് നിവേദകൻ</u>**

***ഹദീസ് നമ്പർ 6 നോക്കുക***

**<u>ഹദീസിലെ പാഠങ്ങൾ</u>**

1.ഒഴിവ് സമയവും ആരോഗ്യവുമാകുന്ന അനുഗ്രഹത്തെ നന്മകൾക്കും അനുവദനീയ സമ്പാദ്യത്തിനും വേണ്ടി ഉപയോഗിക്കാൻ മുസ്‌ലിം തയ്യാറാകേണ്ടതാണ്.

2.അല്ലാഹുവിന്റെ കല്പനകൾ ശിരസാവഹിച്ചു കൊണ്ടും അവന്റെ വിരോധങ്ങളിൽ നിന്ന് അകന്ന് നിന്ന് കൊണ്ടും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് വിശ്വാസി നന്ദി ചെയ്യേണ്ടതാണ്.

3. അശ്രദ്ധ എന്നത് കൊണ്ടുള്ള ഉദ്ദേശം അലസത കാണിച്ചും അർഹിക്കുന്ന ഗൗരവം നല്കാതെയും

അല്ലാഹുവിന്റെ അനുഗ്രഹത്തെ നശിപ്പിച്ചു കളയുക എന്നതാണ്.

### ഇസ്‌ലാം അവകാശ സംരക്ഷണത്തിന്റെ മതം

21- عَنْ مَعْقِلَ بْنَ يَسَارٍ رَضِيَ اللَّهُ عَنْهُ، قَالَ: سَمِعْتُ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُوْلُ: "مَا مِنْ عَبْدٍ اسْتَرْعَاهُ اللَّهُ رَعِيَّةً؛ فَلَمْ يَحُطْهَا بِنَصِيحَةٍ إِلاَّ لَمْ يَجِدْ رَائِحَةَ الْجَنَّةِ".

(صحيح البخاري، رقم الحديث7150، واللفظ له، وصحيح مسلم، رقم الحديث 227 - (142)).

മഅ്ഖൽ ഇബ്നു യസാർ (റ)അ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: ആർകെങ്കിലും അല്ലാഹു അധികാരം നൽകിയിട്ട് അവൻ അതിനെ ഗുണകാംക്ഷയോടെ സമീപിക്കുന്നില്ല എങ്കിൽ അവന് സ്വർഗ്ഗത്തിന്റെ പരിമളം പോലും ലഭിക്കയില്ല. (ബുഖാരി, മുസ്‌ലിം )

**<u>ഹദീസ് നിവേദകൻ</u>**

ശാമിൽ നിന്നും നബി(സ) ലേക്ക് വന്ന പ്രതിനിധി സംഘത്തിലെ അംഗമായിരുന്ന മഅ്ഖൽ ഇബ്നു യസാർ അൽ മുസ്നി (റ) ആണ് ഈ ഹദീസ് ഉദ്ദരിച്ചത്. ഹുദൈബിയ സന്ധിക്ക് മുമ്പായി ഇസ്‌ലാം സ്വീകരിച്ചു. ബയ്അത്ത് രിദ്വാനിൽ പങ്കെടുത്തിട്ടുണ്ട്. തദവസരത്തിൽ മരത്തിന്റെ കൊമ്പ് നബി(സ)

യുടെ മുഖത്തെ തൊട്ട് ഉയർത്തിപ്പിടിച്ചത് അദ്ദേഹ മായിരുന്നു. നബി(സ) യിൽ നിന്ന് 34 ഹദീസുകൾ അദ്ദേഹം റിപ്പോർട്ട് ചെയ്തിട്ടുണ്ട് . നബി(സ) യുടെ വിയോഗത്തിനു ശേഷം അബൂബക്കർ (റ) ന്റെ കാലത്ത് മതത്തിൽ നിന്ന് പുറത്ത് പോയവരു മായുള്ള പോരാട്ടത്തിൽ പങ്കെടുത്തിട്ടുണ്ട്. പേർഷ്യാ വിമോചന പോരാട്ടത്തിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഉമർ(റ) ബസറ യുടെ നേതൃത്വം ഏല്പിച്ചിട്ടുണ്ട്. ഉമർ(റ) ന്റെ കൽപന പ്രകാരം അവിടെ ഒരു നദി നിർമിച്ചിട്ടുണ്ട് . ബസറയിൽ സ്ഥിര താമസമാക്കിയ അദ്ദേഹം ഹി:65 ൽ മരണപ്പെട്ടു. ഹി: 60 ൽ ആണെന്നും മറ്റും അഭിപ്രായമുണ്ട്.

**<u>ഹദീസിലെ പാഠങ്ങൾ</u>**

1.രാഷ്ട്രത്തിന്റേയോ മറ്റ് അധികാര സ്ഥാപനങ്ങളുടെ യോ മേലധികാരികളുടെ ഭാഗത്ത് നിന്നുള്ള ചതിയേ യും വഞ്ചനയേയും ഈ ഹദീസ് ശക്തമായി താക്കീത് ചെയ്യുന്നു. അത്തരം ദുഷ്പ്രവണതകൾ അത്തരക്കാ ർക്ക് സ്വർഗം നിഷിദ്ധമാകാനും വേദനയേറിയ നരക ശിക്ഷ അനിവാര്യമാകാനും ഇടയാക്കും.

2.ഈ ഹദീസ് ഭാവിയിൽ നേരിടേണ്ടി വരുന്ന കാര്യങ്ങളെ കുറിച്ചാണ് പരാമർശിക്കുന്നത്. അത് കൊണ്ട് തന്നെ ശിർക്കല്ലാത്ത പാപങ്ങൾ അല്ലാഹു അവനുദ്ദേശിക്കുന്നവർക്ക് പൊറുത്തു കൊടുക്കും

എന്നു പ്രമാണങ്ങൾ വ്യക്തമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരക്കാർക്കും അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം ശിക്ഷയിൽ ഇളവ് ലഭിച്ചേക്കാം.

3.ഇസ്‌ലാം വ്യക്തി പരവും സാമൂഹികവുമായ അവകാശ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന മതമാണ്.

### പിതാവിന് പുത്രന്റെ സ്വത്ത് ആവശ്യാനുസരണം ഉപയോഗിക്കാവുന്നതാണ്

22- عَـــنْ جَـــابِرِ بْـــنِ عَبْـــدِ اللَّهِ رَضِـــيَ اللَّهُ عَنْهُمَـــا، أَنَّ رَجُـــلاً قَـــالَ: يـــاَ رَسُـــوْلَ اللهِ! إن لِـــيْ مَـــالاً وَوَلَـــداً، وَإِنَّ أَبِـــيْ يُرِيْـــدُ أَنْ يَجْتَـــاحَ مَـــالِي؛ فَقَـــالَ: "أَنْـــتَ وَمَالُـــكَ لِأَبِيْكَ".

(ســـنن ابـــن ماجـــه، رقـــم الحـــديث 2291، وصـــححه الألباني).

ജാബിറു ബ്നു അബ്ദില്ലാ (റ) ൽ നിന്നും, ഒരാൾ നബി(സ) യോട് പറഞ്ഞു; 'അല്ലാഹുവിന്റെ ദൂതരേ, എനിക്ക് മക്കളും സ്വത്തുമുണ്ട്. എന്നാൽ എന്റെ പിതാവ് എന്റെ സ്വത്തിൽ നിന്ന് അവശ്യപൂർത്തീക രണത്തിന് ഉദ്ദേശിക്കുകയും ചെയ്യുന്നു' . അപ്പോൾ നബി(സ) പറഞ്ഞു; 'നീയും നിന്റെ സമ്പത്തും നിന്റെ പിതാവിനുള്ളതാണ്' (ഇബ്നു മാജ 2291)

**<u>ഹദീസ് നിവേദകൻ:</u>**

പ്രസിദ്ധ സ്വഹാബി ആയിരുന്ന ജാബിർ ഇബ്നു അബ്ദുല്ലാഹ് അൽ അന്സ്വാരി ആണ് ഈ ഹദീസ് റിപ്പോർട്ട് ചെയ്തത്. അഖബ ഉടമ്പടി യുടെ രാത്രി യിൽ അദ്ദേഹ ത്തിന്റെ പിതാവ് നബി (സ)യുമായി ഉട മ്പടി ചെയ്തിട്ടുണ്ട്. ജാബിർ ഇബ്നു അബ്ദുല്ലാഹ്(റ) ബൈഅത് രിള്വാനിലാണ് നബി(സ) യുമായി ഉടമ്പ

ടി ചെയ്തത്. ധാരാളമായി ഹദീസ് റിപ്പോർട്ട് ചെയ്ത വരിൽ ഒരാളായ ഇദ്ദേഹത്തിൽ നിന്നും 1540 ഹദീസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഹി 73 ൽ മരണപ്പെട്ടു.

**ഹദീസിലെ പാഠങ്ങൾ**

1.പുത്രന്റെ സ്വത്തിൽ നിന്നും പിതാവ് ഭക്ഷി ക്കുന്നത് അനുവദനീയമാണ്, എന്നാൽ സ്വത്തി ന്റെ ക്രയവിക്രയാധികാരവും അതിന്റെ പൂർണ്ണ ഉത്തര വാദിത്തവും പുത്രനിൽ നിക്ഷിപ്തമായി രിക്കും. അതിന്റെ അനന്തരാവകാശവും സകാ ത്തും പുത്രന്റെ മേലായിരിക്കും.

2.മകന് ആവശ്യമുണ്ടായിരിക്കെ പിതാവ് ആ സ്വത്ത് എടുക്കുന്നത് മകന് ദ്രോഹമുണ്ടാക്കു മെങ്കിലോ അത് പോലെ പ്രത്യേക സാഹചര്യ ത്തിലല്ലാതെ ഒരു മകന്റെ സ്വത്ത് എടുത്ത് മ റ്റൊരു പുത്രന് കൊടുക്കാനാണെങ്കിലൊ അത് എടുക്കാവതല്ല. അനന്തരാവകാശവുമായി ബന്ധ പ്പെട്ട സൂ.നിസാഇലെ 11 ആം ആയത്തിൽ നി ന്നും പുത്രന്റെ സ്വത്തിന്റെ അവകാശി അവൻ തന്നെയാണെന്നും മാതാ പിതാക്കൾക്ക് നിശ്ചിത അനന്തരവകാശത്തിൽ മാത്രമാണ് അവകാശം ഉള്ളതെന്നും മനസ്സിലാക്കാം. അപ്പോൾ ഈ ഹദീ സ് കൊണ്ടുള്ള ഉദ്ദേശം പിതാവിന് മകന്റെ സ്വ

ത്തിൽ നിന്നും മകന് ഉപദ്രവമുണ്ടാക്കാത്ത രൂപ ത്തിൽ അവശ്യ പൂർത്തീകരണം നടത്താമെ ന്നാണ്.

3.ഈ ഹദീസിൽ 'നിന്റെ പിതാവിനുള്ളതാണ് എന്ന പരാമർശത്തിന്റെ പൊരുൾ പൂർണമായ അധികാരം അല്ല, മറിച്ച് അവശ്യ സമയങ്ങളിൽ പിതാവിന് മകന്റെ സ്വത്തിൽ നിന്നും മകന് ഉപദ്രവമുണ്ടാക്കാത്ത രൂപത്തിൽ അവശ്യ പൂർ ത്തീകരണം നടത്തൽ അനുവദനീയമാണ് എന്നതാണ്.

**ഊരക്ക് കൈ കൊടുത്ത് നമസ്കരിക്കൽ**

23- عَنْ أَبِـيْ هُرَيْـرَةَ رَضِـيَ اللَّهُ عَنْـهُ، قَـالَ: "نَهَـى النَّبِـيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ أَنْ يُصَلِّيَ الرَّجُلُ مُخْتَصِرًا".
(صحيح البخاري، رقم الحديث 1220، واللفظ له، وصحيح مسلم، رقم الحديث 46 - (545)،).

അബൂ ഹുറയ്റ (റ) അ നിന്നും,അദ്ദേഹം പറഞ്ഞു; ഊരക്ക് കൈ കൊടുത്ത് നമസ്കരിക്കുന്നതിനെ നബി (സ) വിലക്കിയിരിക്കുന്നു. (ബുഖാരി, മുസ്‌ലിം )

**<u>ഹദീസ് നിവേദകൻ</u>**

***ഹദീസ് നമ്പർ ١ നോക്കുക***

**<u>ഹദീസിലെ പാഠങ്ങൾ</u>**

1. ഊരക്ക് കൈ കൊടുക്കുന്നതും അത് പോലുള്ളതും ഈ പരാമർശത്തിന്റെ പരിധിയിൽ വരുന്നു.

2.നമസ്കാരത്തെ ഏറ്റവും നല്ല രീതിയിൽ സമീപിക്കൽ മുസ്ലിമിന് അനിവാര്യമാണ്.

3.ഊരക്ക് കൈ കൊടുത്ത് കൊണ്ട് നമസ്കരിക്കുന്നത് അനുവദനീയമല്ലെന്ന് ഈ ഹദീസിൽ നിന്നും വ്യക്തമാണ്.

### നിന്ന് കൊണ്ട് ഭക്ഷണ പാനീയങ്ങൾ കഴിക്കുന്നതിനുള്ള അനുവാദം

24- عَـــنْ عَبْـــدِ اللهِ بْـــنِ عُمَـــرَ رَضِـــيَ اللَّهُ عَنْهُمَـــا، قَـــالَ: كُنَّـــا نَأْكُـــلُ عَلَـــى عَهْـــدِ رَسُـــوْلِ اللَّهِ صَـــلَّى اللَّهُ عَلَيْهِ وَسَلَّمَ وَنَحْنُ نَمْشِي، وَنَشْرَبُ وَنَحْنُ قِيَامٌ.

(جــامع الترمــذي، رقــم الحــديث 1880، واللفــظ لــه، وسـنن ابـن ماجـه، رقـم الحـديث 3301، وقـال الإمـام الترمـذي عـن هـذا الحـديث بأنـه: حسـن صـحيح غريـب، وصححه الألباني).

അബ്ദുല്ലാഹിബ്നു ഉമർ(റ) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു;ഞങ്ങൾ നബി(സ)യുടെ കാലത്ത് നടന്നു കൊണ്ട് ഭക്ഷണം കഴിക്കാറും നിന്ന് കൊണ്ട് വെള്ളം കുടി ക്കാറുമുണ്ടായിരുന്നു. (തുർമുദി 1880, ഇബ്നു മാജ 3301)

<u>**ഹദീസ് നിവേദകൻ**</u>

**ഹദീസ് നമ്പർ 11 നോക്കുക**

**ഹദീസിലെ പാഠങ്ങൾ**

1.നിന്ന് കൊണ്ട് ഭക്ഷണ പാനീയങ്ങൾ കഴിക്കുന്നത് അനുവദനീയമാണ്.

2.നിന്ന് കൊണ്ട് വെള്ളം കുടിക്കുന്നതുമായി ബന്ധപ്പെട്ട വിരോധം അത് ചിലപ്പോൾ വെള്ളം വിതരണം ചെയ്യുന്നവന് മാത്രം ഭാധകമായതാകാം, കാരണം ജനങ്ങളെ കുടിപ്പിക്കുന്നവൻ അവസാനമാണ് കുടിക്കേണ്ടത് എന്ന ആശയത്തിലുള്ള തിരുവചനം ഉള്ളപ്പോൾ പാന വിതരണത്തിനിടയിൽ നിന്ന് കൊണ്ട് കുടിക്കേണ്ട ആവശ്യം ആ മനുഷ്യന് ഇല്ല.

**സൂ. ഇഖ്ലാസിന്റെ ശ്രേഷ്ഠത**

25- عَنْ أَبِيْ الدَّرْدَاءِ رَضِيَ اللهُ عَنْهُ، عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ، قَالَ: "أَيَعْجِزُ أَحَدُكُمْ أَنْ يَقْرَأَ فِيْ لَيْلَةٍ ثُلُثَ الْقُرْآنِ؟ قَالُوْا: وَكَيْفَ يَقْرَأُ ثُلُثَ الْقُرْآنِ؟ قَالَ: "(قُلْ هُوَ اللَّهُ أَحَدٌ) تَعْدِلُ ثُلُثَ الْقُرْآنِ".

(صحيح مسلم، رقم الحديث 259- (811)، ).

അബൂ ദർദാഅ്(റ)ൽ നിന്നും , നബി(സ) ഇൽ നിന്നും, അദ്ദേഹം(നബി(സ)) പറഞ്ഞിരിക്കുന്നു : നിങ്ങൾ ഒരു രാത്രി ഖുർആനിന്റെ മൂന്നിലൊന്ന് പാരായണം ചെയ്യാൻ അശക്തരാണോ? അവർ (സ്വഹാബത്ത്) പറഞ്ഞു: ' ഞങ്ങൾ എങ്ങനെ ഖുർആനിന്റെ മൂന്നിലൊന്ന് പാരായണം ചെയ്യും? ' അവിടുന്ന് പറഞ്ഞു: ഖുൽഹുവല്ലാഹു അഹദ് (സൂ.ഇഖ്ലാസ്) ഖുർആനിന്റെ മൂന്നിലൊന്നിന് തുല്ല്യമാണ്.' (മുസ്ലിം 259 811)

**<u>ഹദീസ് നിവേദകൻ:</u>**

അബൂ ദർദാഅ് എന്ന പേരിൽ അറിയ പ്പെടുന്ന അദ്ദേഹത്തിന്റെ യഥാർത്ഥ പേര് ഉവൈമിർ ഇബ്നു സൈദ് ഇബ്നു ഖൈസ് അൽ അൻസാരീ അൽ ഖസ്റജീ എന്നാണ്. ബദർ യുദ്ധ ദിവസമാണ് ഇസ്ലാം സ്വീകരിച്ചത്. ബൗദ്ദികമായി അറിയപ്പെട്ട അദ്ദേഹം ഡമസ്കസിലെ ന്യായാധിപനും ഖുർആൻ പാരായകരിൽ പ്രധാനിയുമായിരുന്നു. നബി (സ) യുടെ കാല

ത്ത് ഖുർആൻ മനപ്പാഠമാക്കാനും എഴുതി വെക്കാനും മുന്നിട്ട് വന്നവരിൽ പ്രധാനിയായിരുന്നു അദ്ദേഹം. 179 ഹദീസുകൾ റിപ്പോർട്ട് ചെയ്ത അദ്ദേഹം തന്റെ 72 ആം വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു.

**<u>ഹദീസിലെ പാഠങ്ങൾ</u>**

1. സൂ. ഇഖ്‌ലാസിന്റെ മഹത്തായ ശ്രേഷ്ഠത ഈ ഹദീസിൽ നിന്നും വ്യക്തമാണ്. ഈ സൂറത്ത് പാരായണം ചെയ്യുന്നതിന്റെ പ്രതിഫലം ഖുർആനിന്റെ മൂന്നിലൊന്ന് പാരായണം ചെയ്യുന്നതിന് തുല്യമാണ്.

2. ഈ സൂറത്തും വിശുദ്ധ ഖുർആനിലെ മറ്റു സൂറത്തുകളും പാരായണം ചെയ്യുന്നതിന് വിശ്വാസി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ് . അത് മൂലം ഇഹലോകത്തും പരലോകത്തും സമാധാനവും സന്തോഷവും നേടിയെടുക്കാൻ സാധിക്കും.

വിവാഹിതരാവാനുള്ള പ്രേരണ

26- عَنْ عَبْدِ اللهِ رَضِيَ اللهُ عَنْهُ، قَالَ: لَنَا رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: "يَا مَعْشَرَ الشَّبَابِ! مَنِ اسْتَطَاعَ منكُم الْبَاءَةَ؛ فَلْيَتَزَوَّجْ؛ فَإِنَّهُ أَغَضُ لِلْبَصَرِ، وَأَحْصَنُ لِلْفَرْجِ، وَمَنْ لَمْ يَسْتَطِعْ؛ فَعَلَيْهِ بِالصَّوَمِ؛ فَإِنَّهُ لَهُ وِجَاءٌ".

(صحيح مسلم، رقم الحديث 3 - (1400)، واللفظ له، وصحيح البخاري، رقم الحديث 5066).

അബ്ദുല്ലാ (റ) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി (സ) ഞങ്ങളോടായി പറഞ്ഞിരിക്കുന്നു: ഓ, യുവാക്കളുടെ സമൂഹമേ... നിങ്ങളിൽ കഴിവുള്ളവർ (വിവാഹത്തിനു) വിവാഹിതാരാകട്ടെ, തീർചയായും അത് കണ്ണിനു മറയാണ്, ഗുഹ്യാവയവങ്ങൾക്ക് പരിചയുമാണ്. ഇനി ആർക്കെങ്കിലും (വിവാഹത്തിനു) കഴിവില്ലെങ്കിൽ അവൻ നോമ്പ് അനുഷ്ഠിച്ചു കൊള്ളട്ടെ , തീർച്ചയായും അത് (ദേഹേച്ഛകളോടുള്ള) പരിചയാണ്. (ബുഖാരി : 5066, മുസ്‌ലിം 31400 )

**ഹദീസ് നിവേദകൻ**

## ഹദീസ് നമ്പർ 2 നോക്കുക

**ഹദീസിലെ പാഠങ്ങൾ**

1.വിവാഹത്തിനു ശേഷിയുള്ള, അഥവാ ശാരീരികമായും മറ്റും കഴിവുള്ളവരോട് ഇസ്ലാം വിവാഹം കഴിക്കാൻ കല്പിക്കുകയും അതിനു പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. വിവാഹത്തിനു സാധിക്കാത്തവർ തെറ്റ് കുറ്റങ്ങളിലേക്ക് പോകാതിരിക്കാൻ വേണ്ടി ലൈംഗിക വികാരത്തെയും തെറ്റായ ചിന്തകളെയും പ്രതിരോധിക്കുന്ന നോമ്പെന്ന പരിച സ്വീകരിക്കാനും ഇസ്ലാം ആവശ്യപ്പെടുന്നു. എന്നാൽ ലൈംഗിക ശേഷി ഇല്ലാത്തവർക്ക് നോമ്പ് ആവശ്യമില്ലെന്നാണ് പണ്ഡിതാഭിപ്രായം.

2.കഴിവുള്ള യുവാക്കളോട് വിവാഹം കഴിക്കാനുള്ള വളരെ ശക്തമായ പ്രേരണ ഈ ഹദീസിൽ ഉൾകൊള്ളുന്നു.

3.കണ്ണിനെയും ഗുഹ്യാവയവത്തെയും തിന്മകളിൽ നിന്ന് തടയുന്നതിൽ വിവാഹത്തിനു ചെറുതല്ലാത്ത പങ്കുണ്ടെന്നത് അനിഷേധ്യമാണ്.

## മുഹമ്മദ് നബി(സ) യുടെ സവിശേഷതകൾ

27-عَنْ جَابِرِ بْنِ عَبْدِ اللهِ رَضِيَ اللَّهُ عَنْهُمَا، قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: "أُعْطِيتُ خَمْسًا لَمْ يُعْطَهُنَّ أَحَدٌ مِنَ الْأَنْبِيَاءِ قَبْلِيْ: نُصِرْتُ بِالرُّعْبِ مَسِيرَةَ شَهْرٍ، وَجُعِلَتْ لِيَ الْأَرْضُ مَسْجِدًا وَطَهُوْرًا، وَأَيُّمَا رَجُلٍ مِنْ أُمَّتِي أَدْرَكَتْهُ الصَّلَاةُ؛ فَلْيُصَلِّ، وَأُحِلَّتْ لِيَ الْغَنَائِمُ، وَكَانَ النَّبِيُّ يُبْعَثُ إِلَى قَوْمِهِ خَاصَّةً، وَبُعِثْتُ إِلَى النَّاسِ كَافَّةً، وَأُعْطِيْتُ الشَّفَاعَةَ".

(صحيح البخاري، رقم الحديث 438، واللفظ له، وصحيح مسلم، رقم الحديث 3 - (521)،).

ജാബിർ ഇബ്നു അബ്ദില്ലാ (റ) ൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: അഞ്ച് കാര്യങ്ങൾ എനിക്ക് നൽകപ്പെട്ടു, എനിക്ക് മുമ്പ് മറ്റൊരു പ്രവാചകനും അത് നല്കപ്പെട്ടിട്ടില്ല. : ഒരു മാസക്കാലത്തെ വഴിദൂരം നീണ്ടു നിൽക്കുന്ന ഭയം കൊണ്ട് ഞാൻ സഹായിക്കപ്പെട്ടു, ഭൂമിയെ എനിക്ക് ശുദ്ധിക്കുള്ളതും പള്ളിയുമായി നൽകപ്പെട്ടു; എന്റെ സമൂഹത്തിൽ ആർക്ക് നമസ്കാര സമയമായാലും അവൻ നമസ്കരിക്കട്ടെ, ഗനീമത്ത് സ്വത്ത് (യുദ്ധാനന്തര സ്വത്ത്) എനിക്ക് അനുവദിക്കപ്പെട്ടു , എല്ലാ പ്രവാചകന്മാരും അവരുടെ സമൂഹത്തിലേക്ക് മാത്രമായാണ് നിയോഗിക്കപ്പെട്ടത് എന്നാൽ ഞാൻ

മുഴുവൻ ജനങ്ങളിലേക്കുമായാണ് നിയോഗിക്കപ്പെട്ടത്, എനിക്ക് ശഫാഅത്ത് നൽകപ്പെട്ടു. (ബുഖാരി, മുസ്‌ലിം )

**ഹദീസ് നിവേദകൻ**

***ഹദീസ് നമ്പർ 22 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

**1.**ഒരു മാസക്കാലത്തെ വഴിദൂരം നീണ്ടു നിൽക്കുന്ന ഭയം എന്നത് കൊണ്ടുള്ള ഉദ്ദേശം നബി(സ) യുടെ ശത്രുക്കൾക്ക് നബി(സ) അവരിലേക്ക് എത്തുന്നതിനും ഒരു മാസത്തെ വഴിദൂരം മുമ്പ് തന്നെ അവിടുത്തെ കുറിച്ച് അല്ലാഹു അവരുടെ മനസ്സിൽ ഭയം ഇട്ടു കൊടുത്തിരുന്നു എന്നതാണ് .

**2.**നബി(സ)യുടെ സമൂഹത്തിനു ഭൂമിയെ നമസ്കാര സ്ഥലമായും ശുദ്ധിയാക്കാൻ, അഥവാ തയമ്മും എന്ന സംവിധാനവും അല്ലാഹു ഒരുക്കി. അത് കൊണ്ട് തന്നെ ഒരു മുസ്‌ലിമിന് എവിടെയായാലും നമസ്കാരം ഒഴിവാക്കേണ്ടി വരുന്നില്ല.

**3.**ഓരോ പ്രവാചകന്മാരും അവരുടെ സമൂഹത്തിലേക്ക് മാത്രമായാണ് നിയോഗിക്കപ്പെട്ടത്, എന്നാൽ നബി(സ) ക്ക് ശേഷം ഒരു പ്രവാചകൻ വരാനില്ല. നബി(സ)യുടെ കാലത്ത് ജീവിച്ചതും ശേഷം വരാനിരിക്കുന്നതുമായ മുഴുവൻ ജനങ്ങളിലേക്കുമായാണ് നബി(സ) നിയോഗിക്കപ്പെട്ടത്.

**4.**മഹ്ശറയിൽ ജനങ്ങൾ ഒരുമിച്ച് കൂട്ടപ്പെടുന്ന സന്ദർഭത്തിൽ ജനങ്ങളെ വിചാരണക്കെടുക്കാനും വിചാരണക്ക് ശേഷം സ്വർഗത്തിലേക്ക് ആക്കാനും അല്ലാഹുവിങ്കൽ ശുപാർശ നടത്താൻ വേണ്ടി നബി(സ)ക്ക് മാത്രമായി പ്രത്യേകം നൽകപ്പെട്ട അവസരമാണ് ശഫാഅത്ത് കൊണ്ട് ഉദ്ദേശിക്കുന്നത്.

**സ്വർഗ്ഗത്തിലെ വിശേഷങ്ങൾ**

28- عَنْ أَبِيْ مُوْسَى الْأَشْعَرِيِّ عَبْدِ اللهِ بْنِ قَيْسٍ رَضِيَ اللهُ عَنْهُ، أَنَّ رَسُوْلَ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ، قَالَ: "إِنَّ فِي الْجَنَّةِ خَيْمَةً مِنْ لُؤْلُؤَةٍ مُجَوَّفَةٍ، عَرْضُهَا سِتُّونَ مِيْلاً، فِيْ كُلِّ زَاوِيَةٍ مِنْهَا أَهْلٌ، مَا يَرَوْنَ الْآخَرِيْنَ، يَطُوْفُ عَلَيْهِمُ الْمُؤْمِنُ".

(صحيح مسلم، رقم الحديث 24 - (2838)، واللفظ له، وصحيح البخاري، رقم الحديث 4879).

അബൂ മൂസൽ അശ്അരി (റ) ഇൽ നിന്നും, നബി(സ) പറഞ്ഞിരിക്കുന്നു : സ്വർഗത്തിൽ ഉള്ള് പൊള്ളയായ (വലിയ) മുത്ത് കൊണ്ടുള്ള കൂടാരം ഉണ്ട്. അതിന്റെ വ്യാപ്തി അറുപത് മൈൽ ആണ്. അതിൽ ഓരോ മൂലയിലും ഓരോ കുടുംബം (സ്വർഗ്ഗീയ സ്ത്രീകൾ) ഉണ്ടാകും, അവർ പരസ്പരം കാണുകയില്ല, സത്യ വിശ്വാസി അവർക്കിടയിൽ സന്ദർശിച്ചു കൊണ്ടിരിക്കും. (മുസ്‌ലിം ബുഖാരി)

**<u>ഹദീസ് നിവേദകൻ:</u>**

അബൂ മൂസ അബ്ദുല്ലാഹിബ്നു ഖൈസ് ഇബ്നു സുലൈം അൽ അശ്അരീ അൽ യമാനീ എന്നാണ് മുഴുവൻ പേര്. മക്കയിൽ വന്നു ഇസ്‌ലാം സ്വീകരിച്ച് യമനിലേക്ക് തന്നെ തിരിച്ചു പോയി. അവിടെ നിന്ന്

അബ്സീനിയയിലേക്കും. ഖൈബർ വിജയത്തിനു ശേഷം മദീനയിലേക്ക് കടന്നു വരികയും അല്ലാഹുവിന്റെ മാർഗത്തിൽ ധർമ സമരത്തിലേർപ്പെടുകയും ചെയ്തു. സ്വഹാബികളിൽ നല്ല ശബ്ദ മാധുര്യമുള്ള വ്യക്തിയായിരുന്നു. ആരാധനയിൽ മുഴുകുന്നവനും ജ്ഞാനിയും ഭൗതിക വിരക്തനുമായിരുന്നു. ഹി:44 ൽ കൂഫയിൽ മരണപ്പെട്ടു. വേറെയും അഭിപ്രായങ്ങൾ ഉണ്ട്.

**<u>ഹദീസിലെ പാഠങ്ങൾ</u>**

1.അല്ലാഹു തന്റെ സദ്വൃത്തരായ ദാസന്മാർക്ക് വേണ്ടി മരണാനന്തര ജീവിതത്തിൽ ഒരുക്കി വെച്ച ഭവനമാണ് സ്വർഗം. ധാരാളം അനുഗ്രഹങ്ങളുടെ കേദാര ഭൂമിയായ സ്വർഗ്ഗത്തിലും അതിന്റെ അനുഗ്രഹങ്ങളിലും വിശ്വസിക്കലും അതിനു വേണ്ടി പ്രവർത്തിലും വിശ്വാസിക്ക് അനിവാര്യമാണ്.

2.യഥാർത്ഥ വിശ്വാസവും അതനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ് സ്വർഗ്ഗപ്രേവശനത്തിന് ഹേതുവാകുന്നത്.

### ഉളുഹിയ്യത്ത് , ഹദ്‌യ് എന്നിവയിൽ ഓഹരി കൂടുന്നത്

29- عَـنْ جَـابِرِ بْـنِ عَبْـدِ اللَّهِ رَضِـيَ اللَّهُ عَنْهُمَـا، أَنَّ النَّبِـيَّ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ قَـالَ: "الْبَقَـرَةُ عَـنْ سَـبْعَةٍ، وَالْجَـزُوْرُ عَنْ سَبْعَةٍ".

(سـنن أبـي داود، رقـم الحـديث 2808، وصـححه الألباني).

ജാബിർ ഇബ്നു അബ്ദുല്ലാ (റ) ൽ നിന്നും, നബി(സ) പറഞ്ഞിരിക്കുന്നു: പശു, ഒട്ടകം എന്നിവയുടെ അറവിൽ ഏഴ് പേർക്ക് വരെ ഓഹരി കൂടാം. (അബൂ ദാവൂദ് 2808)

**<u>ഹദീസ് നിവേദകൻ</u>**

***ഹദീസ് നമ്പർ 22 നോക്കുക***

**<u>ഹദീസിലെ പാഠങ്ങൾ</u>**

1.ഒട്ടകത്തിന്റെ വിശയത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. പത്ത് പേർക്ക് വരെ ഓഹരി കൂടാം എന്ന് പറഞ്ഞവരും അതല്ല ഏഴ് പേർക് മാത്രമേ പങ്ക് ചേരാവൂ എന്ന് പറഞ്ഞവരും ഉണ്ട്.

2.പത്ത് പേർക്ക് വരെ ഓഹരി കൂടാം എന്ന് പറഞ്ഞ പണ്ഡിതന്മാർ സ്വീകരിക്കുന്ന തെളിവ് നബി(സ) യുടെ കാലത്ത് ഞങ്ങൾ ഉദുഹിയ്യത്തിൽ പശുവിൽ ഏഴ്

പേരും ഒട്ടകത്തിൽ പത്ത് പേരും പങ്ക് ചേർന്നു എന്ന ഇബ്നു അബ്ബാസ് (റ) ന്റെ ഹദീസ് ആണ്.

3.ഒട്ടകത്തിലും മാടിലും ഏഴ് പേർക്ക് വരെ ഓഹരി കൂടാം എങ്കിലും ആടിന്റെ കാര്യത്തിൽ ഇത് ബാധകമല്ല, ആട് ഒരാൾ ഒന്ന് എന്ന തോതിൽ തന്നെയാണ് ബലി അറുക്കേണ്ടത്, എന്നാൽ ഒട്ടകത്തിലും മാടിലും ഏഴിൽ കുറവ് ആളുകൾ പങ്ക് ചേരുന്നതിനു വിരോധമില്ല.

**നരകാവകാശികളുടെ ശിക്ഷകളിലെ ഏറ്റ വ്യത്യാസം**

30- عَنْ سَمُرَةَ رَضِيَ اللهُ عَنْهُ أَنَّهُ سَمِعَ نَبِيَّ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَقُولُ: "إِنَّ مِنْهُمْ مَنْ تَأْخُذُهُ النَّارُ إِلَى كَعْبَيْهِ، وَمِنْهُمْ مَنْ تَأْخُذُهُ إِلَى حُجْزَتِهِ، وَمِنْهُمْ مَنْ تَأْخُذُهُ إِلَى عُنُقِهِ".

(صحيح مسلم، رقم الحديث 32 - (2845)، ).

സമുറത്ത് (റ) ൽ നിന്നും, നബി(സ) പറയുന്നതായി അദ്ദേഹം കേട്ടിരിക്കുന്നു: നരകത്തിന്റെ അഗ്നി ചില രുടെ നെരിയാണി വരെ എത്തും, മറ്റു ചിലരുടെ അര ക്കെട്ട് വരെയും മറ്റു ചിലരുടെ കഴുത്ത് വരെയും എത്തുന്നതാണ്.

**<u>ഹദീസ് നിവേദകൻ</u>**

പ്രമുഖ സ്വഹാബി സമുറത്ത് ഇബ്നു ജുന്ദുബ് അൽ ഫസാരീ (റ) ആണ് ഈ ഹദീസ് റിപ്പോർട്ട് ചെയ്തത്. കുട്ടിയായിരിക്കുമ്പോൾ തന്നെ നബി(സ) യെ കണ്ടു മുട്ടി . പിതാവിന്റെ മരണ ശേഷം ഉമ്മയുടെ ഭർത്താ വിന്റെ അടുക്കൽ അനാഥത്വത്തിലാണ് വളർന്നത് . നബി (സ)യോടൊപ്പം ധാരാളം യുദ്ധങ്ങളിൽ പങ്കെടുത്തി ട്ടുണ്ട്. നബി(സ) യിൽ നിന്നും 100 ഹദീസുകൾ റിപ്പോർട്ട് ചെയ്ത ഇദ്ദേഹം അങ്ങേയറ്റത്തെ വിട്ടു വീഴ്ച്ചാ മനോഭാവത്തിലും ധീരതയിലും പേരുകേട്ട വ്യക്തിയായിരുന്നു . ഒരേ സമയം കൂഫയുടെയും ബസറയുടെയും ഭരണാധികാരിയായിരുന്ന അദ്ദേഹം

ആറ് മാസം വീതം ഇരു സ്ഥലങ്ങളിലും മാറി മാറി താമസിച്ചിരുന്നു. ഖവാരിജുകൾക്കെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചിരുന്ന സമുറത്ത് ഇബ്നു ജുന്ദുബ് അൽ ഫസാരീ (റ) ഹി: 58 ൽ തിളച്ച വെള്ള ത്തിൽ വീണ് പൊള്ളലേറ്റത് മൂലം മരണപ്പെട്ടു. വർഷ ത്തിന്റെ കാര്യത്തിൽ അഭിപ്രായന്തരമുണ്ട്.

**ഹദീസിലെ പാഠങ്ങൾ**

1.കർമ്മ ഫലങ്ങൾക്കനുസൃതമായി നരക ശിക്ഷയുടെ കാര്യത്തിലും ഏറ്റക്കുറച്ചിലുകളുണ്ടാകും.

2.നരക ശിക്ഷക്ക് ഹേതുവായിത്തത്തീരുന്ന കാര്യ ങ്ങളിൽ നിന്നും അകന്നു നിൽക്കാൻ ഓരോ മുസ്ലിമും പ്രത്യേകം ജ്യാഗ്രത പുലർത്തേണ്ടതുണ്ട്

**ബലിപെരുന്നാൾ ദിനങ്ങൾ**

31- عَـنْ عُقْبَـةَ بْـنِ عَـامِرٍ رَضِـيَ اللهُ عَنْـهُ، قَـالَ: قَـالَ رَسُـوْلُ اللَّهِ صَـلَّى اللَّه عَلَيْـهِ وَسَـلَّمَ: "يَـوْمُ عَرَفَـةَ، وَيَـوْمُ النَّحْـرِ، وَأَيَّـامُ التَّشْـرِيْقِ، عِيْـدُنَا أَهْـلَ الإِسْـلاَمِ، وَهِـيَ أَيَّـامُ أَكْلٍ وَشُرْبٍ".

(سـنن أبـي داود، رقـم الحـديث 2419، وجـامع الترمـذي، رقـم الحـديث 773، واللفـظ لهمـا، وسـنن النسـائي، رقـم الحـديث 3004، وقـال الإمـام الترمـذي عـن هـذا الحـديث بأنـه: حسـن صـحيح، وصـححه الألباني).

ഉഖ്ബത്ത് ബ്നു ആമിർ (റ) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: അറഫാ ദിനം, പെരുന്നാൾ ദിനം , അയ്യാമു തഷ്രീഖിന്റെ ദിനങ്ങൾ. (ഇവ) മുസ്‌ലിം സമുദായത്തിന്റെ ആഘോഷ ദിനങ്ങളാണ്, അത് പോലെ തന്നെ ഭക്ഷണ പാനീയങ്ങളുടെ ദിനങ്ങളും . ( അബൂ ദാവൂദ് 2419, തുർമുദീ 773, നസാഈ 3004)

**ഹദീസ് നിവേദകൻ**

പ്രസിദ്ധ സ്വഹാബിയായിരുന്ന ഉഖ്ബതുബ്നു ആമിറുബ്നു അബസ് അൽ ജുഹനിയ്യ് ആണ് ഈ ഹദീസ് റിപ്പോർട്ട് ചെയ്തത്. അദ്ധേഹം ഖുർആൻ

നന്നായി പാരായണം ചെയ്യുന്ന ആളും പണ്ഡിതനും അനന്തരാവകാശ നിയമത്തിൽ അഘാധമായ അറി വുള്ളവനും കവിയും ഇസ്ലാമിക വിജയങ്ങൾക് നേതൃത്വം കൊടുത്തവരിൽ ഒരാളുമായിരുന്നു. അദേഹത്തിന്റെ ഖുർആൻ പാരായണം സ്വഹാബ ത്തിന്റെ മനസുകളിൽ അങ്ങേയറ്റത്തെ സ്വാധീനം ചെലുത്തിയിരുന്നു. നബി(സ) യോടൊപ്പം ഉഹ്ദ്ലും തുടർന്നുള്ള യുദ്ധങ്ങളിലും പങ്കെടുത്തിട്ടുണ്ട്. മിസ്റ് കീഴടക്കിയ പടനായകരിൽ ഒരാളായിരുന്നു അദ്ദേഹം. മുആവിയ(റ) അദ്ധേഹത്തെ 3 വർഷം മിസ്റിലെ ഗവ ർണർ ആയി നിശ്ചയിച്ചിട്ടുണ്ട്. അദേഹം 55 ഹദീസു കളോളം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹി 58 ആം വർഷം മരണപ്പെട്ടു.

**ഹദീസിലെ പാഠങ്ങൾ**

1.അറഫാ ദിനം മുതൽ പെരുന്നാൾ ദിനത്തിന് ശേ ഷമുള്ള അയ്യാമു തശ്രീഖിന്റെ മൂന്ന് ദിനങ്ങൾ ഉൾപടെ അഞ്ച് ദിനങ്ങളാണ് ഇസ്ലാമിലെ ബലി പെ രുന്നാൾ ദിനങ്ങൾ എന്ന് ഈ ഹദീസിൽ നിന്ന് മന സ്സിലാക്കാം. എന്നാൽ ഹജ്ജിന്റെ അറവും ഉ ദ്ഹിയ്യത്തും മറ്റും അറുക്കേണ്ടത് ദുൽഹിജ്ജ പത്ത് മുതലാണ്

2.മേൽ പറഞ്ഞ അഞ്ച് ദിനങ്ങളാണ് ആഘോഷ ദിനങ്ങൾ . അതുപോലെ തന്നെ ഈ അഞ്ച് ദിനങ്ങൾ

ഭക്ഷണ പാനീയങ്ങളുടെയും ദിനങ്ങളാണ്. എന്നാൽ ബലി മൃഗമില്ലാത്ത ഖിറാനും തമത്തുഉ മായി ഹജ്ജ് ചെയ്തവർക്ക് അയ്യാമു തശ്‌രീഖിന്റെ മൂന്ന് ദിനങ്ങൾ നോമ്പ് നോൽക്കൽ അനുവദനീയമാണ്, അറഫ ദിവസം ഹജിമാരല്ലാത്തവർക്ക് നോമ്പ് അനുവദ നീയമായത് പോലെ തന്നെ.

3.ഇസ്‌ലാമിലെ ആഘോഷ വേളകൾ അല്ലാഹുവിനെ കൂടുതലായി സ്മരിക്കാനും അവനു നന്ദി പ്രക ടിപ്പിക്കാനുമുള്ള സമയങ്ങളാണ്.

4.പെരുന്നാൾ ദിനങ്ങളിൽ ഏറ്റവും ശ്രേഷ്ഠം യൗമു നഹ്റ് എന്നറിയപ്പെടുന്ന ദുൽഹിജ്ജ പത്ത് ആണ്.

## ജനങ്ങളുടെ കൂടെയുള്ള നോമ്പും ബലിയും പെരുന്നാൾ നമസ്കാരവും

32- عَنْ أَبِيْ هُرَيْرَةَ رَضِيَ اللهُ عَنْهُ، أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ، قَالَ: "الصَّوْمُ يَوْمَ تَصُوْمُوْنَ، وَالفِطْرُ يَوْمَ تُفْطِرُوْنَ، وَالْأَضْحَى يَوْمَ تُضَحُّونَ".

(جامع الترمذي، رقم 697، واللفظ له، و أبي داود، رقم 2324 و ابن ماجه، الحديث 1660، وقال الإمام الترمذي عن هذا الحديث بأنه: حسن غريب، وصححه الألباني).

അബൂ ഹുറയ്റ (റ)ൽ നിന്നും,നബി(സ) പറഞ്ഞിരിക്കുന്നു:നിങ്ങൾ നോമ്പ് നോൽക്കുന്ന ദിവസമാണ് നോമ്പ്, നിങ്ങൾ നോമ്പ് മുറിക്കുന്ന ദിവസമാണ് പെരുന്നാൾ, നിങ്ങൾ ബലി നടത്തുന്ന ദിവസമാണ് ബലി കർമ്മം.

**<u>ഹദീസ് നിവേദകൻ</u>**

***ഹദീസ് നമ്പർ 1 നോക്കുക***

**<u>ഹദീസിലെ പാഠങ്ങൾ</u>**

1.മുസ്ലിംകൾ ഐക്യത്തോടെ ഒത്തൊരുമിച്ചു നോമ്പനുഷ്ഠിക്കുകയും പെരുന്നാൾ ആഘോഷിക്കുകയും ചെയ്യണം.

2.മുസ്‌ലിം ഐക്യത്തിന്റെയും സംഘശക്തിയുടെയും ആരാധനകളിലും ആഘോഷങ്ങളിലുമുള്ള പ്രാധാന്യം ഈ ഹദീസിൽ വ്യക്തമാണ്.

**വൻ പാപങ്ങളെ തൊട്ടുള്ള താക്കീത്**

33- عَــنْ عَبْــدِ اللهِ بْــنِ عُمَــرَ رَضِــيَ اللَّهُ عَنْهُمَــا، قَــالَ: قَــالَ رَسُــوْلُ اللهِ صَــلَّى اللَّه عَلَيْــهِ وَسَــلَّمَ: "ثَلاَثَــةٌ لاَ يَنْظُــرُ اللَّهُ عَــزَّ وَجَــلَّ إِلَــيْهِمْ يَــوْمَ الْقِيَامَــةِ: الْعَــاقُّ لِوَالِدَيْــهِ، وَالْمَــرْأَةُ الْمُتَرَجِّلَــةُ، وَالــدَّيُّوْثُ، وَثَلاَثَــةٌ لاَ يَــدْخُلُوْنَ الْجَنَّــةَ: الْعَــاقُّ لِوَالِدَيْــهِ، وَالْمُــدْمِنُ عَلَــى الْخَمْرِ، وَالْمَنَّانُ بِمَا أَعْطَى".

(ســنن النســائي، رقــم الحــديث 2562، حســنه الألباني وصححه).

അബ്ദുല്ലാഹിബ്നു ഉമർ (റ) ൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: ഖിയാമത്ത് നാളിൽ അ?ല്ലാഹു നോക്കാത്ത മൂന്ന് വിഭാഗമുണ്ട്: മാതാപിതാക്കളെ ഉപദ്രവിച്ചവൻ, പുരുഷ വേഷം കെട്ടുന്ന സ്ത്രീ, വീട്ടിൽ അധാർമികത ഉണ്ടാവുമ്പോൾ അതിനെതിരെ ശബ്ദിക്കാത്തവൻ. മൂന്ന് വിഭാഗം സ്വർഗ്ഗത്തിൽ പ്രവേശിക്കില്ല : മാതാപിതാക്കളെ ഉപദ്രവിച്ചവൻ, മുഴുകുടിയൻ,നൽകിയത് എടുത്തു പറയുന്നവൻ. (നസാഇൗ )

**ഹദീസ് നിവേദകൻ**

## ഹദീസ് നമ്പർ 11 നോക്കുക

**ഹദീസിലെ പാഠങ്ങൾ**

1.അല്ലാഹുവിന്റെ സിഫാത്തുകളെ കുറിച്ച് അല്ലാഹുവും റസൂലും പടിപ്പിച്ചത് പോലെ തന്നെ വിശ്വസിക്കൽ നിർബന്ധമാണ്, അല്ലാഹുവിന്റെ നോട്ടം എന്ന് ഈ ഹദീസിൽ പറഞ്ഞത് അവന് യോചിക്കുന്ന രൂപത്തിലുള്ള നോട്ടമാണ്. അതിനെ വ്യാഖ്യാനിക്കലോ സാദൃശ്യപ്പെടുത്തലോ അനുവദനീയമല്ല

**നജഷിനോടുള്ള വിരോധം**

34- عَنْ عَبْدِ اللهِ بْنِ عُمَرَ رَضِيَ اللَّهُ عَنْهُمَا، قَالَ: نَهَى النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ عَنِ النَّجْشِ.

(صحيح البخاري، رقم الحديث 2142، واللفظ له، وصحيح مسلم، رقم الحديث 13 - (1516)،).

അബ്ദുല്ലാഹിബ്നു ഉമർ (റ) ഇൽ നിന്നും , അദ്ദേഹം പറഞ്ഞു; നജഷ് കച്ചവടത്തെ നബി(സ) വിരോധി ച്ചിരിക്കുന്നു. (ബുഖാരി:2142, മുസ്‌ലിം :131516)

**<u>ഹദീസ് നിവേദകൻ</u>**

***ഹദീസ് നമ്പർ 11 നോക്കുക***

**<u>ഹദീസിലെ പാഠങ്ങൾ</u>**

1.ഈ ഹദീസിൽ നിന്നും നജഷ് കച്ചവടത്തിനുള്ള വിരോധം നമുക്ക് മനസ്സിലാക്കാം. വില്പന ചിരക്ക് വിലകൂട്ടി വിൽക്കാൻ വേണ്ടി അത് വാങ്ങാൻ ഉദ്ദേശിക്കാത്ത ഒരാൾ വില കയറ്റി പറഞ്ഞു അത് വാങ്ങാൻ ഉദ്ദേശിക്കുന്നവന് കൂടിയ വില നൽകേണ്ടി വരുന്ന അവസ്ഥ സൃഷ്ടിക്കുന്നതിനാണ് നജഷ് എന്ന് പറയുന്നത്.

2.നന്മയിലും സത്യസന്ധതയിലും അതിഷ്ഠിതമായ കച്ചവടങ്ങളും ക്രയ വിക്രയങ്ങളും ഇസ്‌ലാം അനുവദിക്കുന്നു. എന്നാൽ കളവും ചതിയും വഞ്ചനയും മറ്റുള്ളവർക്ക് ഉപദ്രവവുമുണ്ടാക്കുന്ന കച്ചവടങ്ങൾ ഇസ്‌ലാം അനുവദിക്കുന്നില്ല.

3.നജ്ഷ് ഇസ്‌ലാമിൽ നിഷിദ്ധമാണ്. അത് ചെയ്യുന്നവൻ അല്ലാഹുവോട് അനുസരണ ക്കേട് കാണിക്കുകയാണ് ചെയ്യുന്നത്. എന്നാൽ വില്പനക്കാരൻ അറിയാതെയാണ് ഒരാൾ നജ്ഷ് ചെയ്യുന്നതെങ്കിൽ കുറ്റം നജ്ഷ് ചൈത വനിൽ മാത്രം പരിമിതമായിരിക്കും.

### നമസ്കാര ശേഷമുള്ള കീർത്തനം

35- كَتَبَ الْمُغِيْرَةُ بْنُ شُعْبَةَ رَضِيَ اللهُ عَنْهُ أَنَّ رَسُوْلَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ كَانَ إِذَا فَرَغَ مِنَ الصَّلاَةِ وَسَلَّمَ، قَالَ: "لاَ إِلَهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ، لَهُ الْمُلْكُ، وَلَهُ الْحَمْدُ، وَهُوَ عَلَى كُلِّ شَيْءٍ قَدِيْرٌ، اَللَّهُمَّ! لاَ مَانِعَ لِمَا أَعْطَيْتَ، وَلاَ مُعْطِيَ لِمَا مَنَعْتَ، وَلاَ يَنْفَعُ ذَا الْجَدِّ مِنْكَ الْجَدُّ".

(صحيح مسلم، رقم الحديث 137- (593)، واللفظ له، وصحيح البخاري، رقم الحديث 844).

മുഗീറത്ത്ബ്നു ശുഅ്ബാ (റ) എഴുതി, നബി(സ) നമസ്കാരത്തിൽ നിന്നും വിരമിച്ചാൽ "لاَ إِلَهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ، لَهُ الْمُلْكُ، وَلَهُ الْحَمْدُ، وَهُوَ عَلَى كُلِّ شَيْءٍ قَدِيْرٌ، اَللَّهُمَّ! لاَ مَانِعَ لِمَا أَعْطَيْتَ، وَلاَ مُعْطِيَ لِمَا مَنَعْتَ، وَلاَ يَنْفَعُ ذَا الْجَدِّ مِنْكَ الْجَدُّ" എന്ന് പറയാറുണ്ടായിരുന്നു. (മുസ്ലിം 137 (593) ബുഖാരി 844)

**<u>ഹദീസ് നിവേദകൻ</u>**

മുഗീറത്ത്ബ്നു ശുഅ്ബ അസ്സഖഫി എന്നാണ് മുഴുവൻ പേര്. താഇഫിൽ ജനിച്ച അദ്ദേഹം ഖൻദഖ് യുദ്ധ സമയത്ത് ഇസ്ലാം സ്വീകരിക്കുകയും ഹുദൈബിയയിൽ പങ്ക് ചേരുകയും ചെയ്തിട്ടുണ്ട്. അബൂബക്കർ, ഉമർ എന്നിവരുടെ കാലത്ത് നടന്ന പേർഷ്യാ

വിമോചനത്തിലും യമാമ , യർമൂക്ക് , ഖാദിസിയ്യ യുദ്ധങ്ങളിലും ഉജ്ജ്വല പങ്ക് വഹിച്ചിട്ടുണ്ട്. ഉമർ , മുആവിയ (റ) തുടങ്ങിയവർ അദ്ദേഹത്തെ കൂഫ യുടെ ഭരണം ഏല്പിച്ചിട്ടുണ്ട്. മരണം വരെ കൂഫ യുടെ ഗവർണർ ആയിരുന്നു. 136 ഹദീസുകൾ റിപ്പോർട്ട് ചെയ്ത അദ്ദേഹം ഹി. 50 ഇൽ തന്റെ 70 ആം വയസ്സിൽ ഇഹലോക വാസം വെടിഞ്ഞു.

**ഹദീസിലെ പാഠങ്ങൾ**

1.ഫർദ് നമസ്കാര ശേഷം നബി(സ) മേൽ പറഞ്ഞ ദിക്ര് ചൊല്ലാറുണ്ടായിരുന്നു.

2.തൗഹീദിന്റെ എല്ലാ മേഖലകളിലേക്കും ഇറങ്ങി ചെന്ന് കൊണ്ടുള്ള വളരെ ശക്തമായ പ്രഖ്യാപനം ഈ പ്രാർത്ഥനയിൽ ഉൾകൊള്ളുന്നു.

**പ്രദോഷത്തിലെ കീർത്തനങ്ങളിൽ നിന്ന്**

36- عَنْ عَبْدِ اللهِ رَضِيَ اللهُ عَنْهُ، قَالَ كان رَسُوْلُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِذَا أَمْسَى قَالَ: "أَمْسَيْنَا وَأَمْسَى الْمُلْكُ لِلَّهِ، وَالحَمْدُ لِلَّهِ، لاَ إِلَهَ إِلاَّ اللهُ وَحْدَهُ، لاَ شَرِيْكَ لَهُ، اَللَّهُمَّ! إِنِّيْ أَسْأَلُكَ مِنْ خَيْرِ هَذِهِ اللَّيْلَةِ وخَيْرِ مَا فِيْهَا، وَأَعُوْذُ بِكَ مِنْ شَرِّها وَشَرِّ مَا فِيْهَا، اَللَّهُمَّ! إِنِّيْ أَعُوْذُ بِكَ مِنَ الْكَسَلِ، وَالْهَرَمِ، وَسُوْءِ الْكِبَرِ، وَفِتْنَةِ الدُّنْيَا، وَعَذَابِ الْقَبْرِ".

(صحيح مسلم، رقم الحديث 76 - (2723)، ).

നബി(സ) പ്രദോഷമായാൽ ഇപ്രകാരം പ്രാർത്ഥിച്ചിരുന്നു: ഞങ്ങൾക്ക് പ്രദോഷമായിരിക്കുന്നു, പരമാധികാരം അല്ലാഹുവിനായിരിക്കുന്നു, അല്ലാഹുവിന്നാകുന്നു സർവ സ്തുതിയും, അല്ലാഹുവല്ലാതെ വേറെ ആരാധ്യനില്ല, അവൻ ഏകനാണ്,അവന് പങ്കുകാരില്ല, അല്ലാഹുവേ, ഈ രാവിന്റെയും അതിലുള്ളതിന്റെയും നന്മ ഞാൻ നിന്നോട് ചോദിക്കുന്നു,അതിന്റെയും അതിലുള്ളതിന്റെയും തിന്മയെ തൊട്ട് ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു, അല്ലാഹുവേ, ഞാൻ നിന്നോട് മടി, പ്രായാധിക്യം, ദുഷിച്ച വാർധക്യം, ദുനിയാവിലെ പരീക്ഷണം, ഖബലെ ശിക്ഷ എന്നിവയെ തൊട്ട് കാവ ചോദിക്കുന്നു. (മുസ്ലിം )

<u>**ഹദീസ് നിവേദകൻ**</u>

***ഹദീസ് നമ്പർ 2 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1.രാപ്പകലുകളുടെ ആരംഭവും അവസാനവും അല്ലാഹുവിന്റെ നാമം സ്മരിച്ചു കൊണ്ട് ഒരു വിശ്വാസി സുന്ദരമാക്കേണ്ടതുണ്ട്.

2.പ്രദോഷത്തിലെ കീർത്തനങ്ങൾ എപ്പോഴാണ് ചൊല്ലേണ്ടത് എന്ന വിഷയത്തിൽ അഭിപ്രായാന്തര മുണ്ട്. എന്നാൽ സൂര്യൻ അസ്തമിച്ച ശേഷമാണ് എന്നതാണ് പ്രബലമായ അഭിപ്രായമായി കാണാൻ സാധിക്കുന്നത്.

### ജനങ്ങളിലെ ശ്രേഷ്ഠരുടെ അടയാളങ്ങൾ

37-عَنْ عَبْدِ اللهِ بْنِ عَمْرٍو رَضِيَ اللهُ عَنْهُمَا، قَالَ: قِيْلَ لِرَسُوْلِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: أَيُّ النَّاسِ أَفْضَلُ؟ قَالَ: "كُلُّ مَخْمُوْمِ الْقَلْبِ صَدُوْقِ اللِّسَانِ"، قَالُوْا: صَدُوْقُ اللِّسَانِ نَعْرِفُهُ، فَمَا مَخْمُوْمُ الْقَلْبِ؟ قَالَ: " هُوَ التَّقِيُّ النَّقِيُّ، لاَ إِثْمَ فِيْهِ، وَلاَ بَغْيَ، وَلاَ غِلَّ، وَلاَ حَسَدَ".
(سنن ابن ماجه، رقم الحديث 4216، وصححه الألباني).

അബ്ദുല്ലാഹിബ്നു ഉമർ (റ ) അ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) യോട് ചോദിക്കപ്പെട്ടു; ഏതു വിഭാഗം ജനങ്ങളാണ് ഉത്തമർ ? അദ്ദേഹം പറഞ്ഞു: ശുദ്ധ ഹൃദയനും സത്യസന്ധമായ നാവുള്ളവനും. സ്വഹാബിമാർ പറഞ്ഞു: സത്യസന്ധമായ നാവ് ഞങ്ങൾക്ക് അറിയാം. എന്നാൽ 'ശുദ്ധ ഹൃദയം' എന്താണ് ?നബി(സ) പറഞ്ഞു: അത് ഭയഭക്തിയും ശുദ്ധിയുമുള്ളതാണ് ,അതിൽ പാപമോ മ്ലേച്ചതയോ വിദ്വേഷമോ അസൂയയോ ഉണ്ടാവില്ല. (ഇബ്നു മാജ).

**ഹദീസ് നിവേദകൻ:**

പ്രമുഖ സ്വഹാബീ വര്യനായ അബ്ദുല്ലാഹിബ്നു അംറ് ഇബ്നുൽ ആസ് അൽ ഖുറഷീ അസ്സഹമീ (റ) ആണ് ഈ ഹദീസ് ഉദ്ദരിച്ചത്. പിതാവ് അംറ് ഇബ്നുൽ ആസ്(റ) ന് മുമ്പായി ഇസ്ലാം സ്വീകരിച്ച അദ്ദേഹം നബി(സ) യോടൊപ്പം പല യുദ്ധങ്ങളിലും പങ്കെടുത്തി

ട്ടുണ്ട്. രാഷ്ട്രീയത്തിലും ഭരണ രംഗത്തും കഴിവ് തെളിയിച്ച അദ്ദേഹത്തെ മുആവിയ(റ) കുറച്ചു കാലം കൂഫയുടെ ഭരണം ഏല്പിചിട്ടുണ്ട്. നബി(സ)ഇൽ നിന്നും ഹദീസ് ഉദ്ദരിച്ച് മിസ്റിലെ  ഫുസ്താത്ത് പള്ളിയിൽ (അംറ് ഇബ്നുൽ ആസ് മസ്ജിദിൽ) മതവിധി പറയാറുണ്ടായിരുന്നു. നബി(സ) ഇൽ നിന്നും 700 ഓളം ഹദീസുകൾ റിപ്പോർട്ട് ചെയ്ത അദ്ദേഹം ഹി:65 ൽ മിസ്റിൽ വെച്ച് മരണപ്പെട്ടു. ശാമിൽ വെച്ചാണെന്നും മക്കയിൽ വെച്ചാണെന്നും അഭിപ്രായമുണ്ട്.

**<u>ഹദീസിലെ പാഠങ്ങൾ</u>**

1.ദൈവ ഭക്തി,  സത്യസന്ധത, പാപ മുക്തത തുടങ്ങിയവയും അക്രമവും അസൂയയും ഒഴിവാക്കുന്നതും ഹൃദയ പരിശുദ്ദിയുടെ കാരണങ്ങളാണ്.

2.യഥാർത്ഥ വിശ്വാസമാണ് ഒരു മനുഷ്യനെ ഉന്നതമായ വിശേഷണങ്ങളിലേക്കും സ്തുത്യർഹമായ പ്രവർത്തനങ്ങളിലേക്കും വഴി നടത്തുന്നത്.

## അന്യരുടെ മുതൽ അധീനപ്പെടുത്തുന്നത് നിഷിദ്ധം

38- عَـنْ أَبِـيْ أُمَامَـةَ رَضِـيَ اللهُ عَنْـهُ، أَنَّ رَسُـوْلَ اللهِ صَـلَّى اللهُ عَلَيْـهِ وَسَـلَّمَ، قَـالَ: "مَـنِ اقْتَطَـعَ حَـقَّ امْـرِئٍ مُسْـلِمٍ بِيَمِيْنِـهِ؛ فَقَـدْ أَوْجَـبَ اللهُ لَـهُ النَّـارَ، وَحَـرَّمَ عَلَيْـهِ الْجَنَّـةَ" ؛ فَقَـالَ لَـهُ رَجُـلٌ: وَإِنْ كَـانَ شَـيْئًا يَسِـيْرًا يَـا رَسُـوْلَ اللهِ؟ قَالَ: "وَإِنْ قَضِيْبًا مِنْ أَرَاكٍ".
(صحيح مسلم، رقم الحديث 218 - (137)، ).

അബൂ ഉമാമ (റ) ൽ നിന്നും,നബി(സ) പറഞ്ഞിരിക്കുന്നു: മുസ്‌ലിമായ തന്റെ സഹോദരന്റെ സമ്പത്ത് ആരെങ്കിലും അന്യായമായി കൈവശപ്പെടുത്തിയാൽ അല്ലാഹു അവന് നരകം നിർബന്ധമാക്കുകയും സ്വർഗ്ഗം നിഷിദ്ധമാക്കുകയും ചെയ്യും . അപ്പോൾ ഒരാൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ , അത് നിസ്സാരമായ കാര്യമാണെങ്കിലോ ? അദ്ദേഹം പറഞ്ഞു: ഒരു അറാക്കിന്റെ കഷ്ണമാണെങ്കിൽ പോലും.

(മുസ്‌ലിം 218 (137))

**<u>ഹദീസ് നിവേദകൻ:</u>**

സ്വഹാബികളിൽ പ്രസിദ്ധനാ യിരുന്ന അബൂ ഉമാമ സുദയ്യ് ഇബ്നു അജ്‌ലാൻ ഇബ്നു വഹബ് അൽ ബാഹിലീ ആണ് ഈ ഹദീസ് റിപ്പോർട്ട് ചെയ്തത്.

അള്ളാഹുവിന്റെ മാർഗത്തിൽ ധർമ സമരം ചെയ്യാൻ അദ്ദേഹം അതിയായി ഇഷ്ട പ്പെട്ടിരുന്നു. വൃദ്ധയായ തന്റെ ഉമ്മയെ പരിചരിക്കാൻ വേണ്ടി ബദർ യുദ്ധ ത്തിൽ നിന്ന് വിട്ടു നിന്നതോഴിച്ചാൽ, ബാക്കി എല്ലാ യുദ്ധങ്ങളിലും അദ്ദേഹം പങ്കെടുത്തിരുന്നു. പ്രവാച കന്റെ കാലശേഷം ഖലീഫമാരോടോപ്പവും യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ട്. 250 ഓളം ഹദീസുകൾ റിപ്പോർട്ട് ചെയ്ത അദ്ദേഹം ഹി 81 ൽ ഹിംസിൽ മരണപ്പെട്ടു.

**ഹദീസിലെ പാഠങ്ങൾ**

1.അക്രമം സർവ്വ നാശങ്ങളുടെയും കാരണമാണ്. നാശമല്ലാതെ യാതൊന്നും അത് കൊണ്ട് ലഭിക്കാനില്ല, അത് കൊണ്ട് തന്നെ അന്യായം ഇസ്‌ലാം വിരോ ധിക്കുന്നു.

2.അക്രമിക്കപ്പെടുന്നവന് അവന്റേതാണെന്നു തെ ളിയിക്കാൻ രേഖകളില്ലെങ്കിൽ പോലും അതല്ലെങ്കിൽ അക്രമി കെട്ടിച്ചമക്കുന്ന രേഖകൾക്കാണ് പ്രാബല്യം കൂടുതലെങ്കിലും അനർഹമായത് നേടൽ അനുവദ നീയമല്ല, കാരണം യാഥാർഥ്യം അല്ലാഹുവിങ്കൽ രേഖ പ്പെടുത്തപ്പെട്ടതാണ്.

## വിപത്തുകളിൽ ക്ഷമിക്കുക

39- عَـنْ عَائِشَـةَ رَضِـيَ اللهُ عَنْهَـا، زَوْجِ النَّبِـيِّ صَـلَّى اللَّه عَلَيْـهِ وَسَـلَّمَ قَالَـتْ: قَـالَ رَسُـوْلُ اللهِ صَـلَّى اللَّه عَلَيْـهِ وَسَـلَّمَ: "مَـا مِـنْ مُصِـيْبَةٍ تُصِـيْبُ الْمُسْلِمَ إِلاَّ كَفَّرَ اللَّهُ عَنْـهُ بِهَـا حَتَّـى الشَّوْكَةِ يُشَاكُهَا".

صـحيح البخـاري، رقـم الحـديث 5640، واللفـظ لـه، وصـحيح مسـلم، رقـم الحـديث 50 - (2572)،).

ആഇഷ (റ) ഇൽ നിന്നും, അവർ പറഞ്ഞു; നബി (സ) പറഞ്ഞിരിക്കുന്നു: അല്ലാഹു പാപങ്ങൾ പൊറുക്കാനുള്ള ഒരു കാരണമായിട്ടല്ലാതെ ഒരു മുസ്‌ലിമിനെ ഒരു വിപത്തും ബാധിക്കുന്നില്ല, ഒരു മുള്ള് തറക്കുന്നത് പോലും!. (ബുഖാരി:5640, മുസ്‌ലിം : 502572)

**ഹദീസ് നിവേദകൻ**

***ഹദീസ് നമ്പർ 16 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1.എത്ര കഠിനമായ പ്രയാസങ്ങളിലും ക്ഷമയോട് കൂടി അതിനെ സമീപിക്കുക എന്നത് ഒരു മുസ് ലിമിന് അനിവാര്യമാണ്.

2. ഒരു മുസ്‌ലിമിന് ഇഹലോകത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങൾ അവന്റെ പാപങ്ങൾ പൊറുക്കപ്പെടാനും പദവികൾ ഉയർത്തപ്പെടാനും ഹേതുവായിത്തീരും, അതിനാൽ തന്നെ അല്ലാഹുവിന്റെ തീരുമാനത്തെ യാതൊരു മനക്ലേശവും കൂടാതെ സ്വീകരിക്കുകയാണ് വേണ്ടത്

**ഹജറുൽ അസ്‌വദ് സ്വർഗത്തിൽ നിന്ന്**

40- عَـنْ عَبْـدِ اللهِ بْـنِ عَبَّـاسٍ رَضِـيَ اللَّهُ عَنْهُمَـا، قَـالَ: قَـالَ رَسُـوْلُ اللهِ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ: "نَـزَلَ الْحَجْـرُ الْأَسْـوَدُ مِـنَ الجنَّـةِ وَهُـوَ أشـدُّ بَيَاضًـا مِـنَ اللَّـبَنِ؛ فَسَـوَّدَتْهُ خَطَايَا بَنِيْ آدَمَ".

(جـامع الترمـذي، رقـم الحـديث 877، قـال الإمـام الترمـذي عـن هـذا الحـديث بأنـه: حسـن صـحيح، وصححه الألباني).

അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: ഹജറുൽ അസ്‌വദ് സ്വർഗത്തിൽ നിന്നാണ് ഇറക്കപ്പെട്ടത്, അത് പാലിനേക്കാൾ വെളുത്തതായിരുന്നു , പിന്നീട് മനുഷ്യ തിന്മകളാൽ അത് കറുത്ത് പോയി. (തുർമുദീ 877)

<u>**ഹദീസ് നിവേദകൻ**</u>

***ഹദീസ് നമ്പർ 6 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1. തെറ്റ് കുറ്റങ്ങളുടെ പാപക്കറ ഹജറുൽ അസ്‌വദിൽ പോലും നിഴലിക്കുമെങ്കിൽ മനുഷ്യ ഹൃദയത്തിൽ പാപക്കറയുടെ അടയാളം അതിനേക്കാൾ കഠിനമായിരിക്കും.

2. കഅ്ബാലയത്തിന്റെ തെക്ക് കിഴക്കൻ മൂലയിൽ അഥവാ ത്വവാഫ് ആരംഭിക്കുന്നിടത്ത് വെള്ളി ആവരണത്താൽ പുറം ഭാഗം മൂടിയിട്ടുള്ള കല്ലാണ് ഹജറുൽ അസ്‌വദ് എന്ന് അറിയപ്പെടുന്നത്. ഇന്ന് അത് ഭൂമിയിൽ നിന്നും ഒന്നര മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്നു.

3. ഹജറുൽ അസ്‌വദ് ഒരു ഉപകാരമോ ഉപദ്രവമോ ചെയ്യില്ല, അതിനെ ചുംബിക്കുന്നത് ആരാധനാ മനോഭാവത്തോടെയുമല്ല. നബി(സ) യുടെ ഒരു പ്രവൃത്തി പിൻപറ്റുന്നു എന്ന് മാത്രം. അത് പോലെ തന്നെ അതിനെ ചുംബിക്കുന്നതിനു വേണ്ടി മറ്റു ജനങ്ങൾക്ക് ഉപദ്രവമുണ്ടാക്കരുത് എന്ന് കൂടി പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ട് .

**യാത്രയിൽ നോമ്പ് നോൽക്കാനും ഉപേക്ഷിക്കാനുമുള്ള അനുവാദം**

41-عَـنْ أَنَـسِ بْـنِ مَالِـكٍ رَضِـيَ اللهُ عَنْـهُ، قَـالَ: كُنَّـا نُسَـافِرُ مَـعَ النَّبِـيِّ صَـلَّى اللَّه عَلَيْـهِ وَسَـلَّمَ ؛ فَلَـمْ يَعِـبِ الصَّائِمُ عَلَى الْمُفْطِرِ، وَلاَ الْمُفْطِرُ عَلَى الصَّائِمِ.
(صـحيح البخـاري، رقـم 1947، واللفـظ لـه، وصحيح مسلم، رقم الحديث 98 - (1118)،).

അനസ് ഇബ്നു മാലിക് (റ) ൽ നിന്നും , അദ്ദേഹം പറഞ്ഞു; ഞങ്ങൾ പ്രവാചകന്റെ കൂടെയുള്ള യാത്ര യിലായിരുന്നു. നോമ്പുകാരനെ നോമ്പില്ലാത്തവനോ നോമ്പില്ലാത്തവനെ നോമ്പുകാരനോ  അന്ന് ആക്ഷേ പിച്ചില്ല. (ബുഖാരി, മുസ്ലിം )

**<u>ഹദീസ് നിവേദകൻ</u>**

***ഹദീസ് നമ്പർ 3 നോക്കുക***

**<u>ഹദീസിലെ പാഠങ്ങൾ</u>**

1.യാത്രയിൽ നോമ്പ് എടുക്കാനും എടുക്കാതിരിക്കാനും അനുവാദമുണ്ട്.

2.ഇസ്ലാം എളുപ്പത്തിന്റെയും വിട്ടു വീഴ്ചയുടെയും മതമാണ്. യാത്ര പോലുള്ള നോമ്പ് പ്രയാസകരമായ അവസരത്തിൽ ഇസ്ലാം ഒരാളെയും പ്രയാസപ്പെടുത്തുന്നില്ല. ഉദ്ദേശിക്കുന്നവർക്ക് നോമ്പ് എടുക്കാം , അല്ലാത്തവർക്ക് ഒഴിവാക്കാം., ഒഴിവാക്കുന്നവർ മറ്റൊരു അവസരത്തിൽ നോമ്പ് നോറ്റ് വീട്ടണം .

## ഗുദഭോഗം നിഷിദ്ധം

42- عَنْ أَبِيْ هُرَيْرَةَ رَضِيَ اللَّهُ عَنْهُ، عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: "لاَ يَنْظُرُ اللَّهُ إِلَى رَجُلٍ جَامَعَ امْرَأَتَهُ فِي دُبُرِهَا". (سنن ابن ماجه، رقم 1923، وصححه الألباني).

അബൂ ഹുറയ്റ (റ) ഇൽ നിന്നും , നബി(സ) പറഞ്ഞിരിക്കുന്നു: തന്റെ ഭാര്യയുമായി പിൻദ്വാരത്തിലൂടെ ബന്ധപ്പെട്ടവനെ അല്ലാഹു നോക്കുകയില്ല (പരിഗണിക്കുകയില്ല).

**ഹദീസ് നിവേദകൻ**

***ഹദീസ് നമ്പർ 1 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1. അല്ലാഹു നിശ്ചയിച്ച പ്രകൃതിക്ക് വിരുദ്ധമായ ഗുദഭോഗം ഇസ്‌ലാം വിരോധിച്ചിരിക്കുന്നു. അത് അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും ഇടയാക്കുന്നതോടൊപ്പം വിവിധ രോഗങ്ങൾക്കും കാരണമായിത്തീരുന്നു.

2. സ്വന്തം ഭാര്യ ആയിരുന്നാൽ പോലും ഗുദ ഭോഗം നടത്തൽ വ്യക്തമായ തിന്മയാണെന്നും ആരെങ്കിലും ആ തിന്മ ചെയ്ത് പോയാൽ ആത്മാർത്ഥമായ തൗബ അനിവാര്യമാണെന്നും ഈ ഹദീസിൽ വ്യക്തമാണ്.

3. യോനീ ഭോഗമാണ് അനുവദനീയമായിട്ടുള്ളത്. പിറക് വശത്ത് കൂടിയോ മുൻവശത്ത് കൂടിയോ അനുവദനീയമായ യോനീ ഭോഗത്തിന് വിലക്കില്ല.

**തയമ്മും ചെയ്തവൻ നമസ്കാര ശേഷം വെള്ളം കണ്ടാൽ**

43- عَنْ أَبِيْ سَعِيْدٍ اَلْخُدْرِيِّ رَضِيَ اللهُ عَنْهُ، قَالَ: خَرَجَ رَجُلاَنِ فِيْ سَفَرٍ؛ فَحَضَرَتِ الصَّلاَةُ وَلَيْسَ مَعهُمَا مَاءٌ؛ فَتَيَمَّمَا صَعِيْداً طَيِّباً؛ فَصَلَّيَا، ثُمَّ وَجَدَا الْمَاءَ فِي الْوقْتِ؛ فَأَعَادَ أَحَدُهُمَا الصَّلاَةَ وَالوُضُوْءَ، وَلَمْ يُعِدِ الآخَرُ، ثُمَّ أَتَيَا رَسُوْلَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ؛ فَذَكَرَا ذَلِكَ لَهُ؛ فَقَالَ لِلَّذِيْ لَمْ يُعِدْ: "أصَبْتَ السُّنَّةَ وَأَجْزأَتْكَ صَلاَتُكَ"، وقَالَ لِلآخَرِ: "لَكَ الأَجْرُ مَرَّتَيْنِ".

(سنن أبي داود، رقم الحديث 338، واللفظ له، وسنن النسائي، رقم الحديث 433، وصححه الألباني).

അബൂ സയീദ് അൽ ഖുദ്രിയ്യ് (റ) ൽ നിന്നും, അദ്ദേഹം പറഞ്ഞു; രണ്ടാളുകൾ യാത്ര ചെയ്തു, അങ്ങനെ നമസ്കാര സമയമായി ,എന്നാൽ അവരുടെ കൈവശം വെള്ളമുണ്ടായിരുന്നില്ല. ശുദ്ധമായ മണ്ണിൽ അവർ തയമ്മും ചെയ്യുകയും എന്നിട്ട് നമസ്കരിക്കുകയും ചെയ്തു. പിന്നീട് ആ നമസ്കാരത്തിന്റെ സമയത്ത് തന്നെ അവർ വെള്ളം കണ്ടു. അപ്പോൾ അതിൽ ഒരാൾ വുളു എടുത്തു വീണ്ടും നമസ്കരിച്ചു. രണ്ടാമൻ നമസ്കരിച്ചില്ല. പിന്നീട് രണ്ടു പേരും നബി (സ)യുടെ അടുക്കലെത്തി സലാം പറയുകയും നടന്ന കാര്യങ്ങൾ പറയുകയും ചെയ്തു. നമസ്കരിക്കാത്ത വ്യക്തിയോട് നബി(സ) പറഞ്ഞു: നീ സുന്നത്ത് നിർ

വഹിച്ചു, നിന്റെ നമസ്കാരം പ്രതിഫലാർഹമാണ് . മറ്റെയാളോട് നബി(സ) പറഞ്ഞു: നിനക്ക് രണ്ടു പ്രാവ ശ്യം പ്രതിഫലമുണ്ട് . (അബൂ ദാവൂദ് 338, നസാഈ 433)

**ഹദീസ് നിവേദകൻ**

അബൂ സഈദ് അൽ ഖുദ്രിയ്യ്(റ), സഅദ് ഇബ്നു മാലിക് ഇബ്നു സിനാൻ അൽ അന്സാരീ അൽ ഖസ്റജീ എന്നാണ് മുഴുവൻ പേര് . സ്വഹാബി ക ളുടെ കൂട്ടത്തിലെ പ്രസിദ്ധനും അവരിലെ പണ്ഡിത നുമായിരുന്നു അദ്ദേഹം. നബി(സ) യോടൊപ്പം 12 ഓളം യുദ്ധങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. നബി(സ) യിൽ നിന്ന് അദ്ദേഹം റിപ്പോര്ട്ട് ചെയ്ത 1170 ഓളം ഹദീസ് കൾ ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം. ഹി:74 ഇൽ തന്റെ 86 ആം വയസിൽ മദീനയിൽ മരണപ്പെട്ടു. (വേറെയും അഭിപ്രായങ്ങൾ ഉണ്ട്)

**ഹദീസിലെ പാഠങ്ങൾ**

1.ഇസ്ലാം എളുപ്പത്തിന്റെയും വിട്ടു വീഴ്ചയുടെയും മതമാണ്. യാത്ര പോലുള്ള പ്രയാസകരമായ അവ സരത്തിൽ ഇസ്ലാം ഒരാളെയും പ്രയാസപ്പെടുത്തു ന്നില്ല. അവന്റെ മനസ്സിന് യോചിച്ച അനുവദനീയങ്ങൾ അവനു ചെയ്യാം .

2.ആർക്കെങ്കിലും വെള്ളം ലഭിച്ചില്ല എങ്കിൽ അവനു തയമ്മും ചെയ്ത് നമസ്കരിക്കാം എന്നും പിന്നീട് വെള്ളം കിട്ടിയാൽ നമസ്കാരം മടക്കി നിർവഹിക്കേണ്ടതില്ല എന്നും നമുക്ക് മനസ്സിലാക്കാം, എന്നാൽ നമസ്കാരത്തിനിടയിൽ വെള്ളം കിട്ടിയാൽ നമസ്കാരം ഒഴിവാക്കുകയും വുദു എടുത്ത് നമസ്കരിക്കുകയും ചെയ്യേണ്ടതാണ്.

**പെൺമക്കളെ പരിഗണിക്കുന്നതിന്റെ ശ്രേഷ്ഠത**

44-عَنْ أَنَسٍ رَضِيَ اللهُ عَنْهُ، قَالَ: قَالَ رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: "مَنْ عَالَ جَارِيَتَيْنِ دَخَلْتُ أَنَا وَهُوَ الْجَنَّةَ كَهَاتَيْنِ وَأَشَارَ بِإِصْبَعَيْهِ".

(جامع الترمذي، رقم الحديث 1914، واللفظ له، وصحيح مسلم، رقم الحديث 149 - (2631)، وقال الإمام الترمذي عن هذا الحديث بأنه: حسن غريب، وصححه الألباني).

അനസ് (റ)ൽ നിന്നും അദ്ദേഹം പറഞ്ഞു; തന്റെ രണ്ടു വിരലുകൾ ചേർത്തു പിടിച്ച് നബി(സ) പറഞ്ഞു: രണ്ട് പെണ്മക്കളെ സംരക്ഷിക്കുന്നവനും ഞാനും സ്വർഗ്ഗത്തിൽ ഇപ്രകാരം പ്രവേശിക്കും. (തുർമുദി 1914, മുസ്ലിം 149 (2631)

**<u>ഹദീസ് നിവേദകൻ</u>**

***ഹദീസ് നമ്പർ 3 നോക്കുക***

**<u>ഹദീസിലെ പാഠങ്ങൾ</u>**

1.പെൺ മക്കൾ അനുഗ്രഹമാണ്, അവരെ പരിപാലിക്കൽ ആയാസ രഹിതവും നല്ല നിയ്യത്തോട് കൂടിയാണെങ്കിൽ സ്വർഗ്ഗ പ്രവേശനത്തിനുള്ള കാരണവുമാണ്.

2.പെൺ മക്കളെ പരിഗണിക്കുകയും അവർക് വേണ്ടി നല്ല മനസ്സോടെ ചെലവഴിച്ചു കൊണ്ട് അല്ലാഹുവിന്റ സാമിപ്യം നേടിയെടുക്കുകയും വേണം.

### പള്ളിയിൽ പ്രവേശിക്കുമ്പോഴും അവിടുന്ന് ഇറങ്ങുമ്പോഴുമുള്ള പ്രാർത്ഥന

45- عَـنْ أَبِـيْ حُمَيْـدٍ رَضِـيَ اللهُ عَنْـهُ قَـالَ: قَـالَ رَسُـوْلُ اللهِ صَـلَّى اللهُ عَلَيْـهِ وَسَـلَّمَ: "إِذَا دَخَـلَ أحَـدُكُمُ المَسْـجِدَ؛ فَلْيَقُـلْ: اَللَّهُـمَّ! افْـتَحْ لِـيْ أَبْـوَابَ رَحْمَتِـكَ، وَإِذَا خَـرَجَ، فَلْيَقُلْ: اَللَّهمَّ! إِنِّيْ أَسْأَلُكَ مِنْ فَضْلِكَ".

(صحيح مسلم، رقم الحديث 68 - (713)، ).

അബൂ ഹുമൈദ്(റ) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: നിങ്ങളിൽ ആരെങ്കിലും പള്ളിയിൽ പ്രവേശിക്കുകയാണെങ്കിൽ (അല്ലാഹുവേ, നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ നീ എനിക്ക് തുറന്നു തരേണമേ) എന്ന് പറയണം. അവിടുന്ന് ഇറങ്ങുമ്പോൾ (അല്ലാഹുവേ, നിന്റെ ഔദാര്യത്തിൽ നിന്നും ഞാൻ നിന്നോട് ചോദിക്കുന്നു.) എന്നും പറയട്ടെ. ( മുസ്ലിം 68 (713) )

**<u>ഹദീസ് നിവേദകൻ</u>**

പ്രമുഖ സ്വഹാബിയായ അബൂ ഹുമൈദ് സാഇദീ (റ). വിളിപ്പേരിലാണ് പ്രശസ്തനായത്. യഥാർത്ഥ പേരിനെ കുറിച്ച് അഭിപ്രായ വ്യത്യാസമുണ്ട്. അബ്ദു റഹ്മാന് ബ്നു സഅദ് ബ്നു മുന്ദിർ എന്നാണെന്നും അതല്ല മുദിർ ഇബ്നു സഅദ് ആണെന്നും അഭിപ്രായമുണ്ട്. നബി(സ) യുടെ അനുചരന്മാരിലെ കർമ്മ ശാസ്ത്ര

പണ്ഡിതരിൽ ഒരാളായ ഇദ്ദേഹം ഹി:60 ൽ മരണപ്പെട്ടു എന്ന് പറയപ്പെടുന്നു.

**ഹദീസിലെ പാഠങ്ങൾ**

1.പള്ളിയിൽ പ്രവേശിക്കുമ്പോഴും അവിടുന്ന് പുറത്ത് കടക്കുമ്പോഴുമുള്ള ധാരാളം പ്രാർത്ഥനകൾ കാണാം, അതിൽ പെട്ട ഒരു പ്രാർത്ഥനയാണ് മേൽ ഹദീസിൽ വിവരിച്ചിരിക്കുന്നത്. പ്രാർത്ഥനക് മുമ്പായി നബി(സ) യുടെ മേൽ സ്വലാത്തും സലാമും ചൊല്ലൽ ഉത്തമമാണ്.

2.ഒരാൾ പള്ളിയിൽ പ്രവേശിക്കുമ്പോൾ അയാൾ അല്ലാഹുവുമായി ബന്ധപ്പെട്ട കാര്യത്തിൽ വ്യാപൃത നാവുകയാണ്. അത് പോലെ തന്നെ പള്ളിയിൽ നിന്ന് പുറത്തിറങ്ങുന്നവൻ ഹലാലായ സമ്പാദന ത്തിൽ വ്യാപൃതനാവുകയാണ് ചെയ്യുന്നത് . അത് കൊണ്ട് തന്നെയാണ് പള്ളിയിൽ പ്രവേശിക്കുമ്പോൾ അല്ലാഹുവിന്റെ കാരുണ്യവും പുറത്തിറങ്ങുമ്പോൾ അവന്റെ ഔദാര്യവും ചോദിക്കുന്നതും.

**പള്ളിയിൽ പ്രവേശിക്കുമ്പോഴും അവിടുന്ന് ഇറങ്ങുമ്പോഴും നബി(സ)യുടെ മേൽ സ്വലാത്ത്**

46- عَــنْ فَاطِمَــةَ رَضِــيَ اللهُ عَنْهَــا قَالَــتْ: كَــانَ رَسُــوْلُ اللهِ صَــلَّى اللَّهُ عَلَيْــهِ وَسَــلَّمَ إِذَا دَخَــلَ المَسْــجِدَ صَــلَّى عَلَــى مُحَمَّــدٍ وَسَــلَّمَ، وَقَــالَ: "رَبِّ اغْفِــرْ لِــيْ ذُنُــوبِيْ، وَافْــتَحْ لِــيْ أَبْــوَابَ رَحْمَتِــكَ"، وَإِذَا خَــرَجَ صَــلَّى عَلَــى مُحَمَّــدٍ وَسَــلَّمَ، وَقَــالَ: "رَبِّ اغْفِــرْ لِــيْ ذُنُوبِيْ، وَافْتَحْ لِيْ أَبْوَابَ فَضْلِكَ".

(جــامع الترمــذي، رقــم 314، واللفــظ لــه، وســنن ابــن ماجــه، الحــديث 771، وقــال الإمــام الترمــذي عن هذا الحديث بأنه:حسن، وصححه الألباني).

ഫാത്വിമ (റ) ഇൽ നിന്നും, അവർ പറഞ്ഞു; നബി(സ) പള്ളിയിൽ പ്രവേശിക്കുമ്പോൾ അവിടുത്തെ മേൽ സ്വലാത്ത് ചൊല്ലുകയും തുടർന്ന് ((എന്റെ) രക്ഷിതാവേ എന്റെ പാപങ്ങൾ എനിക്ക് നീ പൊറുത്ത് തരികയും നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ നീ എനിക്ക് തുറന്നു തരികയും ചെയ്യേണമേ) എന്നും അവിടുന്ന് ഇറങ്ങുമ്പോൾ അവിടുത്തെ മേൽ സ്വലാത്ത് ചൊല്ലുകയും തുടർന്ന്((എന്റെ) രക്ഷിതാവേ എന്റെ പാപങ്ങൾ എനിക്ക് നീ പൊറുത്ത് തരികയും നിന്റെ ഔദാര്യത്തിന്റെ കവാടങ്ങൾ നീ എനിക്ക് തുറന്നു തരികയും ചെയ്യേണമേ) എന്നും

പ്രാർത്ഥിക്കാറുണ്ടായിരുന്നു. (തുർമുദി 314 , ഇബ്നു മാജ 771)

**ഹദീസ് നിവേദകൻ**

പ്രവാചകൻ(സ)യുടെയും അവിടുത്തെ പ്രിയ പത്നി ഖദീജ(റ)യുടെയും മകളാണ് ഫാത്വിമ(റ). നബി(സ) യുടെ ഇളയ മകളായിരുന്ന അവർ നബി(സ)ക്ക് പ്രവാചകത്വം കിട്ടുന്നതിനു മുമ്പാണ് ജനിച്ചത്. നബി(സ)യുടെ വീട്ടില് വളർന്നത് കൊണ്ട് തന്നെ ഏറ്റവും ഉത്കൃഷ്ടമായ സ്വഭാവ ഗുണങ്ങളും മതപര മായ ചിട്ടയും മൂല്യങ്ങളും കൈ മുതലാക്കിയാണ് മഹതി വളർന്ന് വന്നത്. അവരുടെ അതി മഹത്തായ ശ്രേഷ്ഠത വ്യക്തമാക്കുന്ന പല ഹദീസുകളും ഉണ്ട്. അവർ സ്വർഗ്ഗ സ്ത്രീകളുടെ നേതാവാണെന്നും അവരുടെ മക്കളായ ഹസൻ, ഹുസൈൻ (റ) എന്നിവ ർ സ്വർഗീയ യുവതയുടെ നേതാക്കളാണെന്നും ഹ ദീസിൽ കാണാം ( തുർമുദീ 3781) നബി(സ) അതിയായി സ്നേഹിച്ചിരുന്ന അവരെ അവിടുന്ന് അലി(റ)ക്ക് അവർക്ക് പതിനഞ്ച് വയസും അഞ്ച് മാസവും പ്രായമുള്ളപ്പോൾ വിവാഹം കഴിപ്പിച്ച് കൊടുത്തു. നബി(സ)യുടെ വിയോഗത്തിനു ആറു മാസത്തിന് ശേഷം ഹി:11 റമദാൻ മാസത്തിൽ ദിവംഗതയായി. ബഖീഇൽ ഖബറടക്കി.

**ഹദീസിലെ പാഠങ്ങൾ**

1.പള്ളിയിൽ പ്രവേശിക്കുമ്പോഴും അവിടുന്ന് പുറപ്പെടുമ്പോഴുമുള്ള പ്രാർത്ഥനകൾക്ക് മുമ്പായി നബി(സ) യുടെ മേൽ സ്വലാത്ത് ചൊല്ലണമെന്ന് ഈ ഹദീസിൽ വ്യക്തമാണ്. നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലേണ്ടുന്നതിന്റെ രൂപം പല ഹദീസുകളിലും വന്നിട്ടുണ്ട്. ഏതാനും രൂപങ്ങൾ താഴെ കൊടുക്കുന്നു;

أ -"اَللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ، كَمَا صَلَّيْتَ عَلَى إِبْرَاهِيْمَ، وَعَلَى آلِ إِبْرَاهِيْمَ، إِنَّكَ حَمِيْدٌ مَجِيْدٌ، اَللَّهُمَّ بَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ، كَمَا بَارَكْتَ عَلَى إِبْرَاهِيْمَ، وَعَلَى آلِ إِبْرَاهِيْمَ، إِنَّكَ حَمِيْدٌ مَجِيْدٌ ".(ബുഖാരി 3370 , മുസ്‌ലിം 66- 406)

ب -"اَللَّهُمَّ صَلِّ عَلَى مُحَمَّدٍ عَبْدِكَ وَرَسُوْلِكَ، كَمَا صَلَّيْتَ عَلَى إِبْرَاهِيْمَ، وَبَارِكْ عَلَى مُحَمَّدٍ، وَعَلَى آلِ مُحَمَّدٍ، كَمَا بَارَكْتَ عَلَى إِبْرَاهِيْمَ وَآلِ إِبْرَاهِيْمَ "، (ബുഖാരി 6358)

ج - اَللَّهُمَّ صَلِّ عَلَى مُحَمَّدٍ وَأَزْوَاجِهِ وَذُرِّيَتِهِ، كَمَا صَلَّيْتَ عَلَى آلِ إِبْرَاهِيْمَ، وَبَارِكْ عَلَى مُحَمَّدٍ وَأَزْوَاجِهِ وَذُرِّيَتِهِ، كَمَا بَارَكْتَ عَلَى آلِ إِبْرَاهِيْمَ؛ إِنَّكَ حَمِيْدٌ مَجِيْدٌ" (ബുഖാരി3369, മുസ്‌ലിം 69- 407)

د- اَللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ". (നസാഈ 1292)

2. നബി(സ) യെ മഹത്വപ്പെടുത്തലും അവിടുത്തെ പവിത്രത ഉയർത്താൻ വേണ്ടി അല്ലാഹുവോട് തേടലുമാണ് സ്വലാത്ത് കൊണ്ടുള്ള ഉദ്ദേശം.

3. നബി(സ)ക്ക് സലാം അറിയിക്കുന്ന പലരൂപങ്ങളും നമുക്ക് കാണാം. നാം ചൊല്ലുന്ന സലാമുകലും സ്വലാത്തുകളും മലക്കുകൾ മുഖേനെ  നബി(സ)ക്ക് എത്തിക്കപ്പെടും.

**പള്ളിയിൽ പ്രവേശിക്കുംമ്പോഴുള്ള മര്യാദ**

47-عَــنْ جَــابِرِ بْــنِ عَبْــدِ اللَّهِ رَضِــيَ اللهُ عَنْهُمَــا عَــنِ النَّبِــيِّ صَــلَّى اللَّهُ عَلَيْــهِ وَسَــلَّمَ، قَــالَ000: "مَــنْ أَكَــلَ الْبَصَــلَ وَالثُّــوْمَ وَالْكُــرَّاثَ؛ فَــلاَ يَقْــرَبَنَّ مَسْــجِدَنَا؛ فَــإِنَّ الْمَلائِكَةَ تَتَأَذَّى مِمَّا يَتَأَذَّى مِنْهُ بَنُو آدَمَ".

(صــــحيح مســــلم، رقــــم الحــــديث 74 - (564)، واللفــظ لـــه، وصـــحيح البخـــاري، رقـــم الحـــديث 854 ،).

ജാബിറുബ്നു അബ്ദുല്ലാ (റ) നബി(സ) ഇൽ നിന്നും റിപ്പോർട്ട് ചെയ്യുന്നു; അവിടുന്നു പറഞ്ഞിരിക്കുന്നു: ആരെങ്കിലും ഉള്ളിയോ വെളുത്തുള്ളിയോ കുറാഥോ ഭക്ഷിച്ചാൽ അവർ നമ്മുടെ നമസ്കാര സ്ഥലത്തേക്ക് വരരുത്, മനുഷ്യന് ഉപദ്രവമുണ്ടാക്കുന്നതൊക്കെ മല ക്കുകൾക്കും ഉപദ്രവമുണ്ടാക്കും. (മുസ്ലിം 74 564, ബുഖാരി 854)

<u>**ഹദീസ് നിവേദകൻ**</u>

***ഹദീസ് നമ്പർ 22 നോക്കുക***

**<u>ഹദീസിലെ പാഠങ്ങൾ</u>**

1. ഉള്ളി, വെളുത്തുള്ളി മുതലായ മറ്റുള്ളവർക്ക് ഉപദ്രവമുണ്ടാക്കുന്ന വാസനയുള്ള ഭക്ഷണങ്ങൾ കഴിച്ചവർ പള്ളികളിലേക്ക് പോകരുത്. ജനങ്ങൾക്ക് ഉപദ്രവമുണ്ടാക്കുന്ന കാര്യങ്ങൾ മലക്കുകൾക്കും ഉപദ്രവമുണ്ടാക്കും.

2. ഈ വിരോധം കേവലം ഉള്ളി, വെളുത്തുള്ളി തുടങ്ങിയവയിൽ പരിമിതമല്ല, മറിച്ച് പുകവലി , വൃത്തിഹീനമായ വസ്ത്രം , ശരീരം തുടങ്ങി മറ്റുള്ളവർക്ക് ഉപദ്രവമുണ്ടാക്കുന്ന എന്തും ഈ വിരോധത്തിൽ ഉൾപ്പെടുന്നു .

3. പള്ളിയിലേക്ക് പോകുമ്പോൾ വൃതിയോടെയും വെടിപ്പോടെയും പോകാൻ ഈ ഹദീസ് നമ്മെ പ്രേരിപ്പിക്കുന്നു.

**കളഞ്ഞു പോയ വസ്തു പള്ളിയിൽ അന്വേഷിക്കൽ**

48- عَـنْ أَبِـيْ هُرَيْـرَةَ رَضِـيَ اللَّهُ عَنْـهُ، يَقُـوْلُ: قَـالَ رَسُـوْلُ اللَّهِ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ: "مَـنْ سَـمِعَ رَجُـلاً يَنْشُـدُ ضَـالَّةً فِـي الْمَسْـجِدِ؛ فَلْيَقُـلْ: لاَ رَدَّهَـا اللَّهُ عَلَيْـكَ؛ فَـإِنَّ الْمَسَاجِدَ لَمْ تُبْنَ لِهَذَا".

(صحيح مسلم، رقم الحديث 79 -(568)، ).

അബൂ ഹുറയ്റ (റ) ൽ നിന്നും, അദ്ദേഹം പറഞ്ഞു, നബി(സ) പറഞ്ഞു: കളഞ്ഞുപോയ വസ്തു ആരെങ്കിലും പള്ളിയിൽ വെച്ച് അന്വേഷിക്കുന്നത് കേട്ടാൽ നിങ്ങൾ ഇപ്രകാരം പറയുക: അല്ലാഹു നിനക്ക് അത് തിരിച്ചു നൽകാതിരിക്കട്ടെ, നിശ്ചയം പള്ളികൾ ഇതിന് വേണ്ടിയല്ല നിർമ്മിച്ചിട്ടുള്ളത്. (മുസ്ലിം 79 (568))

**ഹദീസ് നിവേദകൻ**

*ഹദീസ് നമ്പർ 1 നോക്കുക*

**ഹദീസിലെ പാഠങ്ങൾ**

1.ഭൂമിയിലെ ഉത്കൃഷ്ട ഭാഗവും അല്ലാഹുവിനു ഏറ്റവും ഇഷ്ടവുമുള്ള സ്ഥലങ്ങളുമാണ് പള്ളികൾ, ഇസ്‌ലാമിൽ അത് കൊണ്ട് തന്നെ വളരെ ഉയർന്ന സ്ഥാനമാണ് അവക്കുള്ളത്. അത് കൊണ്ട് തന്നെ അതിന്റെ പവിത്രത കാത്ത് സൂക്ഷിക്കാൻ ഓരോ മുസ്‌ലിമും ബാധ്യസ്ഥരാണ്.

2.കളഞ്ഞുപോയ വസ്തുക്കളും മറ്റും പള്ളിയിൽ വെച്ച് അന്വേഷിക്കലോ പരസ്യപ്പെടുത്തലോ അനുവദനീയമല്ല, എന്നാൽ പള്ളിയുടെ പുറത്ത് വാതിലിലോ ചുമരിലോ അത് തൂക്കിയിടുന്നതിനും പരസ്യപ്പെടുത്തുന്നതിനും വിരോധമില്ല.

3.പള്ളികളുടെ നിർമ്മാണ ലക്ഷ്യം തന്നെ അല്ലാഹുവിനെ ഏകനാക്കി ആരാധിക്കുക എന്നതാണ്. അത് കൊണ്ട് തന്നെ പള്ളികളിൽ അല്ലാഹുവിനു പുറമെയുള്ളവരെ വിളിച്ച് പ്രാർത്ഥിക്കാവതല്ല.

## വിത്൪് നമസ്കാരത്തിലെ ഖുനൂത്തിലെ പ്രാർത്ഥന

49- عَنِ الْحَسَنِ بْنِ عَلِيٍّ رَضِيَ اللهُ عَنْهُمَا، قَالَ: عَلَّمَنِيْ رَسُوْلُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ كَلِمَاتٍ أَقُوْلُهُنَّ فِيْ قُنُوْتِ الْوِتْرِ: "اَللَّهُمَّ اهْدِنِيْ فِيْمَنْ هَدَيْتَ، وَعَافِنِيْ فِيْمَنْ عَافَيْتَ، وَتَوَلَّنِيْ فِيْمَنْ تَوَلَّيْتَ، وَبَارِكْ لِيْ فِيْمَا أَعْطَيْتَ، وَقِنِيْ شَرَّمَا قْضَيْتَ؛ إِنَّكَ تَقْضِيْ وَلاَ يُقْضَى عَلَيْكَ، وَإِنَّهُ لاَ يَذِلُّ مَنْ وَّالَيْتَ، وَلاَ يَعِزُّ مَنْ عَادَيْتَ، تَبَارَكْتَ رَبَّنَا وَتَعَالَيْتَ".

(سنن أبي داود، رقم الحديث 1425، واللفظ له، وجامع الترمذي، رقم الحديث 464، وسنن النسائي، رقم الحديث 1745، وسنن ابن ماجه، رقم الحديث 1178، قال الإمام الترمذي عن هذا الحديث بأنه: حسن، وصححه الألباني).

ഹസൻ ഇബ്നു അലി (റ) ൽ നിന്നും, അദ്ദേഹം പറഞ്ഞു; വിത്൪ിലെ ഖുനൂത്തിൽ ചൊല്ലാനുള്ള വാചകങ്ങളായി നബി(സ) എന്നെ ഇപ്രകാരം പഠിപ്പിച്ചു: "اَللَّهُمَّ اهْدِنِيْ فِيْمَنْ هَدَيْتَ، وَعَافِنِيْ فِيْمَنْ عَافَيْتَ، وَتَوَلَّنِيْ فِيْمَنْ تَوَلَّيْتَ، وَبَارِكْ لِيْ فِيْمَا أَعْطَيْتَ، وَقِنِيْ شَرَّمَا قْضَيْتَ؛ إِنَّكَ تَقْضِيْ وَلاَ يُقْضَى عَلَيْكَ، وَإِنَّهُ لاَ يَذِلُّ مَنْ وَّالَيْتَ، وَلاَ يَعِزُّ مَنْ عَادَيْتَ، تَبَارَكْتَ رَبَّنَا وَتَعَالَيْتَ". (അബൂ ദാവൂദ് 1425, നസാഈ 464, ഇബ്നു മാജ 1178)

**<u>ഹദീസ് നിവേദകൻ</u>**

അബൂ മുഹമ്മദ് അൽ ഖുറശീ അൽ ഹാഷിമീ എന്ന ഇദ്ദേഹം അലി(റ) ന്റെയും ഫാത്തിമ(റ) യുടെയും മകനും നബി(സ) യുടെ പേരക്കുട്ടിയുമായ ഹസൻ (റ) ആണ്. ഹി:3 റമദാൻ മാസം പകുതിയിൽ ഭൂജാതനായി. തന്റെ മാതാ പിതാക്കളുടെ മൂത്ത പുത്രനായിരുന്ന അദ്ദേഹത്തിനു നബി(സ) യാണ് ഹസൻ എന്ന പേരിട്ടത്. നബി(സ) യിൽ നിന്നും 13 ഹദീസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബുദ്ധിമാനും സഹനശീലനും ആയ അദ്ദേഹം മുസ്ലിംകളുടെ രക്തവും ഐക്യവും സംരക്ഷിക്കുന്നതിൽ അതീവ തത്പരനായിരുന്നു എന്നതിന്റെ പ്രകടമായ ഉദാഹരണമാണ് മുആവിയ (റ) ന് അധികാര ചക്രം ഒഴിഞ്ഞു കൊടുത്തത്. അങ്ങനെ മുസ്ലിംകൾ ഏകോപിക്കപ്പെടുകയും ഐക്യ ഖണ്ഡേനെ ഭരണാധികാരിയെ അംഗീകരിക്കുകയും ഹി :41 ഐക്യത്തിന്റെ വർഷം എന്നറിയപ്പെടുകയും ചെയ്തു. തന്റെ 47 ആം വയസിൽ ഹി: 49 ഇൽ മരണപ്പെട്ടു. 50 ൽ ആണെന്നും അഭിപ്രായമുണ്ട്. ബഖീഉൽ അർഖദിൽ മാതാവ് ഫാത്തിമ (റ) ഖബറിന് സമീപം ഖബറടക്കപ്പെട്ടു.

**<u>ഹദീസിലെ പാഠങ്ങൾ</u>**

1.നമസ്കാരത്തിൽ നിറുത്തത്തിൽ പ്രത്യേകമായി ചൊല്ലുന്ന പ്രാർത്ഥനക്കാണ് ഖുനൂത്ത് എന്ന് പറയുന്നത്. വിത്ത്റിലെ ഖുനൂത്ത് നബി(സ) ചെയ്തതായി സ്ഥിരപ്പെട്ട് വന്നിട്ടില്ല, എന്നാൽ ഹസൻ(റ) വിന് വിത്റിലെ ഖുനൂത്തിൽ ചൊല്ലാനുള്ള വാചകങ്ങൾ നബി(സ) പഠിപ്പിച്ചതായി കാണുന്നു.

2.വിത്ത്റിലെ ഖുനൂത്ത് നിർവഹിക്കേണ്ടത് അവസാന റക്അത്തിൽ റുകൂഇന് ശേഷമാണ് . എന്നാൽ റുകൂഇന് മുമ്പും അനുവദനീയമാണ്.

**വിത്റ് നമസ്കാരം ഖളാഅ് ആയാലുള്ള വിധി**

50- عَـــنْ أَبِـــيْ سَـــعِيْدٍ اَلْخُـــدْرِيِّ رَضِـــيَ اللهُ عَنْـــهُ، قَـــالَ: قَـــالَ رَسُـــوْلُ اللَّهِ صَـــلَّى اللَّه عَلَيْـــهِ وَسَـــلَّمَ: "مَـــنْ نَـــامَ عَـــنِ الْـــوِتْرِ أَوْ نَسِـــيَهُ؛ فَلْيُصَـــلِّ إِذَا ذَكَـــرَ وَإِذَاَ اسْتَيْقَظَ".

(جـــامع الترمـــذي، رقـــم الحـــديث 465، واللفـــظ لـــه، وســـنن أبـــي داود، رقـــم الحـــديث 1431، وســـنن ابـــن ماجه، رقم الحديث 1188، وصححه الألباني).

അബൂ സഈദിൽ ഖുദ്രിയ്യി (റ) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: ആരെങ്കിലും വിത്റ് നമസ്കാരം മറന്നു പോവുകയോ ഉറങ്ങി പോവുകയോ ചെയ്താൽ അവൻ ഉറക്കിൽ നിന്ന് ഉണർന്നാലോ ഓർമ വരുന്ന സമയത്തോ അത് നമസ്കരിച്ചു കൊള്ളട്ടെ. (തുർമുദി 465 , അബൂ ദാവൂദ് 1431 , ഇബ്നു മാജ 771)

**<u>ഹദീസ് നിവേദകൻ</u>**

***ഹദീസ് നമ്പർ 43 നോക്കുക***

**<u>ഹദീസിലെ പാഠങ്ങൾ</u>**

1. മറന്നു കൊണ്ടോ ഉറക്കം മൂലമോ വിത്ത്റ് നമസ്കാരം ഒഴിവാകിയവന് എപ്പോഴാണോ അവൻ ഉറക്കമുണരുന്നത് അതല്ലെങ്കിൽ എപ്പോഴാണോ അവന് ഓർമ വരുന്നത് അപ്പോൾ അത് നിർവഹിക്കാൻ അനുവാദമുണ്ട്. 'ആരെങ്കിലും നമസ്കാരം മറന്ന് ഉറങ്ങിപ്പോയാൽ അതിനുള്ള പ്രായശ്ചിത്തം അത് ഓർമ വരുമ്പോൾ അത് നമസ്കരിക്കലാണ്' (മുസ്‌ലിം 315684) എന്ന നബി(സ) യുടെ വചനമാണ് ഇതിനുള്ള തെളിവ്.

2. ഒരാൾ വിത്ത്റ് നമസ്കരിക്കാതെ ഉറങ്ങിപ്പോയാൽ അയാൾ ദുഹാ സമയത്ത് ഇരട്ടയാക്കി നമസ്കരിക്കുകയാണ് വേണ്ടത് എന്ന് ചില പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ കാണാം, നബി(സ) വിത്ത്റ് നമസ്കരിക്കാതെ ഉറങ്ങിപ്പോയാൽ ദുഹാ സമയത്ത് അവിടുന്ന് പന്ത്രണ്ട് റക്അത്ത് നമസ്കരിക്കാറുണ്ടായിരുന്നു എന്ന ആഇഷ (റ) യുടെ ഹദീസ് (മുസ്‌ലിം 139 746) ആണ് ഇവർ അതിനു തെളിവാക്കുന്നത് .

3. മേൽ പറഞ്ഞ രണ്ട് രീതിയും സ്വീകരിക്കാവുന്നതാണ്. എന്നാൽ ഒന്നാമത്തെ അഭിപ്രായമാണ് കൂടുതൽ പ്രബലമായിട്ടുള്ളത്.. الله اعلم

വിത്ത്റ് നമസ്കാരത്തിന്റെ വിധി

51- عَـنْ جَـابِرٍ رَضِـيَ اللهُ عَنْـهُ، قَـالَ: قَـالَ رَسُـوْلُ اللَّهِ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ: "مَـنْ خَـافَ أَنْ لاَ يَقُـوْمَ مِـنْ آخِـرِ اللَّيْـلِ؛ فَلْيُـوْتِرْ أَوَّلَـهُ، وَمَـنْ طَمِـعَ أَنْ يَقُـوْمَ آخِـرَهُ؛ فَلْيُـوْتِرْ آخِـرَ اللَّيْـلِ؛ فَـإِنَّ صَـلاَةَ آخِـرِ اللَّيْـلِ مَشْهُوْدَةٌ، وَذَلِكَ أَفْضَلُ".

(صحيح مسلم، رقم الحديث 162 -(755)، ).

ജാബിർ (റ) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: ആരെങ്കിലും രാത്രിയുടെ അന്ത്യ യാമത്തിൽ എഴുന്നേൽകില്ല എന്ന് ഭയപ്പെട്ടാൽ അവൻ അതിന്റെ (രാത്രിയുടെ) ആദ്യത്തിൽ വിത്ത്റ് ആക്കട്ടെ, രാത്രിയുടെ അന്ത്യ യാമത്തിൽ എഴുന്നേൽക്കണമെന്ന് ആരെങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ അവൻ അതിന്റെ (രാത്രിയുടെ) അന്ത്യ യാമത്തിൽ വിത്ത്റ് ആക്കട്ടെ, രാത്രിയുടെ അന്ത്യ യാമത്തിലെ നമസ്കാരം സാക്ഷ്യം വഹിക്കുന്നതാണ്, അത് തന്നെയാണ് ശ്രേഷ്ഠവും. (മുസ്ലിം 162755)

**ഹദീസ് നിവേദകൻ**

***ഹദീസ് നമ്പർ 22 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1.രാത്രിയുടെ അന്ത്യ യാമങ്ങളിൽ എഴുന്നേറ്റ് നമസ്കരിക്കാൻ കഴിയുമെന്നു ഉറപ്പുള്ളവർക്ക് രാത്രി നമസ്കാരം ആ സമയത്ത് നിർവഹിക്കലാണ് ഏറ്റവും ഉത്തമം എന്നതിന് ഈ ഹദീസ് വ്യക്തമായ തെളിവാണ്, എന്നാൽ രാത്രി എഴുന്നേൽക്കും എന്ന് ഉറപ്പില്ലാത്തവർക്ക് രാത്രിയുടെ ആദ്യത്തിൽ നമസ്കരിക്കുന്നതാണ് ശ്രേഷ്ഠം.

2. ഒരാൾ രാത്രിയുടെ ആദ്യത്തിൽ നമസ്കരിക്കുകയും വിത്ത്റ് ആക്കുകയും ചെയ്യുകയും പിന്നീട് രാത്രിയുടെ അന്ത്യ യാമങ്ങളിൽ എഴുന്നേറ്റ് നമസ്കരിക്കണമെന്ന് തോന്നുകയും ചെയ്താൽ ഈ രണ്ട് റക്അത്തുകളായി അവനുദ്ദേശിക്കുന്നത്ര അവനു നമസ്കരിക്കാവുന്നതാണ്. വിത്ത്റ് ആക്കേണ്ടതില്ല.

3. ഇഷാ നമസ്കാരത്തിനു ശേഷം സുബ്ഹിന്റെ സമയം വരെയാണ് രാത്രി നമസ്കാരത്തിന്റെ സമയം. നബി (സ) യുടെ പല ഹദീസുകളും ഇതിന് തെളിവാണ്. ഉദാ : (മുസ്‌ലിം 160 (754)) (തുർമുദീ 469)

**തെറ്റുകൾ പരസ്യമാക്കുന്നതിനെ തൊട്ട് ജാഗ്രത**

52- عَـنْ أَبِـي هُرَيْـرَةَ رَضِـيَ اللَّهُ عَنْـهُ، يَقُـوْلُ: سَـمِعْتُ رَسُـوْلَ اللَّهِ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ يَقُـوْلُ: "كُـلُّ أُمَّتِـي مُعَـافًى إِلاَّ الْمُجَـاهِرِينَ، وَإِنَّ مِـنَ الْمُجَـاهَرَةِ أَنْ يَعْمَـلَ الرَّجُـلُ بِاللَّيْـلِ عَمَـلاً، ثُـمَّ يُصْـبِحُ وَقَـدْ سَـتَرَهُ اللَّهُ؛ فَيَقُـوْلُ: يَـا فُـلاَنُ، عَمِلْـتُ الْبَارِحَـةَ كَـذَا وَكَـذَا، وَقَـدْ بَـاتَ يَسْـتُرُهُ رَبُّـهُ، وَيُصْـبِحُ يَكْشِفُ سِتْرَ اللَّهِ عَنْهُ ".

(صحيح البخاري، رقم الحديث 6069، واللفظ له، وصحيح مسلم، رقم الحديث 52 - (2990)،).

അബൂ ഹുറെയ്റ (റ) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു: നബി(സ) പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: പരസ്യപ്പെടുത്തുന്നവരൊഴികെ എന്റെ സമുദായത്തിൽ എല്ലാവരും വിട്ട് വീഴ്ച ചെയ്യപ്പെടും, പരസ്യപ്പെടുത്തുക എന്നാൽ ; ഒരു മനുഷ്യൻ രാത്രി ഒരു പ്രവർത്തനം ചെയ്തു, അല്ലാഹു അത് മറച്ചു വെക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ പ്രഭാതമായപ്പോൾ അവൻ പറയുന്നു; ഏ മനുഷ്യാ, ഞാൻ ഇന്നലെ രാത്രി ഇന്നയിന്ന കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ട്, റബ്ബ് അതിനെ (അവന്റെ ചെയ്തികളെ) മറച്ചു വെച്ചവനായി അവൻ രാത്രി കഴിച്ചു കൂട്ടുകയും അല്ലാഹു അവനെ തൊട്ട് മറച്ചു വെച്ചതിനെ പ്രത്യക്ഷപ്പെടുത്തുന്നവനായി അവൻ നേരം വെളുപ്പിക്കലുമാണത്. (ബുഖാരി 6069 , മുസ്ലിം 522 (990))

**<u>ഹദീസ് നിവേദകൻ</u>**

**ഹദീസ് നമ്പർ ၊ നോക്കുക**

**<u>ഹദീസിലെ പാഠങ്ങൾ</u>**

1.തന്റെ ജീവിതത്തിൽ വന്നു പോയ അല്ലാഹു മറച്ചു വെച്ച് തെറ്റ് സ്വയം പരസ്യമാക്കാതെ തനിക്ക് സംഭവിച്ച വീഴ്ചയിൽ പശ്ചാതപിക്കുവാൻ മതം മുസ്ലിംകളോട് ആവശ്യപ്പെടുന്നു. അങ്ങനെ ചെയ്യുന്ന പക്ഷം അല്ലാഹു അവനു പൊറുത്തു കൊടുക്കുന്നതാണ്.

2.തെറ്റുകൾ മറച്ചു വെക്കുന്നതോടൊപ്പം ഇനി ഒരിക്കലും ആ തിന്മയിലേക്ക് മടങ്ങി പോകില്ലെന്ന ദൃഢ നിശ്ചയത്തോടെയാണ് പാശ്ചാതപിക്കേണ്ടത്. അങ്ങനെ ആത്മാർത്ഥമായും സത്യ സന്ധമായും ഉള്ള തൗബയാണ് അല്ലാഹു സ്വീകരിക്കുക.

3. വിട്ട് വീഴ്ച ചെയ്യപ്പെടും എന്നത് കൊണ്ടുള്ള ഉദ്ദേശം അല്ലാഹു ആ വ്യക്തിക്ക് കഴിവും തിന്മകളിൽ നിന്നുള്ള രക്ഷയും നൽകും എന്നതാണ്. പരസ്യപ്പെടുത്തുന്നവർ എന്നുള്ളത് കൊണ്ടുള്ള ഉദ്ദേശം തെറ്റ് ചെയ്യുകയും അത് മറ്റുള്ളവരോട് ഞാൻ ഇന്ന പ്രവർത്തനം (തെറ്റ്) ചെയ്തിട്ടുണ്ട് എന്ന നിലക്ക് പറഞ്ഞോ മറ്റു മാർഗങ്ങങ്ങളിലൂടെയോ അറിയിച്ചു കൊടുക്കുന്നവൻ എന്നുള്ളതാണ്.

## നന്മയിൽ ഏറ്റവും കൂടുതൽ അവകാശമുള്ളത് മതാവിനാണ്

53-عَنْ أَبِيْ هُرَيْرَةَ رَضِيَ اللَّهُ عَنْهُ، قَالَ: جَاءَ رَجُلٌ إِلَى رَسُوْلِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ؛ فَقَالَ: يَا رَسُوْلَ اللَّهِ! مَنْ أَحَقُّ النَّاسِ بِحُسْنِ صَحَابَتِي؟ قَالَ: "أُمُّكَ" قَالَ: ثُمَّ مَنْ؟ قَالَ: "ثُمَّ أُمُّكَ"، قَالَ: ثُمَّ مَنْ؟ قَالَ: "ثُمَّ أُمُّكَ"، قَالَ: ثُمَّ مَنْ؟ قَالَ: "ثُمَّ أَبُوْكَ".

(صحيح البخاري، رقم الحديث 5971، وأيضاً صحيح مسلم، رقم الحديث 1 - (2548)،).

അബൂ ഹുറെയ്റ (റ)ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; ഒരു മനുഷ്യൻ പ്രവാചകൻ(സ) യുടെ അടുക്കലേക്ക് വന്നിട്ട് പറഞ്ഞു; അല്ലാഹുവിന്റെ ദൂതരേ, ഞാൻ ജനങ്ങളിൽ ഏറ്റവും നന്നായി സഹവർത്തിക്കേണ്ടത് ആരോടാണ് ? അവിടുന്ന് പറഞ്ഞു: നിന്റെ ഉമ്മയോടാണ് . അയാൾ ചോദിച്ചു; പിന്നെ ആരോടാണ് ? അവിടുന്ന് പറഞ്ഞു: പിന്നെ നിന്റെ ഉമ്മയോടാണ്. അയാൾ ചോദിച്ചു; പിന്നെ ആരോടാണ് ? അവിടുന്ന് പറഞ്ഞു: പിന്നെ നിന്റെ ഉമ്മയോടാണ് . അയാൾ ചോദിച്ചു; പിന്നെ ആരോടാണ് ? അവിടുന്ന് പറഞ്ഞു: പിന്നെ നിന്റെ ഉപ്പയോടാണ്. (ബുഖാരി 5971, മുസ്‌ലിം 1 (2548))

**ഹദീസ് നിവേദകൻ**

**ഹദീസ് നമ്പർ । നോക്കുക**

**ഹദീസിലെ പാഠങ്ങൾ**

1. സഹവർതിത്തം എന്നത് കൊണ്ടുള്ള ഉദ്ദേശം നല്ല സമീപനവും നന്മ നിറഞ്ഞ പെരുമാറ്റവുമാണ്.

2. ഗർഭം ചുമക്കലും പ്രസവിക്കലും പരിചരിക്കലുമടക്കം ഭാരിച്ച ഉത്തരവാദിത്തങ്ങളൊക്കെ മാതാവിൽ നിക്ഷിപ്തമായത് കൊണ്ടാണ് മാതാവിന് ഇത്ര വലിയ സ്ഥാനം നല്കപ്പെടുന്നത്.

3. നല്ല സമീപനം കൊണ്ടും നന്മ നിറഞ്ഞ പെരുമാറ്റം കൊണ്ടും ഇടക്കിടെയുള്ള സന്ദർശനങ്ങളും നിറഞ്ഞ സ്നേഹവും സമ്മാനങ്ങളും കൊടുത്തും രോഗിയാകുമ്പോൾ പ്രാർത്ഥിച്ചും പ്രയാസപ്പെടുമ്പോൾ കൂടെ നിന്നും പ്രയാസപ്പെടുത്താതെ സങ്കടപ്പെടുത്താതെ ദുഖിപ്പിക്കാതെ ആദർശപരമായ നന്മകളെ പകർന്നു കൊടുത്തും നമ്മൾ കൂടെ നിഅല്ക്കാൻ ഏറ്റവും കടപ്പെട്ടത് നമ്മുടെ മാതാവിനോടാണ് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

### പിതാവിനെ ഉപദ്രവിക്കൽ വൻപാപം

54- عَـنْ عَبْـدِ اللَّهِ بـنِ عَمْـرٍو رَضِـيَ اللَّهُ عَنْهُمـا، عَـنِ النَّبِـيِّ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ، قـالَ: "رِضَـا الـرَّبِّ فِـيْ رِضَا الْوَالِدِ، وَسَخَطُ الرَّبِّ فِيْ سَخَطِ الْوَالِدِ".
(جـامع الترمـذي، رقـم الحـديث 1899، صـححه الألباني).

അബ്ദുല്ലാഹിബ്നു അമ്ര് (റ) ഇൽ നിന്നും, നബി(സ) പറഞ്ഞിരിക്കുന്നു: റബ്ബിന്റെ തൃപ്തി പിതാവിന്റെ തൃപ്തിയിലാണ്, റബ്ബിന്റെ കോപം പിതാവിന്റെ കോപത്തിലുമാണ്. (തുർമുദീ 1899)

**<u>ഹദീസ് നിവേദകൻ</u>**

***ഹദീസ് നമ്പർ 37 നോക്കുക***

**<u>ഹദീസിലെ പാഠങ്ങൾ</u>**

1. പിതാവിനെ ആദരിക്കാനും അനുസരിക്കാനും ഈ ഹദീസ് നമ്മോട് ആവശ്യപെടുന്നു. പിതാവിനെ അനുസരിക്കൽ അല്ലാഹുവിനെ അനുസരിക്കുന്നതിന്റെ ഭാഗവും അവരോട് കോപിക്കൽ അല്ലാഹുവിന്റെ കോപം ലഭിക്കാനും ഇടയാക്കും.

2.മാതാ പിതാക്കളെ ഉപദ്രവിക്കൽ മഹാ പാതകമാണെന്നു ഈ ഹദീസിൽ നിന്നും മനസ്സിലാക്കാം

നല്ലത്  സമ്പാദിക്കാനുള്ള പ്രേരണ

55- عَـنْ أَبِـيْ هُرَيْـرَةَ رَضِـيَ اللَّهُ عَنْـهُ، يَقُـوْلُ: قَـالَ رَسُـوْلُ اللَّهِ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ: "لأَنْ يَحْتَـزِمَ أَحَـدُكُمْ حُزْمَـةً مِـنْ حَطَـبٍ؛ فَيَحْمِلَهَـا عَلَـى ظَهْـرِهِ؛ فَيَبِيْعَهَـا؛ خَيْـرٌ لَهُ مِنْ أَنْ يَسْأَلَ رَجُلاً يُعْطِيْهِ أَوْ يَمْنَعُهُ".

(صـحيح مسـلم، رقـم الحـديث 107 - (1042)، واللفـظ لـه، وصـحيح البخـاري، رقـم الحـديث 2074).

അബൂ ഹുറയ്റ (റ) ൽ നിന്നും, അദ്ദേഹം പറഞ്ഞു, നബി(സ) പറഞ്ഞു: നിങ്ങളിൽ ഒരാൾ മരം മുറിച്ച് വിറക് കീറി ,തന്റെ ചുമലിൽ വഹിച്ച് അത് വിൽക്കുന്നതാ ണ് ആളുകളുടെ മുമ്പിൽ യാചിക്കുന്ന തിനേക്കാൾ ഉത്തമം, യാചിച്ചാൽ ചിലപ്പോൾ അവന് അവർ നൽകും, അല്ലെങ്കിൽ നൽകില്ല.  (മുസ്‌ലിം 107 (1042), ബുഖാരി  2074)

<u>**ഹദീസ് നിവേദകൻ**</u>

***ഹദീസ് നമ്പർ  1  നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1.ഇസ്‌ലാം അദ്ധ്വാനിച്ച് അനുവദനീയമായ നല്ല കാര്യങ്ങൾ സമ്പാദിക്കുന്നതിനെ പ്രോത്സാഹിപ്പി ക്കു കയും യാചനയെ നിരുത്സാഹപെടുത്തുക യും ചെയ്യുന്നു.

2.അദ്ധ്വാനിച്ച് അനുവദനീയമായ നല്ല കാര്യങ്ങൾ സമ്പാദിക്കുന്നവന് ഇസ്‌ലാമിൽ വളരെ വലിയ സ്ഥാന മുണ്ട്, തൊഴിലുടമയിൽ നിന്ന് പോലും ഹറാം ചെയ്യാനുള്ള പ്രേരണ ഉണ്ടായാൽ പോലും മുസ്‌ലിം അതിൽ നിന്നും മാറി നിൽക്കേണ്ടതാണ്.

3.ഇസ്‌ലാം പ്രോത്സാഹിപ്പിച്ച അദ്ധ്വാനിച്ച് അനുവദ നീയമായ നല്ല കാര്യങ്ങൾ സമ്പാദിക്കുന്നതിന് വിരുദ്ധ വും ഇസ്‌ലാം നിരുത്സാഹപെടുത്തിയ യാചനയിലേക്ക് നയിക്കുന്നതുമായ മടി മുസ്‌ലിം ഒഴിവാക്കേണ്ട താണ്.

## താടിയെ മാനിക്കേണ്ടതിന്റെയും വളർത്തേണ്ടതിന്റെയും അനിവാര്യത

56- عَنْ عَبْدِ اللهِ بْنِ عُمَرَ رَضِيَ اللَّهُ عَنْهُمَا، عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ، قَالَ: "أَحْفُوْا الشَّوَارِبَ وَأَعْفُوْا اللِّحَى".

(صحيح مسلم، رقم الحديث 52- (259)، واللفظ له، وصحيح البخاري، رقم الحديث 5893،).

അബ്ദുല്ലാഹിബ്നു ഉമർ (റ) ഇൽ നിന്നും, നബി(സ) പറഞ്ഞിരിക്കുന്നു: നിങ്ങൾ മീശ ചെറുതാക്കുകയും താടിയെ വിടുകയും ചെയ്യുക. (മുസ്‌ലിം 107 (1042), ബുഖാരി 2074)

**ഹദീസ് നിവേദകൻ**

***ഹദീസ് നമ്പർ  11  നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1.താടി വളർത്തുന്നതിന്റെ പ്രാധാന്യം ഈ ഹദീസ് നമ്മെ ബോധ്യപ്പെടുത്തുന്നു. അത് വടിച്ച് കളയൽ അനുവദനീയമല്ല.

2.കീഴ്ച്ചുണ്ടിനു താഴെ മുളക്കുന്ന രോമവും താടി യിലാണ് എണ്ണപ്പെടുക.

3.അത് പോലെ തന്നെ മീശ വെട്ടി ചുരുക്കേണ്ടതിന്റെ പ്രാധാന്യവും ഈ ഹദീസ് വ്യക്തമാക്കുന്നു. മീശ മുഴു വനായോ അല്ലെങ്കിൽ അതിന്റെ രണ്ടറ്റങ്ങളോ വളർത്തൽ മുസ്‌ലിമിന് അനുവദനീയമല്ല.

### ചെലവിന് കൊടുക്കുന്നതിലും പ്രതിഫലം

57- عَـنْ سَـعْدِ بْـنِ أَبِـيْ وَقَّـاصٍ رَضِـيَ اللَّهُ عَنْـهُ، أَنَّ رَسُـوْلَ اللَّهِ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ، قَـالَ: "إِنَّـكَ لَـنْ تُنْفِـقَ نَفَقَـةً تَبْتَغِـيْ بِهَـا وَجْـهَ اللَّهِ إِلاَّ أُجِـرْتَ عَلَيْهَـا، حَتَّـى مَـا تَجْعَلُ فِيْ فَمِ امْرَأَتِكَ".

(صـحيح البخاري، رقم الحديث 56، واللفظ له، وصـحيح مسلم، جزء من رقم الحديث 5 - (1628)).

സഅദ് ഇബ്നു അബീ വഖാസ് (റ) ഇൽ നിന്നും, നബി(സ) പറഞ്ഞിരിക്കുന്നു: അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചു കൊണ്ട് നിങ്ങൾ ചിലവഴിക്കുന്ന ഏത് കാര്യത്തിനും നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടും, ഒരാൾ തന്റെ ഭാര്യയുടെ വായിൽ വെച്ച് കൊടുക്കുന്ന (ഭക്ഷണത്തിനു) പോലും. (ബുഖാരി 56, മുസ്ലിം 5 (1628))

<u>**ഹദീസ് നിവേദകൻ**</u>

***ഹദീസ് നമ്പർ 5 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1.ആത്മാർത്ഥമായും സത്യ സന്ധമായും ഉള്ള നിയ്യ ത്തോട് (ഉദ്ദേശം) കൂടിയുള്ള കർമങ്ങൾക്ക് മാത്രമേ പ്രതിഫലം ലഭിക്കുകയുള്ളൂ.

2..ഇസ്‌ലാമിക കാഴ്ചപ്പാടിൽ ആരാധനകൾ വളരെ വിശാലമാണ്. ആത്മാർത്ഥമായും സത്യ സന്ധമായും ഉള്ള ഉദ്ദേശം ഉണ്ടെങ്കിൽ അനുവദനീയമായ നിത്യ ജീവിതവുമായി ബന്ധപ്പെട്ട സാധാരാണ കാര്യങ്ങൾ പോലും ആരാധനയുടെ പരിധിയിലേക്ക് കൊണ്ട് വരാനും മഹത്തായ പ്രതിഫലം നേടിയെടുക്കാനും സാധിക്കും.

3.ഭാര്യാ ഭർതൃ സ്നേഹ പ്രകടനത്തിന്റെ ഒരു ഉത്തമ ഉദാഹരണമാണ് ഭക്ഷണം വായിൽ വെച്ച് കൊടുക്കുക എന്നത്. ഭൗതികമായ പല നേട്ടങ്ങളും അത് കൊണ്ട് ഉണ്ടായിത്തീരാം , എങ്കിൽ കൂടി അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് കൊണ്ടാണ് അത്തരം പ്രവൃത്തികൾ ചെയ്യുന്നതെങ്കിൽ അതിന് പോലും നന്മകൾ പ്രതിഫലമായി നേടിയെടുക്കാൻ സാധിക്കും.

### ദുഃഖാചരണത്തിന്റെ വിധികൾ

58- عَـنْ أُمِّ عَطِيَّــةَ رَضِــيَ اللهُ عَنْهَــا، قَالَـتْ: قَـالَ النَّبِـيُّ صَـلَّى اللهُ عَلَيْـهِ وَسَلَّمَ: "لاَ يَحِـلُّ لِامْـرَأَةٍ تُـؤْمِنُ بِـاللَّهِ وَاليَـوْمِ الآخِــرِ، أَنْ تُحِــدَّ فَــوْقَ ثَــلاَثٍ إِلاَّ عَلَــى زَوْجٍ؛ فَإِنَّهَــا لاَ تَكْتَحِلُ وَلاَ تَلْبَسُ ثَوْبًا مَصْبُوغًا، إِلاَّ ثَوْبَ عَصْبٍ".
(صحيح البخاري، رقم الحديث 5342).

ഉമ്മു അത്തിയ്യ (റ) ൽ നിന്നും, അവർ പറഞ്ഞു; നബി (സ) പറഞ്ഞിരിക്കുന്നു: അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വസിക്കുന്ന ഒരു സ്ത്രീക്കും തങ്ങളുടെ ഭർത്താക്കന്മാരുടെ വിഷയത്തിലല്ലാത്തെ സുറുമ യിടാതെ,വർണ്ണ വസ്ത്രം ധരിക്കാതെ,പരുക്കൻ വസ്ത്രം മാത്രം ധരിച്ചു കൊണ്ടുള്ള ദുഃഖാചരണം മൂന്നു ദിവസത്തിൽ കൂടുതൽ അനുവദനീയമല്ല (ബുഖാരി 5342)

**<u>ഹദീസ് നിവേദകൻ</u>**

നുസൈബ ബിൻത് ഹാരിസ് അൽ അൻസാരി എന്നാണ് യഥാർത്ഥ നാമം (നുസൈബ ബിൻത് കഅബ് എന്നും അഭിപ്രായമുണ്ട്) . ഉമ്മു അതിയ്യ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഏഴു പ്രാവശ്യത്തോളം നബി(സ)യുടെ കൂടെ അല്ലാഹുവിന്റെ മാർഗത്തിലുള്ള ധർമ സമരത്തിന് ഇറങ്ങി പുറപ്പെട്ടിട്ടുണ്ട്. യുദ്ധ രംഗത്ത് പരിക്കേറ്റവരെ ചികിത്സിച്ചും മുറിവേറ്റവരെ പരിചരിച്ചും കുടിവെള്ള വിതരണം നടത്തിയും രക്തസാക്ഷികളെ നീക്കുന്നതിലും സേവ

നമനുഷ്ഠിച്ചു. അതോടൊപ്പം തന്നെ അറിവ് വ്യാപിപ്പിക്കുന്നതിലും ശ്രദ്ധ പതിപ്പിച്ച അവർ സ്വഹാബാക്കളിൽ പ്രശസ്തയായിരുന്നു. നബി(സ) യുടെ വിയോഗാനന്തരം ബസറയിലേക്ക് മാറിയ അവരിൽ നിന്നും ബസറ നിവാസികളായ സ്വഹാബികളും താബിഉകളും മയ്യിത്ത് സംസ്കരണപാഠങ്ങൾ ഉൾപ്പടെ ധാരാളം അറിവ് കരസ്ഥമാക്കിയിട്ടുണ്ട്. നബി (സ) യിൽ നിന്നും 40 ഹദീസുകൾ റിപ്പോർട്ട് ചെയ്ത മഹതി ഹി: 70 ഇൽ ഇഹലോക വാസം വെടിഞ്ഞു.

**<u>ഹദീസിലെ പാഠങ്ങൾ</u>**

1.ഈ ഹദീസിൽ ഇഹ്ദാദ് എന്ന അറബി പദത്തിന്റെ ഉദ്ദേശം ഉറ്റവരുടെയും ഉടയവരുടെയും വിയോഗത്തിൽ ദുഖിച്ചു കൊണ്ട് അലങ്കാരങ്ങളിൽ നിന്നും സന്തോഷങ്ങളിൽ നിന്നും മാറി നിൽക്കുന്നതാണ്.

2.ഭർത്താവിന്റെ വിഷയത്തിൽ ഗർഭിണി അല്ലെങ്കിൽ നാല് മാസവും പത്ത് ദിവസവും ഗർഭിണി ആണെങ്കിൽ പ്രസവിക്കുന്നത് വരെയും ഒരു സ്ത്രീ ഇദ്ദ ഇരിക്കലും അതോടൊപ്പം ദുഃഖമാചരിക്കുകയും വേണം.

3.ഭർത്താവല്ലാത്ത മറ്റു ഉറ്റവർ അഥാവാ മക്കളെ പോലെയുള്ളവരുടെ വിഷയത്തിൽ മൂന്ന് ദിവസം വരെ ദുഃഖാചരണം നടത്തൽ സ്ത്രീക്ക് അനുവദനീയമാണ്, എന്നാൽ മൂന്നിൽ കൂടുതൽ അനുവദനീയമല്ല.

ഇസ്‌ലാം കാരുണ്യത്തിന്റെ മതം

59- عَـنْ عَبْـدِ اللهِ بْـنِ عُمَـرَ رَضِـيَ اللَّهُ عَنْهُمَـا: أَنَّ رَسُـوْلَ اللَّهِ صَـلَّى اللهُ عَلَيْـهِ وَسَـلَّمَ قَـالَ: "عُـذِّبَتِ امْـرَأَةٌ فِـيْ هِـرَّةٍ رَبَطَتْهَـا، حَتَّـى مَاتَـتْ؛ فَـدَخَلَتْ فِيهَـا النَّـارَ، لاَ هِـيَ أَطعمَتْهـا وَسَـقَتْها؛ إِذْ حَبَسَـتْها، وَلاَ هِـيَ تَرَكَتْهـا؛ تَأْكُـلُ مِـنْ خَشَاشِ الأَرْضِ".

(صحيح البخاري، رقم الحديث 3482، واللفظ له، وصحيح مسلم، جزء من رقم الحديث 151 - (2242)،).

അബ്ദുല്ലാഹിബ്നു ഉമർ(റ) വിൽ നിന്നും, നബി(സ) പറഞ്ഞിരിക്കുന്നു; പൂച്ചയെ കെട്ടിയിട്ടത്തിന്റെ പേരിൽ ഒരു സ്ത്രീ ശിക്ഷിക്കപ്പെട്ടു, അവൾസഅതിനെ മരിക്കുന്നത് വരെ കെട്ടിയിട്ടു, അതിനു ഭക്ഷണ പാനീയം കൊടുത്തതുമില്ല അതിനെ ഭൂമിയിൽ നിന്ന് മേഞ്ഞു തിന്നാൻ വേണ്ടി അഴിച്ചു വിട്ടതുമില്ല, അങ്ങനെ അവൾ നരകത്തിൽ പ്രവേശിപ്പിക്കപ്പെട്ടു. (ബുഖാരി, മുസ്‌ലിം )

<u>ഹദീസ് നിവേദകൻ</u>

***ഹദീസ് നമ്പർ    ।।    നോക്കുക***

**<u>ഹദീസിലെ പാഠങ്ങൾ</u>**

1.അകാരണമായി ജീവികളെ ഭക്ഷണ പാനീയം നൽകാതെ തടഞ്ഞു വെക്കൽ ക്രൂര ഹൃദയത്തിന്റെ ലക്ഷണവും ദുഃസ്വഭാവവുമാണ്.

2.അകാരണമായി ജീവികളെ ഉപദ്രവിക്കുന്നത് വളരെ വലിയ കുറ്റമാണ്, ഈ ഹദീസിൽ പരാമർശിക്കപ്പെട്ട സ്ത്രീ നരകത്തിൽ പ്രവേശിച്ചതിന് പോലും കാരണം ഇതാണ്.

3.പരിപൂർണമായ സംരക്ഷണവും സൗകര്യവും നൽകികൊണ്ട് ജീവികളെ വളർത്തുന്നതിനു വിരോധമില്ല.

ശ്രേഷ്ഠമായ പ്രാർത്ഥന

60- عَـنْ أَبِـيْ هُرَيْـرَةَ رَضِـيَ اللَّهُ عَنْـهُ، قَـالَ: قَـالَ رَسُـوْلُ اللَّهِ صَلَّـى اللَّهُ عَلَيْـهِ وَسَلَّمَ: "مَـا مِـنْ دَعْـوَةٍ يَـدْعُو بِهَـا الْعَبْـدُ أَفْضَـلَ مِـنْ، اَللَّهُـمَّ إِنِّـيْ أَسْـأَلُكَ الْمُعَافَـاةَ فِـي الـدُّنْيَا وَالْآخِرَةِ".

(سـنن ابـن ماجـه، رقـم الحـديث 3851، وصـححه الألباني).

അബൂ ഹുറെയ്റ (റ)ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി (സ) പറഞ്ഞിരിക്കുന്നു: (അല്ലാഹുവേ, ഇഹ പര ലോകത്ത് വിട്ട് വീഴ്ചയെ ഞാൻ നിന്നോട് ചോദി ക്കുന്നു) എന്നതിനേക്കാൾ ശ്രേഷ്ഠമായ ഒരു പ്രാർ ത്ഥനയും ഒരു ദാസനും (മനുഷ്യനും) പ്രാർത്ഥി ക്കുന്നില്ല . (ഇബ്നു മാജ 3851)

<u>ഹദീസ് നിവേദകൻ</u>

***ഹദീസ് നമ്പർ 1 നോക്കുക***

**<u>ഹദീസിലെ പാഠങ്ങൾ</u>**

1.നിഷ്കളങ്ക ഹൃദയത്തോടെയും ഭയ ഭക്തിയോടെയും ഈ പ്രാർത്ഥന അധികരിപ്പിക്കേണ്ടതുണ്ട്. അത് വഴി ഇഹപര ലോകങ്ങളിൽ അല്ലാഹുവിൽ നിന്നുള്ള രക്ഷയും സമാധാനവും ശാന്തിയും കരസ്ഥമാക്കാവുന്നതുമാണ്.

2. എല്ലാ പ്രയാസങ്ങളിൽ നിന്നും പരീക്ഷണങ്ങളിൽ നിന്നും വഴികേടുകളിൽ നിന്നും പിശാചിൻറെ ദുർബോധനങ്ങളിൽ നിന്നും പ്രതിവിധിയായി ഈ പ്രാർത്ഥന പതിവാക്കാൻ ഈ ഹദീസ് നമ്മെ പ്രേരിപ്പിക്കുന്നു.

3. الْمُعَافَاةَ. എന്നത് കൊണ്ടുള്ള വിവക്ഷ അല്ലാഹു മനുഷ്യനിൽ നിന്ന് വെറുക്കുന്നതും അവനെ തൊട്ട് കോപിക്കുന്നതുമായ എല്ലാ കാര്യങ്ങളെ തൊട്ടും അല്ലാഹുവിന്റെ സംരക്ഷണവും അവൻ നല്കുന്ന സുരക്ഷിതത്തവും സമാധാനവുമാണ്..

**അക്രമിയെ പ്രതിരോധിക്കൽ**

61-عَنْ سَعِيْدِ بْنِ زَيْدٍ رَضِيَ اللَّهُ عَنْهُ، عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ، قَالَ: "مَنْ قُتِلَ دُوْنَ مَالِهِ؛ فَهُوَ شَهِيْدٌ، وَمَنْ قُتِلَ دُوْنَ أَهْلِهِ، أو دُوْنَ دَمِهِ، أو دُوْنَ دِيْنِهِ؛ فَهُوَ شَهِيْدٌ".

(سنن أبي داود، رقم الحديث 4772، واللفظ له، وجامع الترمذي، رقم الحديث 1421، وسنن النسائي، رقم الحديث 4095، وسنن ابن ماجه، رقم الحديث 2580، وقال الإمام الترمذي عن هذا الحديث بأنه: حسن صحيح، وصححه الألباني).

സയീദ് ഇബ്നു സൈദ് (റ) ൽ നിന്നും, നബി(സ) പറഞ്ഞിരിക്കുന്നു: തൻറെ സ്വത്തിനു വേണ്ടി ആരെങ്കിലും കൊല്ലപ്പെട്ടാൽ അവൻ രക്ത സാക്ഷിയാണ്, തൻറെ കുടുംബത്തിനു വേണ്ടി ആരെങ്കിലും കൊല്ലപ്പെട്ടാലും തൻറെ രക്ത ത്തതിന് (ജീവന്) വേണ്ടി ആരെങ്കിലും കൊല്ലപ്പെട്ടാലും തൻറെ മതത്തിനു വേണ്ടി ആരെങ്കിലും കൊല്ലപ്പെട്ടാലും അവൻ രക്ത സാക്ഷിയാണ്. (അബൂ ദാവൂദ് 4772, നസാഈ 4095, ഇബ്നു മാജ 2580)

**<u>ഹദീസ് നിവേദകൻ</u>**

സഈദ് ബ്നു സൈദ്(റ) ഹിജ്റക്ക് 22 വർഷം മുമ്പ് മക്കയിൽ ജനിച്ചു. സ്വർഗം കൊണ്ട് സന്തോഷ വാർത്ത അറിയിക്കപ്പെട്ട അദ്ദേഹം മദീനയിലേക്കുള്ള പലായനത്തിന് ശേഷം ബദർ ഒഴികെയുള്ള മുഴുവൻ ഇസ്‌ലാമിക യുദ്ധ ങ്ങളിലും പങ്കെടുത്തിരുന്നു. ബദ്ർ യുദ്ധ സമയത്ത് നബി (സ) യുടെ നിർദേശാനുസരണം മദീനക്ക് പുറത്തായതിനാലാണ് അദ്ദേഹത്തിന് ബദറിൽ പങ്കെടുക്കാൻ സാധിക്കാതിരുന്നത്. അദ്ദേഹവും അദ്ദേഹത്തിന്റെ ഭാര്യയും ഉമർ(റ) ന്റെ സഹോദരിയുമായ ഫാത്തിമയും ഇസ്‌ലാമിലേക് ആദ്യമായി കടന്നു വന്നവരിൽ പ്രമുഖരാണ്. ഹിജ്റ 51 ൽ (52ൽ ആണെന്നും അഭിപ്രായമുണ്ട്) അഖീഖിൽ വെച്ച് ഇഹലോക വാസം വെടിഞ്ഞു അദ്ദേഹം 48 ഹദീസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**<u>ഹദീസിലെ പാഠങ്ങൾ</u>**

1. തന്റെയും തന്റെ കുടുംബത്തിന്റെയും മാനവും സ്വത്തും ജീവനും മതവും സംരക്ഷിക്കൽ വിശ്വാസിയുടെ ബാധ്യതയാണ്. ഇതിനിടയിൽ മറ്റ് മാർഗ

മില്ലാതെ അക്രമിയെ കൊല്ലേണ്ടി വന്നാൽ പോലും അവന്റെ മേൽ പ്രതിക്രിയയോ മറ്റോ ഉണ്ടായിരിക്കില്ല.

2. ഒരു വിശ്വാസിയുടെ കുടുംബത്തിനും മാനത്തിനും സ്വത്തിനും ജീവനും മതത്തിനും ആദരണീയ സ്ഥാനം ഉണ്ട് , അത് കൊണ്ട് തന്നെ അവ സംരക്ഷിക്കുന്നിതിനിടയിൽ വധിക്കപ്പെട്ടാൽ അവൻ അല്ലാഹുവിങ്കൽ രക്ത സാക്ഷിയായാണ് എണ്ണപ്പെടുക.

**സ്വത്ത് പിടിച്ചെടുക്കൽ നിഷിദ്ധം**

62- عَـنْ سَـعِيْدِ بْـنِ زَيْـدٍ رَضِـيَ اللَّهُ عَنْـهُ، قَـالَ سَـمِعْتُ رَسُـوْلَ اللَّهِ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ يَقُـوْلُ: "مَـنْ ظَلَـمَ مِـنَ الْأَرْضِ شَيْئًا طُوِّقَهُ مِنْ سَبْعِ أَرَضِينَ".
(صـحيح البخـاري، رقـم الحـديث 2452، واللفـظ لـه، وصحيح مسلم، رقم الحديث 137 - (1610)).

സയീദ് ഇബ്നു സൈദ് (റ) ൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: ആരെങ്കിലും ഭൂമിയിൽ നിന്ന് വല്ലതും അക്രമം കാണിച്ചാൽ ഏഴു ഭൂമികളും അവനു മാല ചാർത്തപ്പെടും. (ബുഖാരി 2452, മുസ്‌ലിം 137 (1610))

**<u>ഹദീസ് നിവേദകൻ</u>**

***ഹദീസ് നമ്പർ 61 നോക്കുക***

**<u>ഹദീസിലെ പാഠങ്ങൾ</u>**

1. ഇസ്‌ലാം അവകാശ സംരക്ഷണത്തിന് പ്രാധാന്യം നൽകുകയും മറ്റുള്ളവരുടെ ഉടമസ്ഥതയിലുള്ള വസ്തുക്കൾ അന്യായമായി പിടിച്ചെടുക്കുന്നതിനെ വിരോധിക്കുകയും ചെയ്യുന്നു.

2.ഒരാൾ ഭൂമിയിൽ നിന്ന് വല്ലതും ഉടമപ്പെടുത്തുമ്പോൾ അതിനു താഴേക്കുള്ള ഭൂമികളും അവന്റെ ഉടമസ്ഥതയിൽ വരുന്നു. മറ്റുള്ളവർക്ക് ഉപദ്രവമാകില്ലെങ്കിൽ അവിടെ അവനുദ്ദേശിക്കുന്നത് ചെയ്യാവുന്നതാണ്.

3.പരലോകത്ത് ഇത്തരക്കാർക്ക് ലഭിക്കുന്ന ശിക്ഷയാണ് ഈ ഹദീസിലൂടെ പഠിപ്പിക്കപ്പെടുന്നത്. അതിക്രമത്തിന്റെ വ്യാപ്തി വർദ്ധിക്കുന്തോറും ശിക്ഷയുടെ കാഠിന്യവും വർധിക്കും.

**സമ്പത്ത് കൊണ്ടുള്ള പരീക്ഷണത്തെ തൊട്ട് ജാഗ്രത**

63- عَـنْ أَنَـسِ بْـنِ مَالِـكٍ رَضِـيَ اللهُ عَنْـهُ، قَـالَ: قَـالَ رَسُـوْلُ اللهِ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ: "يَكْبُـرُ ابْـنُ آدَمَ، وَيَكْبُـرُ مَعَهُ اثْنَتَانِ: حُبُّ الْمَالِ، وَطُوْلُ الْعُمْرِ".

(صحيح البخاري، رقم الحديث 6421، واللفظ له، وصحيح مسلم، رقم الحديث 115 - (1047)،).

അനസ് ഇബ്നു മാലിക് (റ) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: മനുഷ്യൻ വളരുന്നു, അവനോടൊപ്പം ആയുസും സമ്പത്തിനോടുള്ള ആഗ്രഹവും വളരുന്നു. (ബുഖാരി 6421, മുസ്‌ലിം 115 (1047))

**ഹദീസ് നിവേദകൻ**

***ഹദീസ് നമ്പർ 3 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1.മത പരവും സാമൂഹികവുമായ ബാധ്യത നിറവേറ്റുന്ന അനുവദനീയമായ സമ്പാദ്യത്തെ ഇസ്‌ലാം എതിർക്കുന്നില്ല. എന്നാൽ ഇസ്‌ലാം എതിർക്കുന്നത് ദൈവാനുസരണത്തെ പോലും ശ്രദ്ധിക്കാതെയുള്ള സമ്പത്തിനോടുള്ള അഭിനിവേഷവും ധന സമ്പാദനത്തിനായുള്ള അത്യാഗ്രഹത്തെയുമാണ്.

2.അല്ലാഹുവിന്റെ അനുസരണയിൽ ആയുസ് വർദ്ധിക്കുന്തോറും അല്ലാഹുവോടുള്ള സാമീപ്യവും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളും വർധിക്കും.

**ഫർദ് നമസ്കാര ശേഷമുള്ള ദിക്റുകൾ**

64- عَـــنْ عَائِشَـــةَ رَضِـــيَ اللَّهُ عَنْهَـــا، قَالَـــتْ: كَـــانَ النَّبِـــيُ صَـــلَّى اللَّهُ عَلَيْـــهِ وَسَـــلَّمَ إِذَا سَـــلَّمَ، لَـــمْ يَقْعُـــدْ، إِلاَّ مِقْـــدَارَ مَـــا يَقُـــوْلُ: "اَللَّهُـــمَّ أَنْـــتَ السَّـــلاَمُ وَمِنْـــكَ السَّـــلامُ، تَبَارَكْتَ يَا ذَا الْجَلالِ وَالإِكْرَامِ".

(صحيح مسلم، رقم الحديث 136 - (592)، ).

ആഇഷ (റ)ഇൽ നിന്നും, അവർ പറഞ്ഞു; നബി(സ) നമസ്കാരത്തിൽ നിന്ന് വിരമിച്ചാൽ "اَللَّهُمَّ أَنْتَ السَّلاَمُ وَمِنْكَ السَّلامُ، تَبَارَكْتَ يَا ذَا الْجَلالِ وَالإِكْرَامِ". എന്ന് പറയുന്ന സമയമല്ലാതെ അവിടെ ഇരിക്കുമായിരുന്നില്ല. (മുസ്ലിം 136 (592))

**ഹദീസ് നിവേദകൻ**

***ഹദീസ് നമ്പർ 16 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1. നബി(സ) ഫർദ് നമസ്കാരത്തിനു ശേഷം അവിടെ നിന്നും പെട്ടെന്ന് എഴുന്നേൽക്കാൻ വേണ്ടി "اَللَّهُمَّ أَنْتَ السَّلاَمُ وَمِنْكَ السَّلامُ، تَبَارَكْتَ يَا ذَا الْجَلالِ وَالإِكْرَامِ". എന്ന് പറയുന്ന സമയം മാത്രമേ അവിടെ ഇരിക്കാറുണ്ടായിരുന്നുള്ളൂ, അത് കൊണ്ട് തന്നെ ഇമാമുമാർ ഇങ്ങനെയാണ് ചെയ്യേണ്ടത് എന്നതിന് ഈ ഹദീസ് തെളി വാണ്.നബി(സ) ജനങ്ങളിലേക്ക് തിരിഞ്ഞു പോകുന്ന തിനു മുമ്പായി ഖിബ്ലക്ക് നേരെ തിരിഞ്ഞ് ഈ ദിക്റ് മാത്രമേ പറഞ്ഞിരുന്നുള്ളൂ എന്നാണ് ഇത് കൊണ്ടുള്ള ഉദ്ദേശം എന്ന് പ്രസ്താവിച്ച പണ്ഡി തന്മാരും ഉണ്ട്..

2. ഫർദ് നമസ്കാരത്തിനു ശേഷമുള്ള ഇത് പോലുള്ള ധാരാളം ദിക്റുകളും നബി(സ) യിൽ നിന്നും സ്ഥിരപ്പെട്ട് വന്നിട്ടുണ്ട്. സ്വഹീഹ് മുസ്ലിമിലെ (135 (591)) നമ്പർ ഹദീസ് നോക്കുക.

3. ഇവിടെ സലാം എന്നത് അല്ലാഹുവിന്റെ നാമമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്.അല്ലാഹുവേ നീ സർവ്വ വിധ ന്യൂനതകളിൽ നിന്നും അപകടങ്ങളിൽ നിന്നും മറ്റെല്ലാ കുറവുകളിൽ നിന്നും സുരക്ഷിതമായവനാണ് എന്നാണ് ഈ വാക്ക് കൊണ്ട് ഉദ്ദേശിക്കുന്നത് .

**നമസ്കാര ശേഷം ഇമാം മഅ്മൂമുകളെ അഭിമുഖീകരിക്കൽ**

65- عَـنْ سَـمُرَةَ بْـنِ جُنْـدَبٍ قَـالَ: كَـانَ النَّبِـيُّ صَـلَّى اللَّهُ عَلَيْهِ وَسَلَّمَ إِذَا صَلَّى صَلاَةً أَقْبَلَ عَلَيْنَا بِوَجْهِهِ.
(صـحيح البخـاري، رقـم الحـديث 845، واللفـظ لـه، وصـحيح مسـلم، جـزء مـن رقـم الحـديث 23 - (2275)،).

സമുറത് ഇബ്നു ജുന്ദബ് (ი) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) നമസ്കാരം നിർവഹിച്ചു കഴിഞ്ഞാൽ ഞങ്ങളെ അഭിമുഖീകരിക്കുമായിരുന്നു. (ബുഖാരി 845, മുസ്‌ലിം 232275)

**ഹദീസ് നിവേദകൻ**

***ഹദീസ് നമ്പർ 30 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1.أَسْتَغْفِرُ اللَّهَ എന്ന് മൂന്നു പ്രാവശ്യവും "اَللَّهُمَّ أَنْتَ السَّلاَمُ وَمِنْكَ السَّلامُ، تَبَارَكْتَ يَا ذَا الْجَلالِ وَالإِكْرَامِ". എന്നും പറഞ്ഞതിന് ശേഷം തന്റെ പിന്നിൽ നമസ്കരിച്ചവരിലേക്ക് തിരിഞ്ഞ് അവരെ അഭിമുഖീകരിക്കൽ ഇമാമിന് പുണ്യകരമാണ് .

2. നമസ്കാര ശേഷവും അവിടെ തന്നെ ഇരിക്കൽ ഇമാമിനെ സംബന്ധിച്ചിടത്തോളം കറാഹത്ത് ആണെന്നും അവിടെ നിന്ന് അല്പം മാറി ജനങ്ങളെ അഭിമുഖീകരിക്കുന്നത് ആ കറാഹത്തിനെ ഒഴിവാക്കുമെന്നും ചില പണ്ഡിതർ അഭിപ്രായ പ്പെട്ടിട്ടുണ്ട്.

3.നമസ്കാരത്തിൽ ജനങ്ങളോട് തിരിഞ്ഞിരിക്കുക എന്നത് ഇമാമിന് അനിവാര്യമായ കാര്യമാണ്. എന്നാൽ നമസ്കാരത്തിൽ നിന്ന് പിരിയുന്നതോട് കൂടി ആ കാരണം ഇല്ലാതായിത്തീരുന്നു. ആ സന്ദർഭത്തിൽ ജനങ്ങൾക്ക് അറിവും മറ്റും സംബന്ധിയായ ആവശ്യ പൂർത്തീകരണത്തിനു വേണ്ടി അവരെ ഇമാം അഭിമുഖീകരിക്കേണ്ടതാണ് .

### സ്ത്രീകൾ പള്ളിയിലേക്ക് പോകൽ

66- عَــنْ عَبْــدِ اللهِ بْــنِ عُمَــرَ رَضِــيَ اللَّهُ عَنْهُمَــا، أَنَّ رَسُــوْلَ اللهِ صَــلَّى اللَّهُ عَلَيْــهِ وَسَــلَّمَ قَــالَ: "لاَ تَمْنَعُــوا إِمَــاءَ اللَّهِ مَسَاجِدَ اللَّهِ".

(صــحيح مســلم، رقــم الحــديث 136 - (442)، واللفــظ له، وصحيح البخاري، رقم الحديث 900).

അബ്ദുല്ലാഹിബ്നു ഉമർ (റ) ഇൽ നിന്നും, നബി(സ) പറഞ്ഞിരിക്കുന്നു: അല്ലാഹുവിന്റെ അടിയാത്തികളായ സ്ത്രീകളെ നിങ്ങൾ അല്ലാഹുവിന്റെ പള്ളികളെ തൊട്ട് തടയരുത്. (മുസ്ലിം 136 (442 , ബുഖാരി 900)

**<u>ഹദീസ് നിവേദകൻ</u>**

***ഹദീസ് നമ്പർ 11 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1.സ്ത്രീകൾക്ക് നബി(സ) പറഞ്ഞത് പോ ലെ (നിങ്ങളുടെ സ്ത്രീകളെ നിങ്ങൾ പള്ളി കളെ തൊട്ട് തടയരുത്, അവർക്ക് അവരു ടെ വീടാണ് ഉത്തമം (അബൂ ദാവൂദ്567) അവർക്ക് അവരുടെ വീടാണ് ഉത്തമമെങ്കി ൽ കൂടി സ്ത്രീകൾക്ക് ജമാഅത്ത് നമസ് കാരങ്ങൾക്ക് വേണ്ടി പള്ളിയിലേക്ക് പോകാവുന്നതാ ണെന്നതിന് ഈ ഹദീസ് തെളിവാണ്.

2. കുഴപ്പങ്ങളിൽ നിന്ന് സുരക്ഷിതമാണെങ്കിൽ ഭാര്യ മാർ പള്ളിയിലേക്ക് അനുവാദം ചോദിച്ചാൽ ഭർ ത്താക്കന്മാർ അനുവാദം കൊടുക്കേണ്ടതാണെന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു.

3. 'നിങ്ങളിലാരെങ്കിലും (സ്ത്രീകൾ) പള്ളിയിൽ ഹാജ രാകുന്ന പക്ഷം സുഗന്ധം പൂശരുത് ' എന്ന് നബി(സ) പറഞ്ഞിരിക്കുന്നു, ആയതിനാൽ പള്ളിയിൽ പോകുന്ന സ്ത്രീകൾ സുഗന്ധമോ മറ്റു ആകർഷണീയമായ അലങ്കാരങ്ങളോ ഉപയോഗിക്കരുത്.

**ഖുഫ്ഫയിൽ തടവുന്നതിന്റെ വിധി**

67- عَـنِ المُغِيْـرَةِ بْـنِ شُـعْبَةَ رَضِـيَ اللَّهُ عَنْـهُ، قَـالَ: كُنْـتُ مَـعَ النَّبِـيِّ صَـلَّـى اللَّهُ عَلَيْـهِ وَسَلَّمَ فِـيْ سَـفَرٍ؛ فَأَهْوَيْـتُ لِأَنْـزِعَ خُفَّيْـهِ؛ فَقَـالَ: "دَعْهُمَـا؛ فَـإِنِّيْ أَدْخَلْتُهُمَـا طَـاهِرَتَيْنِ"؛ فَمَسَـحَ عَلَيْهِمَا.

(صحيح البخاري، رقم الحديث 206، واللفظ له، وصحيح مسلم، رقم الحديث 80 - (274)).

മുഗീറത്തുബ്നു ശുഅ്ബ (റ) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; ഞാൻ നബി(സ)യുടെ കൂടെ ഒരു യാത്രയിലായിരുന്നു. അങ്ങനെ ഞാൻ അവിടുത്തെ ഖുഫ്ഫ അഴിക്കാൻ തുനിഞ്ഞപ്പോൾ നബി(സ) പറഞ്ഞു: അവയെ വിട്ടേക്കുക, ഞാൻ അവ രണ്ടും ധരിച്ചത് ശുദ്ധിയോടെയാണ്. ശേഷം അവിടുന്ന് അവയിൽ തടവി . (ബുഖാരി 206, മുസ്‌ലിം 800 (274))

**<u>ഹദീസ് നിവേദകൻ</u>**

***ഹദീസ് നമ്പർ 35 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1.ഖുഫ്ഫ എന്നത് കൊണ്ടുള്ള ഉദ്ദേശം തോലോ അത് പോലുള്ളതോ കൊണ്ടുള്ള കാലുറയാണ് .

2.പരിപൂർണ്ണ ശുദ്ധിയോട് കൂടി ധരിച്ച കാലുറകളിൽ യാത്രക്കാരനും താമസക്കാരനും ഏത് കാലാവസ്ഥയിലും തടവൽ അനുവദനീയമാണ്.

3.യാത്രക്കാരന് മൂന്ന് പകലും അതിന്റെ രാത്രികളും താമസക്കാരന് ഒരു പകലും അതിന്റെ രാത്രിയും തടവൽ അനുവദനീയമാണ്. ഖുഫ്ഫകൾ ധരിച്ചതിന് ശേഷം ഒന്നാമത് തടവുന്നത് മുതലാണ് അതിന്റെ കാല പരിധി ആരംഭിക്കുന്നത്.

### കലുറകളിൽ തടവുന്നതിന്റെ വിധി

68- عَـنِ المُغِيْـرَةِ بْـنِ شُـعْبَةَ رَضِـيَ اللّٰهُ عَنْـهُ، قَـالَ: تَوَضَّـأَ النَّبِـيُّ صَـلَّى الله عَلَيْـهِ وَسَـلَّمَ وَمَسَـحَ عَلَـى الجَـوْرَبَيْنِ والنَّعلينِ.

(جـامع الترمـذي، رقـم الحـديث 99، واللفـظ لـه، وسـنن أبـي داود، رقـم الحـديث 159، وسـنن النسـائي، رقـم الحـديث 125( م)، وسـنن ابـن ماجـه، رقـم الحـديث 559، قـال الإمـام الترمـذي عـن هـذا الحـديث بأنـه: حسن صحيح، وصححه الألباني).

മുഗീറത്തുബ്നു ശുഅ്ബ (റ) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) വുദു ചെയ്യുകയും കാലുറകളിലും പാദരക്ഷകളിലും തടവുകയും ചെയ്തു. (തുർമുദീ 99, അബൂ ദാവൂദ് 159 , നസാഈ 125, ഇബ്നു മാജ 559)

**<u>ഹദീസ് നിവേദകൻ</u>**

***ഹദീസ് നമ്പർ 35 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1. തുണി കൊണ്ടോ മറ്റോ നിർമിപ്പിക്കപ്പെട്ട കാലുറ (ഷോക്സ്) നാണ് جَوْرَب. എന്ന് പറയുന്നത്.

2. ഇരു കാൽപാദങ്ങളും മറയുന്ന കട്ടിയുള്ള തുണി കൊണ്ടുള്ളതാണെങ്കിൽ യാത്രക്കാരനും താമസ ക്കാരനും ഏത് കാലാവസ്ഥയിലും തടവൽ അനുവദ നീയമാണ്. ഖുഫ്ഫകളും ഷോക്സുകളും തമ്മിൽ തടവുന്ന വിഷയത്തിൽ പ്രകടമായ വ്യത്യാസ ങ്ങളൊന്നും കാണാവുന്നതല്ല. ഷോക്സ് കട്ടിയുള്ള തുണി കൊണ്ട് ഉണ്ടാക്കപ്പെട്ടതാകണമെന്നു മാത്രം.

3. യാത്രക്കാരന് മൂന്ന് പകലും അതിന്റെ രാത്രികളും താമസക്കാരന് ഒരു പകലും അതിന്റെ രാത്രിയും തടവൽ അനുവദനീയമാണ്. ഷോക്സുകൾ ധരി ച്ചതിന് ശേഷം ഒന്നാമത് തടവുന്നത് മുതലാണ് അതിന്റെ കാല പരിധി ആരംഭിക്കുന്നത്.

ഹറമിൽ നിന്ന് വീണ് കിട്ടുന്ന സാധനങ്ങൾ എടുക്കുന്നതിനുള്ള വിലക്ക്

69- عَنْ عَبْدِ الرَّحْمَنِ بْنِ عُثْمَانَ التَّيْمِيِّ رَضِيَ اللهُ عَنْهُ، أَنَّ رَسُوْلَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ نَهَى عَنْ لُقَطَةِ الْحَاجِّ. (صحيح مسلم، رقم الحديث 11 - (1724)، ).

അബ്ദു റഹ്മാൻ ബ്നു ഉഥ്മാൻ അതയ്മീ (റ)ൽ നിന്നും, ഹാജിമാരുടെ നഷ്ടപ്പെട്ട സാധനങ്ങൾ എടുക്കുന്നത് റസൂൽ(സ) വിലക്കിയിരിക്കുന്നു. (മുസ്‌ലിം 11 (1724))

**<u>ഹദീസ് നിവേദകൻ</u>**

അബ്ദു റഹ്മാൻ ഇബ്നു ഉഥ്മാൻ അൽ ഖുറശി അത്തയ്മീ എന്നാണ് മുഴുവൻ പേര്. ഹുദൈബിയ ദിവസമാണ് ഇസ്‌ലാം സ്വീകരിച്ചതെന്നും അതല്ല മക്കാ വിജയ ദിവസമാണ് ഇസ്‌ലാം സ്വീകരിച്ചതെന്നും വ്യത്യസ്ത അഭിപ്രായമുണ്ട്. യർമുക് യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ട്. ഹി 73 ൽ മക്കയിൽ വെച്ച് കൊല്ലപ്പെട്ടു.

**ഹദീസിലെ പാഠങ്ങൾ**

1.ഹറമിന് പുറത്തായാലും വീണു കിട്ടിയ സാധനം മൂല്യവത്താണെങ്കിൽ ഒരു വർഷക്കാലം നഷ്ടപ്പെട്ടവന് അത് വീണ്ടെടുക്കാനുള്ള അവസരം നൽകി കൊണ്ട് 2.പരസ്യപ്പടുത്തേണ്ടതാണ്. എന്നാൽ മൂല്യമില്ലാത്തതോ നീണ്ട കാലയളവിൽ സൂക്ഷിക്കാൻ കഴിയാത്തതിനോ ഇത് ബാധകമല്ല.

3.ഹറമിൽ നിന്ന് വീണ് കിട്ടുന്ന സാധനങ്ങൾ എടുക്കുന്നത് അനുവദനീയമല്ല, എന്നാൽ അതിനു നാശം സംഭവിക്കുമെന്നോ അത് നഷ്ടപ്പെടാൻ ഇടയാക്കുമെന്നോ ഭയപ്പെട്ടാൽ അത് എടുത്ത് മക്കയിൽ തന്നെ സ്വന്തം നിലക്ക് പരസ്യപ്പെടുത്തുകയോ അതല്ലെങ്കിൽ ഇത്തരം വസ്തുക്കൾ ഏല്പിക്കപ്പെടാൻ വേണ്ടി തയ്യാറാക്കപ്പെട്ട ഹറമിൽ തന്നെയുള്ള പ്രത്യേകം സ്ഥലങ്ങളിലോ ഏല്പിക്കാവുന്നതാണ്.

**നരകാവകാശികളുടെ വിശേഷണം**

70- عَـنْ أَبِـيْ هُرَيْـرَةَ رَضِـيَ اللهُ عَنْـهُ، قَـالَ: قَـالَ رَسُـوْلُ اللَّهِ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ: "ضِـرْسُ الْكَـافِرِ أَوْ نَـابُ الْكَـافِرِ مِثْـلُ أُحُـدٍ، وَغِلَـظُ جِلْـدِهِ مَسِـيرَةُ ثَلَاثٍ". (صحيح مسلم، الحديث 44 - (2851)، ).

അബൂ ഹുറയ്റ (റ) ൽ നിന്നും,അദ്ദേഹം പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: സത്യനിഷേധിയുടെ അണപ്പല്ല് അല്ലെങ്കിൽ അവന്റെ തേറ്റ ഉഹ്ദ് മല പോലെ ആയിരിക്കും, അവന്റെ തൊലിയുടെ കട്ടി മൂന്ന് വഴിദൂരവും. (മുസ്‌ലിം 44 (2851))

**ഹദീസ് നിവേദകൻ**

***ഹദീസ് നമ്പർ । നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1.നരകം സത്യ നിഷേധികൾക്കും കപടന്മാർക്കും വേണ്ടി ഒരുക്കിവെക്കപ്പെട്ട ശിക്ഷയുടെ ലോകമാണ്.

2.നരകത്തിൽ സത്യ നിഷേധികളുടെ അവസ്ഥ അതി കഠിനമായിരിക്കും, അവരുടെ ശരീരത്തെ പോലും അല്ലാഹു വൈരൂപ്യമുള്ളതും ശിക്ഷയുടെ കഠിനത കൂട്ടാൻ വേണ്ടി വലിപ്പമുള്ളതും ആക്കി തീർക്കും.

3.സത്യ നിഷേധികളുടെ ശിക്ഷയിൽ വല്ല ഇളവോ ആനുകൂല്യമോ ലഭിക്കുകയില്ല. അവർക്ക് ഇടമുറിയാതെ ശിക്ഷ അനുഭവിക്കേണ്ടി വരും.

### നരകത്തിന്റെ അവസ്ഥ

71- عَـــنْ عَبْـــدِ اللهِ رَضِـــيَ اللهُ عَنْـــهُ، قَـــالَ: قَـــالَ رَسُـــوْلُ اللهِ صَـــلَّى اللهُ عَلَيْـــهِ وَسَـــلَّمَ: "يُـــؤْتَى بِجَهَـــنَّمَ يَوْمَئِـــذٍ لَهَـــا سَـــبْعُوْنَ أَلْـــفَ زِمَـــامٍ، مَـــعَ كُـــلِّ زِمَـــامٍ سَـــبْعُوْنَ أَلْـــفَ مَلَـــكٍ يَجُرُّوْنَهَـــا". (صـــحيح مســـلم، رقـــم 29 - (2842)، ).

അബ്ദുല്ലാഹ് (റ)ൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി (സ) പറഞ്ഞിരിക്കുന്നു : അന്ത്യ നാളിൽ എഴു പതിനായിരം കടിഞ്ഞാണുകളിലായിക്കൊണ്ട് നരകം കൊണ്ട്വരപ്പെടും, അതിനെ വലിക്കാൻ ഓരോ കടിഞ്ഞാണിനോടൊപ്പവും എഴുപതിനായിരം വീതം മലക്കുകളുമുണ്ടാകും. (മുസ്ലിം 29 (2842))

**ഹദീസ് നിവേദകൻ**

***ഹദീസ് നമ്പർ 2 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1.നരകത്തിന്റെ വ്യാപ്തി അതി ഭയങ്കരവും അതിലെ ശിക്ഷ അതി ഭയാനകാവുമാണ്.

2..സത്യ നിഷേധികൾക്കും കപടന്മാർക്കും വേണ്ടി ഒരുക്കിവെക്കപ്പെട്ട ശിക്ഷയുടെ ലോകമാണ് നരകം.

3.സ്വർഗ്ഗ പ്രവേശനത്തിന് കാരണമാകുന്ന പ്രവർത്തനങ്ങൾ ജീവിതത്തിൽ പകർത്തി നരക മോചനത്തിന് ഇടയാക്കുന്ന കാര്യങ്ങളി നിന്ന് ഒഴിഞ്ഞു നിൽക്കേണ്ടതുമാണ്.

**മരണാനന്തര ജീവിതത്തിലുള്ള വിശ്വാസം**

72- عَـنْ جَـابِرٍ رَضِـيَ اللهُ عَنْـهُ، قَـالَ: سَـمِعْتُ النَّبِـيَّ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ يَقُـوْلُ: "يُبْعَـثُ كُـلُّ عَبْـدٍ عَلَـى مَـا مَاتَ عَلَيْهِ". (صحيح مسلم، رقم 83 - (2878)، ).

ജാബിർ (റ)ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി (സ) പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു. എല്ലാ അടി മകളും (ദൈവദാസർ) അവർ മരണപ്പെട്ട അതേ അവ സ്ഥയിൽ പുനർ ജീവിപ്പിക്കപ്പെടും. (മുസ്‌ലിം 83(2878))

**ഹദീസ് നിവേദകൻ**

***ഹദീസ് നമ്പർ 22 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1. ഓരോ മനുഷ്യനും ഈ ലോകത്ത് ചെയ്യുന്ന നന്മ തിന്മ കളുടെ പരിണിത ഫലം ഉണ്ടാകുമെന്നും ഓരോ രുത്തരും പരലോകത്ത് അവന്റെ കർമ ഫലങ്ങളെ കണ്ടു മുട്ടുമെന്നും വിശ്വസിക്കൽ അനിവാര്യമാണ്.
2. തനിക്ക് ഇഹപര ജീവിതത്തിൽ ദോഷമായി ഭവിക്കു ന്ന തെറ്റ് കുറ്റങ്ങളെ കുറിച്ച് മനുഷ്യൻ എപ്പോഴും പേടിയോട് കൂടി ജാഗ്രത പുലർത്തേണ്ടതുണ്ട് .
3. ഇഹ ലോകത്തെ വിശ്വാസത്തിലും കർമത്തിലും സ്വഭാവത്തിലുമാണ് മനുഷ്യൻ പരലോകത്ത് ഒരുമിച്ച് കൂട്ടപ്പെടുക .

### വിശപ്പകറ്റാൻ കാരക്ക

73- عَـنْ عَائِشَـةَ رَضِـيَ اللَّهُ عَنْهَـا، أَنَّ النَّبِـيَّ صَـلَّى اللهُ عَلَيْهِ وَسَلَّمَ ، قَالَ: "لاَ يَجُوْعُ أَهْلُ بَيْتٍ عِنْدَهُمُ التَّمْرُ".
(صحيح مسلم، رقم الحديث 152 - (2046)، ).

ആഇശ(റ) അ നിന്നും, നബി(സ) പറഞ്ഞിരിക്കുന്നു; കാരക്ക ഉണ്ടെങ്കിൽ നബി കുടുംബത്തിന് വിശപ്പ് ഉണ്ടാകുമായിരുന്നില്ല. (മുസ്‌ലിം 152 (2046))

**ഹദീസ് നിവേദകൻ**

***ഹദീസ് നമ്പർ 16 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1.വീട്ടിൽ കാരക്ക/ഈത്തപ്പഴം സൂക്ഷിക്കൽ നല്ലതാണ്. (വളരെ ചെറുതെങ്കിലും വളരെ ആരോഗ്യപരമായ ഭക്ഷണമായി കാരക്ക ഇന്ന് പരിചയപ്പെടുത്തപ്പെട്ടിരിക്കുന്നു. )

2.ഈ ഹദീസിൽ നിന്നും മനസ്സിലാക്കാവുന്ന വളരെ പ്രധാനപ്പെട്ട കാര്യം മദീന നിവാസികളുടെ വിശിഷ്യാ പ്രവാചക കുടുംബത്തിലെ ദാരിദ്ര്യാവസ്ഥയാണ്. പട്ടിണിയകറ്റാൻ വളരെ പ്രയാസപ്പെട്ടിരുന്ന അവർക്ക് പലപ്പോഴും ആശ്വാസമായത് കാരക്കയായിരുന്നു.

### തൗബയിലേക്ക് മുന്നിടുക

74- عَـنْ أَبِـيْ هُرَيْـرَةَ رَضِـيَ اللهُ عَنْـهُ، قَـالَ: قَـالَ رَسُـوْلُ اللهِ صَـلَّى اللهُ عَلَيْـهِ وَسَـلَّمَ: "مَـنْ تَـابَ قَبْـلَ أَنْ تَطْلُعَ الشَّمْسُ مِنْ مَغْرِبِهَا، تَابَ اللهُ عَلَيْه".

(صحيح مسلم، رقم الحديث 43 - (2703)، ).

അബൂ ഹുറയ്റ (റ) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: ആരെങ്കിലും സൂര്യൻ പടി ഞ്ഞാറ് നിന്ന് ഉദിക്കുന്നതിന് മുമ്പായി തൗബ ചെ യ്താൽ അവന്റെ തൗബ അല്ലാഹു സ്വീകരിക്കു ന്നതാണ്. (മുസ്‌ലിം 43 (2703))

**ഹദീസ് നിവേദകൻ**

***ഹദീസ് നമ്പർ ၊ നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1. തൗബ എന്നത് കൊണ്ടുള്ള ഉദ്ദേശം തെറ്റ് കു റ്റങ്ങളിൽ നിന്നും ദൈവാനുസരണയുടെ മാർഗത്തി ലേക്ക് മടങ്ങലാണ്. അത് പോലെ തന്നെ സർവ്വ തിന്മ കളിൽ നിന്നും എത്രയും വേഗം തൗബ ചെയ്യാനും ഈ ഹദീസ് പ്രോത്സാഹിപ്പിക്കുന്നു. എന്നാൽ അല്ലാ ഹു തൗബ സ്വീകരിക്കാൻ ഏതാനും കാര്യങ്ങൾ നിബ ന്ധനകളാണ് :

1.അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചും സത്യസന്ധ വുമായ തൗബ ആയിരിക്കണം. അതല്ലാതെ ഭൗതിക

മായ നേട്ടങ്ങൾക്കോ സ്തുതി പാഠകരുടെ ശ്രദ്ധ ക്ഷണിക്കാനും ആകരുത്.

2. തെറ്റുകളിൽ നിന്ന് ഒഴിവാവുക.

3. ചെയ്ത തെറ്റിൽ ഖേദിക്കുക.

4. ആ തെറ്റിലേക്ക് തിരിച്ച് പോകില്ലെന്ന് ദൃഢ പ്രതിജ്ഞ എടുക്കുക.

5. മറ്റു മനുഷ്യരുമായി ബന്ധപ്പെട്ട തെറ്റാണെങ്കിൽ അവരുമായുള്ള ബാധ്യതകൾ തീർക്കുക .

6. സൂര്യൻ പടിഞ്ഞാറ് ഉദിക്കുന്നതിന് മുമ്പായിരിക്കണം.

7. മരണാസന്നമാകുന്നതിന് മുമ്പായിരിക്കണം.

2.എല്ലാ തെറ്റുകാർക്കും , അതിൽ ആവർത്തനമുണ്ടായിരുന്നാൽ പോലും തൗബ ചെയ്യൽ അനിവാര്യമാണ്. അവന്റെ തൗബ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചും സത്യസന്ധവുമായ തൗബ ആണെങ്കിൽ അല്ലാഹു അവന്റെ തൗബ സ്വീകരിക്കും .

3. സൂര്യൻ പടിഞ്ഞാറ് ഉദിക്കുക എന്നത് അന്ത്യ നാളിന്റെ ഒരു അടയാളമാണ്. അതല്ലാതെ ഭൗതിക മായ എന്തെങ്കിലും പ്രകൃതി പ്രതിഭാസമല്ല

**കച്ചവടത്തിൽ സത്യം ചെയ്യൽ**

75- عَـنْ أَبِــيْ قَتَــادَةَ الْأَنْصَــارِيِّ رَضِــيَ اللهُ عَنْــهُ، أَنَّــهُ سَـمِعَ رَسُـوْلَ اللَّهِ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ: يَقُـوْلُ: "إِيَّـاكُمْ وَكَثْرَةَ الْحَلِفِ فِي الْبَيْعِ؛ فَإِنَّهُ يُنَفِّقُ ثُمَّ يَمْحَقُ".

(صحيح مسلم، رقم 132 - (1607)، ).

അബൂ ഖത്താദ (റ)ൽ നിന്നും, നബി(സ) പറയുന്നതായി (അദ്ദേഹം) കേട്ടിരിക്കുന്നു; നിങ്ങൾ കച്ചവടത്തിൽ അമിതമായി സത്യം ചെയ്യുന്നത് സൂക്ഷിക്കുക, ആദ്യം അത് (ചിരക്ക്)ചെലവാക്കും പിന്നെ (ബറകത്ത്) ക്ഷയിപ്പിച്ചു കളയും (മുസ്‌ലിം 132 (1607))

<u>ഹദീസ് നിവേദകൻ</u>

***ഹദീസ് നമ്പർ 8 നോക്കുക***

<u>ഹദീസിലെ പാഠങ്ങൾ</u>

1. ക്രയ വിക്രയ സമയത്ത് അനാവശ്യമായി സത്യം ചെയ്യൽ അനുവദനീയമല്ല.

2. മുസ്‌ലിമായ കച്ചവടക്കാരൻ അനുവദനീയമായത് മാത്രം സമ്പാദിക്കുവാനും തന്റെ ക്രയ വിക്രയത്തിൽ സദാ അല്ലാഹിവിനെ സൂക്ഷിക്കാനും ബാധ്യസ്ഥനാണ്.

### അല്ലാഹുവിനു പുറമെ സത്യം ചെയ്യൽ

76- عَـنْ عَبْـدِ الـرَّحْمَنِ بْـنِ سَـمُرَةَ رَضِـيَ اللهُ عَنْـهُ، قَـالَ: قَـالَ رَسُـوْلُ اللهِ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ: "لاَ تَحْلِفُـوْا بِالطَّوَاغِيْ، وَلاَ بِآبَائِكُمْ".

(صحيح مسلم، رقم الحديث 6 - (1648)، ).

അബ്ദു റഹ്മാന് ഇബ്നു സമുറത്ത് (റ) ൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: നിങ്ങൾ താഗൂത്തുകളെ കൊണ്ടും നിങ്ങളുടെ പിതാക്കളെ കൊണ്ടും സത്യം ചെരുത്. (മുസ്ലിം 6 (1648))

**<u>ഹദീസ് നിവേദകൻ</u>**

അബൂ സഈദ് അബ്ദു റഹ്മാൻ ഇബ്നു സമുറത്ത് അൽ ഖുറശി എന്നാണ് മുഴുവൻ നാമം. മക്കാ വിജയ ദിവസം ഇസ്ലാം സ്വീകരിച്ച അദ്ദേഹം പല രാജ്യങ്ങളും കീഴടക്കിയ മുസ്ലിം സൈന്യത്തിൽ അംഗമായിരുന്നു. ഖുറാസാൻ കീഴടക്കിയ ശേഷം ബസറയിലേക്ക് മടങ്ങി. 14 ഹദീസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹി 50ൽ ബസറയിൽ വെച്ച് ഇഹലോക വാസം വെടിഞ്ഞു. 51 ൽ ആണെന്നും അഭിപ്രായമുണ്ട്.

**ഹദീസിലെ പാഠങ്ങൾ**

1.അല്ലാഹുവിനു പുറമെയുള്ളവരെ കൊണ്ട് സത്യം ചെയ്യൽ നിഷിദ്ധമാണ്. എന്നാൽ ഇതിനു വിരുദ്ധമായി നബി(സ) ചെയ്തു എന്ന നിലക്കുള്ള ഹദീസ് (മുസ്‌ലിം) ഈ നിയമം വരുന്നതിനു മുമ്പുൾതാണ്. ഈ നിയമം വന്നതോട് കൂടി അത് ഇല്ലാതാക്കപ്പെട്ടു.

2.താഗൂത്ത് എന്നുള്ളത് കൊണ്ടുള്ള ഉദ്ദേശം അല്ലാഹുവിനു പുറമെ ആരാധിക്കപ്പെടുന്ന വസ്തുക്കളാണ്.

## പല്ല് തേക്കുന്നതിന്റെ ശ്രേഷ്ഠത

77- عَــنْ عَائِشَــةَ رَضِــيَ اللَّهُ عَنْهَــا، عَــنِ النَّبِــيِّ صَــلَّى اللَّهُ عَلَيْــهِ وَسَــلَّمَ ، قَــالَ: "السِّــوَاكُ مَطْهَــرَةٌ لِلْفَــمِ، مَرْضَــاةٌ لِلــرَّبِّ". (ســنن النســائي، رقــم 5، وصححه الألباني).

ആഇഷ (റ)ഇൽ നിന്നും, അവിടുന്ന് പറഞ്ഞിരിക്കുന്നു: പല്ല് തേക്കൽ വായക്ക് ശുദ്ധീകരണവും രക്ഷിതാവിനു സംതൃപ്തിയുമാണ് . (നസാഈ 5)

**ഹദീസ് നിവേദകൻ**

***ഹദീസ് നമ്പർ 16 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1. ഭംഗിയുള്ള ഭംഗിയെ ഇഷ്ടപ്പെടുന്ന അല്ലാഹുവിന്റെ പ്രീതി കരസ്ഥമാകാനും ആരോഗ്യ സംരക്ഷണം സാധ്യമാക്കാനും ഇടയാക്കുന്ന പല്ല് തേക്കലിനെ ഈ ഹദീസ് പ്രോത്സാഹിപ്പിക്കുന്നു.

2. പല്ല് തേക്കുന്നതിന് ബ്രഷ് പോലെയുള്ള ആധുനിക ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനു വിരോധമില്ല. എന്നാൽ വിരല് കൊണ്ട് പല്ല് തേക്കുന്നത് ഇസ്ലാമിക മര്യാദകളിൽ കാണാൻ സാധിക്കില്ല. അത് പോലെ തന്നെ വായ സുഗന്ധം പൂശുന്നത് പല്ല് തേക്കുന്നതിന്റെ പരിധിയിൽ വരില്ല.

3. മറ്റുള്ളവർക്ക് ഉപദ്രവമുണ്ടാക്കാതിരിക്കുക, ബ്രഷ് മുതലായവ ഉപയോഗത്തിന് ശേഷം കഴുകി വൃത്തി

യാക്കി വെടിപ്പുള്ള സ്ഥലത്ത് സൂക്ഷിക്കുക, തുടങ്ങി യവ പല്ല് തേക്കുന്നതുമായി ബന്ധപ്പെട്ട മര്യാദകളിൽ പെട്ടതാണ്.

**ഇസ്‌ലാമിൽ സ്ത്രീകളോടുള്ള ആദരവ്**

78- عَـنْ عَبْـدِ اللهِ بْـنِ زَمْعَـةَ رَضِــيَ اللهُ عَنْـهُ عَـنِ النَّبِــيِّ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ، قَـالَ: "لا يَجْلِدُ أَحَـدُكُمْ امْرَأَتَـهُ جَلْـدَ الْعَبْدِ ثُمَّ يُجَامِعُهَا فِيْ آخِرِ الْيَوْمِ".

(صحيح البخاري، رقم الحديث 5204، واللفظ له، وصحيح مسلم، رقم الحديث 49 - (2855)،).

അബ്ദുല്ലാഹിബ്നു സംഅത്ത് (റ) , നബി(സ) യിൽ നിന്നും (ഉദ്ധരിക്കുന്നു) , അവിടുന്ന് പറഞ്ഞു: നിങ്ങൾ തന്റെ ഭാര്യയെ ഒരാൾ അടിമയെ അടിക്കുന്നത് പോലെ അടിക്കുകയും പിന്നീട് വൈകീട്ട് അവളോട് ബന്ധപ്പെടുകയും ചെയ്യുന്നവനെ പോലെ ആകരുത്. (ബുഖാരി 5204, മുസ്‌ലിം 49 (2855) )

**<u>ഹദീസ് നിവേദകൻ</u>**

അബ്ദുല്ലാഹിബ്നു സംഅത്ത് അൽ ഖുറശി അൽ അസദി എന്നാണ് മുഴുവൻ പേര്. ഹി 35 ൽ ഉഥ്മാൻ (റ) ന്റെ കാലത്ത് നടന്ന ഫിത്ത്നയുടെ സമയത്ത് കൊല്ലപ്പെട്ടു എന്നും അതല്ല ഹി 63 ൽ മദീനയിൽ കൊല്ലപ്പെട്ടു എന്നും അഭിപ്രായമുണ്ട്

**<u>ഹദീസിലെ പാഠങ്ങൾ</u>**

1.ഇസ്ലാം സ്ത്രീകളെ ആദരിക്കാൻ കല്പിക്കുന്നു. അവരോട് ദേഷ്യപെടുന്നതിനേക്കാൾ നല്ലതായി ഇസ്ലാം പഠിപ്പിക്കുന്നത് ക്ഷമ കൈകൊള്ളാനാണ്.

2.സ്നേഹത്തിനും ഇഷ്ടത്തിനും ഇസ്ലാം പ്രേരിപ്പിക്കുന്നു, അത് കൊണ്ട് തന്നെ അടിക്കുക മർദിക്കുക പോലെയുള്ള കാര്യങ്ങളെ ഇസ്ലാം വിലക്കുകയും ചെയ്യുന്നു.

3.വിവാഹ ജീവിതത്തിൽ പരസ്പര സ്നേഹത്തിന്റെയും ഇഷ്ടത്തിന്റെയും പൂർത്തീകരണമാണ് ശാരീരിക ബന്ധം എന്നത്, അത് കൊണ്ട് തന്നെ സമ്പൂർണ്ണ മാനസിക സാന്നിധ്യത്തോടെയുള്ള ശാരീരിക ബന്ധത്തിന് വിഗാതമാകുന്ന മർദനത്തെയും മറ്റും വിരോധിക്കുക എന്ന സൂചന കൂടി ഈ ഹദീസിൽ ഉൾകൊള്ളുന്നു.

## സഹവർത്തിത്തം നല്ലവരുമായി

79- عَـنْ عَبْـدِ اللَّهِ بْـنِ عَمْـرٍو قَـالَ: قَـالَ رَسُـوْلُ اللَّهِ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ: "خَيْـرُ الْأَصْـحَابِ عِنْـدَ اللَّهِ خَيْـرُهُمْ لِصَـاحِبِهِ، وَخَيْـرُ الْجِيـرَانِ عِنْـدَ اللَّهِ خَيْرُهُمْ لِجَارِهِ".

(جـامع الترمـذي، رقـم الحـديث 1944، قـال الإمـام الترمـذي عـن هـذا الحـديث بأنـه: حسـن غريب، وصححه الألباني).

അബ്ദുല്ലാഹിബ്നു അംറ് (റ) ൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: അല്ലാഹുവിന്റെ അടുക്കൽ കൂട്ടുകാരിൽ ഏറ്റവും ഉത്തമർ തങ്ങളുടെ കൂട്ടുകാരോട് ഏറ്റവും നന്നായി പെരുമാറിയവരാണ്. അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും നല്ല അയൽക്കാർ തങ്ങളുടെ അയൽക്കാരോട് ഏറ്റവും നന്നായി പെരുമാറിയവരാണ്. (തുർമുദി 1944 )

<u>ഹദീസ് നിവേദകൻ</u>

***ഹദീസ് നമ്പർ 37 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1.അയൽവാസികളോടും സഹപ്രവർത്തകരോടും ഏറ്റവും നന്നായി പെരുമാറിയവർക്ക് അല്ലാഹുവിന്റെ അടുക്കൽ മികച്ച പ്രതിഫലവും സ്ഥാനവും ലഭിക്കുന്നതാണ്.

2.മതപരമായ മൂല്യങ്ങൾ പഠിക്കാനും പ്രാവർത്തികമാക്കാനും സഹായിക്കുന്ന സജ്ജനങ്ങളെ സഹപ്രവർത്തകരായും കൂട്ടുകാരായും സ്വീകരിക്കാൻ മുസ്‌ലിം പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്

മാതാപിതാക്കൾക്ക് വേണ്ടിയുള്ള പ്രാർത്ഥന

80- عَنْ أَبِيْ هُرَيْرَةَ رَضِيَ اللهُ عَنْهُ، قَالَ: قَالَ رَسُوْلُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: "إِنَّ الرَّجُلَ لَتُرْفَعُ دَرَجَتُهُ فِي الْجَنَّةِ؛ فَيَقُوْلُ: أَنَّى لِيْ هَذَا؟ فَيُقَالُ: بِاسْتِغْفَارِ وَلَدِكَ لَكَ".

(سنن ابن ماجه، رقم الحديث 3660، وحسنه الألباني).

അബൂ ഹുറയ്റ (റ) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: ഒരു മനുഷ്യന് സ്വർഗ ത്തിൽ അവന്റെ പദവി ഉയർത്തി കൊടുക്കപ്പെടും, അപ്പോൾ അവൻ പറയും; എനിക്കെങ്ങനെ ഇത് (ലഭി ച്ചു) ? അപ്പോൾ പറയപ്പെടും; നിനക്ക് വേണ്ടി നിന്റെ മക്കളുടെ പാപ മോചനം മൂലമാണ് (ഇത്). (ഇബ്നു മാജ 3660)

<u>ഹദീസ് നിവേദകൻ</u>

**ഹദീസ് നമ്പർ ۱ നോക്കുക**

**ഹദീസിലെ പാഠങ്ങൾ**

1.മാതാപിതാൾക്ക് വേണ്ടി മക്കൾ പാപമോചനം തേടുന്നത് മാതാപിതാക്കൾക്ക് പദവി ഉയരാൻ കാരണമാകുമെന്നത് കൊണ്ട് മക്കളെ ശരിയായ ഇസ്ലാമിക വിശ്വാസത്തിലും സദ്ഗുണ സമ്പന്നരായും വളർത്തേണ്ടത് രക്ഷിതാക്കളുടെ കടമയാണ്. കാരണം തിന്മയിലും തോന്നിവാസത്തിലും വളരുന്ന ഒരുവൻ മാതാ പിതാക്കൾക്കോ മറ്റാർക്കെങ്കിലുമോ സ്വന്തത്തിനു തന്നെയോ പാപമോചനം തേടില്ല, അവന് അതറിയുകയുമില്ല.

2.മാതാപിതാക്കൾക്ക് വേണ്ടി പാപമോചനം തേടലും അവർക്ക് വേണ്ടി പ്രാർത്ഥിക്കലും മറ്റും മക്കളുടെ ബാധ്യതയാണ്.

3. മാതാപിതാക്കൾക്ക് വേണ്ടി മക്കൾ പ്രാർത്ഥിക്കുന്നത് അല്ലാഹുവിങ്കൽ മാതാപിതാക്കളുടെ പദവി ഉയരാൻ കാരണമാകും.

### ജനാബത്തിന്റെ വിധി

81- عَـنْ عَائِشَــةَ رَضِــيَ اللهُ عَنْهَــا، قَالَـتْ: كَـانَ رَسُـوْلُ اللَّهِ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ إِذَا كَـانَ جُنُبًـا؛ فَـأَرَادَ أَنْ يَأْكُـلَ أَوْ يَنَامَ؛ تَوَضَّأَ وُضُوءَهُ لِلصَّلَاةِ.

(صحيح مسلم، رقم الحديث 22 -(305)، ).

ആഇഷ (റ)ഇൽ നിന്നും, അവർ പറഞ്ഞു; നബി(സ) ജനാബത്ത് കാരനാവുകയും അവിടുന്ന് ഉറക്കിനോ ഭക്ഷണത്തിനോ ഉദ്ദേശിക്കുകയും ചെയ്താൽ അദ്ദേഹം നമസ്കാരത്തിന് വുദു ചെയ്യുന്നത് പോലെ വുദു ചെയ്യാറുണ്ടായിരുന്നു. (മുസ്ലിം 22 (305))

<u>**ഹദീസ് നിവേദകൻ**</u>

***ഹദീസ് നമ്പർ 16 നോക്കുക***

**<u>ഹദീസിലെ പാഠങ്ങൾ</u>**

1. ജനാബത്ത് അഥവാ വലിയ അശുദ്ധി സ്ത്രീ സംസർഗമുണ്ടായിട്ട് ശുക്ല സ്രാവം ഉണ്ടായില്ലെങ്കിലും സംഭവിക്കും, അത് പോലെ തന്നെ സ്ത്രീ സംസർഗമുണ്ടായിട്ടില്ലെങ്കിലും ശുക്ല സ്രാവം മൂലവും സംഭവിക്കും. ഇത് സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരു പോലെ തന്നെ. ജനാബത്ത് ഉള്ളവന് കുളിക്കുന്നതിനു മുമ്പ് തന്നെ ഭക്ഷണ പാനീയങ്ങൾ കഴിക്കുന്നതിനും ഉറങ്ങുന്നതിനും വീണ്ടും ലൈംഗിക ബന്ധത്തിലേർപ്പെടുന്നതിനും വിരോധമില്ല.

2. സ്ത്രീക്ക് അവർ ജനാബത്ത് കാരിയായിരിക്കെ ഭക്ഷണം പാകം ചെയ്യുന്നതിനോ വീട്ടു ജോലികളും മറ്റും ചെയ്യുന്നതിനോ സന്താന പരിപാലനത്തിനോ യാതൊരു വിരോധവുമില്ല.

3. ജനാബത്ത് കാരന് / കാരിക്ക് ഭക്ഷണ പാനീയങ്ങൾ കഴിക്കുന്നതിനും ഉറങ്ങുന്നതിനും വീണ്ടും ലൈംഗിക ബന്ധത്തിലേർപ്പെടുന്നതിനും മുമ്പായി വുദു ചെയ്യൽ സുന്നത്താണ് , എന്നാൽ കുളിക്കുന്നതാണ് ഉത്തമം.

## ദൈവസ്മരണ പിശാചിനെ അകറ്റും

82- عَـنْ جَـابِرِ بْـنِ عَبْـدِاللهِ رَضِـيَ اللهُ عَنْهُمَـا أَنّـهُ سَـمِعَ النَّبِـيَّ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ، يَقُـوْلُ: "إِذَا دَخَـلَ الرَّجُـلُ بَيْتَـهُ؛ فَـذَكَرَ اللهَ عِنْـدَ دُخُوْلِـهِ، وَعِنْـدَ طَعَامِـهِ؛ قَـالَ الشّـيْطَانُ: لاَ مَبِيْـتَ لَكُـمْ وَلاَ عَشَـاءَ، وَإِذَا دَخَـلَ؛ فَلَـمْ يَـذْكُرِ اللهَ عِنْـدَ دُخُولِـهِ؛ قَـالَ الشّـيْطَانُ: أَدْرَكْـتُمُ المَبِيْـتَ، وَإِذَا لَـمْ يَذْكُرِ اللهَ عِنْدَ طَعَامِهِ، قَالَ: أَدْرَكْتُمُ المَبِيتَ وَالعَشَاءَ".
(صحيح مسلم، رقم الحديث 103 - (2018)، ).

ജാബിറുബ്നു അബ്ദുല്ലാ (റ)ഇൽ നിന്നും, നബി(സ) പറയുന്നതായി അദ്ദേഹം കേട്ടിരിക്കുന്നു: ഒരു മനുഷ്യൻ തന്റെ വീട്ടിലേക്ക് പ്രവേശിക്കുകയും ആ പ്രവേശനത്തിലും ഭക്ഷണത്തിലും അല്ലാഹുവെ സ്മരിക്കുകയും ചെയ്യുന്നു. അപ്പോൾ പിശാച് പറയും; ഇവിടെ നിങ്ങൾക്ക് താമസമില്ല, ഭക്ഷണവുമില്ല. എന്നാൽ അവൻ പ്രവേശിച്ചു, ആ പ്രവേശനത്തിൽ അല്ലാഹുവെ സ്മരിച്ചതുമില്ല. അപ്പോൾ പിശാച് പറയും; നിങ്ങൾക്ക് താമസ സ്ഥലം ലഭിച്ചു. അങ്ങനെ അവൻ ഭക്ഷണത്തിലും അല്ലാഹുവെ സ്മരിച്ചില്ല, അപ്പോൾ പിശാച് പറയും; നിങ്ങൾക്ക് താമസവും ഭക്ഷണവും ലഭിച്ചു. (മുസ്ലിം 103 (2018))

**<u>ഹദീസ് നിവേദകൻ</u>**

***ഹദീസ് നമ്പർ 22 നോക്കുക***

**<u>ഹദീസിലെ പാഠങ്ങൾ</u>**

1.വീട്ടിൽ പ്രവേശിക്കുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴുമൊക്കെ അല്ലാഹുവിനെ സ്മരിക്കാൻ ഈ ഹദീസ് നമ്മെ പ്രോത്സാഹിപ്പിക്കുന്നു. അത് കൊണ്ട് തന്നെ ഒരു മുസ്‌ലിം വീട്ടിൽ പ്രവേശിക്കുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴുമൊക്കെ അല്ലാഹുവിന്റെ നാമം സ്മരിക്കാൻ മറക്കരുത്.

2. പിശാചും അവന്റെ ശിങ്കിടികളും അല്ലാഹുവിന്റെ നാമം സ്മരിക്കാത്ത വീടുകളിൽ പ്രവേശിക്കും.

3. ദൈവ സ്മരണ പിശാചിനെ ആട്ടിയകറ്റും, പരമ കാരുണികന്റെ പ്രീതി ലഭ്യമാക്കും, ദുഖങ്ങളും പ്രയാസങ്ങളും വിഷമങ്ങളും അകറ്റും, നിത്യ ജീവിതം ആനന്ദദായകവും സന്തോഷപ്രദവുമാക്കും, അല്ലാഹുവിന്റെ മഹത്തായ സാമീപ്യം കരസ്ഥമാക്കിക്കൊണ്ട് സുകൃതവാന്മാരിൽ ഉൾപ്പെടാൻ സാധിക്കും. ഇവയൊക്കെ ദൈവ സ്മരണ കൊണ്ടുള്ള നേട്ടങ്ങളിൽ ചിലതാണ്.

**സുജൂദിൽ പ്രാർത്ഥനകൾ വർധിപ്പിക്കുക**

83- عَـنْ أَبِـيْ هُرَيْـرَةَ رَضِـيَ اللهُ عَنْـهُ، أَنَّ رَسُـوْلَ اللهِ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ، قَـالَ: "أَقْـرَبُ مَـا يَكُـوْنُ الْعَبْـدُ مِـن رَبِّهِ وَهُوَ سَاجِدٌ؛ فَأَكْثِرُوْا الدُّعَاءَ". (صحيح مسلم، رقم 215 -(482)، ).

അബൂ ഹുറയ്റ (റ)ഇൽ നിന്നും, നബി(സ) പറഞ്ഞിരിക്കുന്നു: അടിമ തന്റെ രക്ഷിതാവിനോട് ഏറ്റവും അടുത്തിരിക്കുന്നത് അവൻ സുജൂദിലായിരിക്കുമ്പോഴാണ്, അതിനാൽ നിങ്ങൾ (സുജൂദിൽ) പ്രാർത്ഥനകൾ വർധിപ്പിക്കുക . (മുസ്ലിം 215 (482))

<u>**ഹദീസ് നിവേദകൻ**</u>

***ഹദീസ് നമ്പർ ۱ നോക്കുക***

**<u>ഹദീസിലെ പാഠങ്ങൾ</u>**

1. അല്ലാഹുവിന്റെ മഹത്തായ കാരുണ്യവും നന്മകളും നേടിയെടുക്കാവുന്ന അവന്റെ സാമിപ്യം ലഭ്യമാക്കുന്ന അതി പ്രധാന ആരാധനയാണ് സുജൂദ്.

2.നിർബന്ധ നമസ്കാരത്തിലും ഐച്ഛിക നമസ്കാരത്തിലും വിശ്വാസിക്ക് തന്റെ നാഥനോട് തേടാവുന്നതാണ്. നമസ്കാരത്തിൽ പ്രാർത്ഥന ഏറ്റവും അനുയോജ്യമായത് സുജൂദിലാണ്.

3. ഖുർആനിലും തിരു സുന്നത്തിലും പ്രസ് താവിക്കപ്പെട്ട പ്രാർത്ഥനകൾ മനപ്പാഠമാക്കലും അവ മുഖേനെ അല്ലാഹുവിനോട് ചോദിക്കലും മുസ്‌ലിമിന് പുണ്യകരമാണ്. അവയ്ക്കാണ് കൂടുതൽ ഉത്തരം ലഭി ക്കാനുള്ള സാധ്യതകളും.

### ഖബ്റുകൾ കുമ്മായം പൂശരുത്

84- عَـنْ جَـابِرٍ رَضِـيَ اللَّهُ عَنْـهُ، قَـالَ: نَهَـى رَسُـوْلُ اللَّهِ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ أَنْ يُجَصَّـصَ الْقَبْـرُ، وَأَنْ يُقْعَـدَ عَلَيْهِ، وَأَنْ يُبْنَى عَلَيْهِ.

(صحيح مسلم، رقم الحديث 94 -(970)، ).

ജാബിർ (റ)ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; ഖബ്റുകൾ കുമ്മായം പൂശുന്നതും അതിന്മേൽ ഇരിക്കുന്നതും അതിന്മേൽ കെട്ടിടം നിർമിക്കുന്നതും നബി(സ) വിരോധിച്ചിരിക്കുന്നു. (മുസ്ലിം 94 970)

**<u>ഹദീസ് നിവേദകൻ</u>**

***ഹദീസ് നമ്പർ 22 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1. ഖബറുകൾ കുമ്മായം പൂശുന്നതും അവയുടെ മുകളിൽ കെട്ടിടങ്ങളോ ഖുബ്ബയോ റൂമുകളോ പള്ളി യോ മറ്റു വല്ലതുമോ ഉണ്ടാക്കുന്നതും നിഷിദ്ധ മാണെന്ന് ഈ ഹദീസ് വിധി പ്രസ്താവിക്കുന്നു.

2. കുമ്മായം പൂശുന്നതിന് വിരോധം വരാനുള്ള കാരണം അത് ആ ഖബ്റ് പ്രത്യേകം ആകർഷി ക്കപ്പെടാനും അത് മുഖേനെ ആ ഖബ്റ് കാണുന്നവർ അതിന് ചില പ്രത്യേകതകളുണ്ടെന്നു വിശ്വസിക്കാനും അവിടെ ഇസ്ലാം വിരോധിച്ച പല കാര്യങ്ങളും നടക്കാനുമിടയുണ്ട്. അത് പോലെ തന്നെ അത് വിശ്വാസ കാര്യങ്ങളിലെ അതിര് കവിയലിനും അല്ലാ ഹു അല്ലാത്തവരോടുള്ള പ്രാർത്ഥനക്കും കാരണ മാകും എന്നത് കൊണ്ടാണ്.

3. ഖബറിൻമേൽ ഇരികുമ്പോൾ അത് മറമാടപ്പെട്ട മയ്യിത്തിനോടുള്ള അനാദരവാണ്. ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം മയ്യിത്തിനെ ആദരിക്കൽ അവ ന്റെ ബാധ്യതയാണ്.

**സ്വവർഗാനുരാഗത്തെ തൊട്ട് മുന്നറിയിപ്പ്**

85- عَـنْ عَبْـدِ اللَّهِ بْـنِ عَبَّـاسٍ رَضِـيَ اللَّهُ عَنْهُمَـا، قَـالَ: قَـالَ رَسُـوْلُ اللَّهِ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ: "مَـنْ وَجَـدْتُمُوْهُ يَعْمَلُ عَمَلَ قَوْمِ لُوطٍ؛ فَاقْتُلُوا الْفَاعِلَ وَالْمَفْعُوْلَ بِهِ".

(سـنن أبـي داود، رقـم الحـديث 4462، وجـامع الترمذي، رقم الحديث 1456، واللفظ لهما، وسنن ابن ماجه، رقـم الحـديث 2561، وقـد حسـن وصـحح الألباني هذا الحديث).

അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: നിങ്ങളിൽ ആരെങ്കിലും ലൂത്ത് (അ) ന്റെ സമൂഹത്തിന്റെ പ്രവൃത്തി (സ്വവർഗാനുരാഗം) ചെയ്യുന്നവരെ കണ്ടാൽ (അത്) ചെയ്യുന്നവനെയും ചെയ്യപ്പെടുന്നവനെയും വധിച്ച് കളയുക. (അബൂ ദാവൂദ് 4462, തുർമുദീ 1456)

**<u>ഹദീസ് നിവേദകൻ</u>**

***ഹദീസ് നമ്പർ 6 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1.ജനങ്ങൾ അറിവില്ലായ്മ നിമിത്തവും മത ചിട്ടകളുടെ കുറവ് മൂലവും അകപ്പെട്ട് പോകുന്ന ഒരു തിന്മയാണ് സ്വവർഗ രതി. ആരോഗ്യ പരമായും മതപരമായും ഒട്ടേറെ ദുശ്യവശമുള്ള ഈ തിന്മക്ക് അല്ലാഹുവിങ്കൽ കഠിനമായ ശിക്ഷയാണ് ഉള്ളത്. ലൂത്ത് നബി(അ) യുടെ സമൂഹത്തെ അല്ലാഹു ഭൂമി കീഴ്മേൽ മറിച്ച് കൊണ്ട് കഠിനമായി ശിക്ഷിക്കാനുള്ള കാരണം ഈ തിന്മയായിരുന്നു. അല്ലാഹു പറയുന്നു 'അങ്ങനെ, ന മ്മുടെ കൽപന വന്നപ്പോൾ, അതിൻറെ ധരാജ്യത്തിൻറെപ മുകൾ ഭാഗം അതിൻറെ താഴ്ഭാ ഗമാക്കിമറിക്കുകയും, അതിൽ, (മേൽക്കുമേൽ വന്നു) അട്ടിയാക്കപ്പെട്ട, ചൂളവെച്ച ഇഷ്ടികക്കല്ലുകളെ നാം വർ ഷിപ്പിക്കുകയും ചെയ്തു' (വി.ഖു 11:82)

2.സ്വവർഗ രതിയിൽ ചെയ്യുന്നവനും ചെയ്യപ്പെടുന്നവനും ഒരു പോലെയാണ്. കാരണം ആ തിന്മയിൽ അവർ രണ്ട് പേരും പങ്കാളികളാണ്. സ്വവർഗ രതി ചെയ്യുന്നവനേയും ചെയ്യപ്പെടുന്നവനേയും വധിക്കണമെന്ന വിഷയത്തിൽ സ്വഹാബിമാർ ഒന്നടങ്കം ഏകാഭിപ്രായക്കാരാണ്. എന്നാൽ എങ്ങനെ വധിക്കണമെന്ന വിഷയത്തിൽ പല അഭിപ്രായങ്ങളുമുണ്ട്. തല വെട്ടണമെന്നും ക ല്ലെറിഞ്ഞു കൊല്ലണമെന്നും അവന്റെ മേൽ ചുമർ

ഇടിച്ച് വീഴ്ത്തി കൊല്ലണമെന്നും പല വിധ അഭിപ്രായമുണ്ട്, എന്നാൽ ന്യായാധിപന് ഉചിതമായ രീതി സ്വീകരിക്കാം. എന്നാൽ സ്വ ഇഷ്ട പ്രകാരമല്ലാതെ അതിന് വഴങ്ങേണ്ടി വന്നവന്റെ മേൽ പ്രതിക്രിയ ഇല്ല. അത് പോലെ തന്നെ ബുദ്ധി സ്ഥിരത ഇല്ലാത്തവനും ആ തിന്മയിൽ പ്രലോഭിതനല്ലാത്ത കുട്ടികളുടെ മേലും പ്രതി ക്രിയ ഇല്ല.

3. സ്വവർഗ രതി വളരെ മ്ലേച്ചമായ തിന്മയാണ്. അത് കൊണ്ട് തന്നെ ആരെങ്കിലും ആ തിന്മയിൽ അകപ്പെട്ട് പോയിട്ടുണ്ടെങ്കിൽ അല്ലാഹു മറച്ചു വെച്ചത് സ്വയം വെളിപ്പെടുത്താതെ ഇസ്‌ലാം പഠിപ്പിക്കുന്ന നിബന്ധനകളോട് കൂടി അല്ലാഹുവിലേക്ക് ഖേദിച്ച് മടങ്ങുകയാണ് വേണ്ടത്.

**മയ്യിത്തിന് ഉപകാരം കിട്ടുന്നവ**

86- عَـنْ أَبِـــيْ هُرَيْــرَةَ رَضِـــيَ اللهُ عَنْـــهُ، أَنَّ رَسُـــوْلَ اللهِ صَـلَّى اللهُ عَلَيْـهِ وَسَلَّمَ قَـالَ: "إِذَا مَـاتَ الإِنْسَـانُ انْقَطَـعَ عَنْـهُ عَمَلُـهُ إِلاَّ مِـنْ ثَلاثَـةٍ: إِلاَّ مِـنْ صَـدَقَةٍ جَارِيَـةٍ، أَوْ عِلْـمٍ يُنْتَفَـعُ بِهِ، أَوْ وَلَدٍ صَالِحٍ يَدْعُوْ لَهُ".

(صحيح مسلم، رقم الحديث 14 -(1631)، ).

അബൂ ഹുറയ്റ (റ) ഇൽ നിന്നും, നബി(സ) പറഞ്ഞിരിക്കുന്നു: ഒരു മനുഷ്യൻ മരണപ്പെട്ടാൽ മൂന്ന് കർമ്മങ്ങളല്ലാത്ത എല്ലാ കാര്യങ്ങളും അവനെ തൊട്ട് മുറിഞ്ഞ് പോകും, നില നിൽക്കുന്ന ദാന ധർമങ്ങൾ, ഉപകാരപ്രദമായ വിജ്ഞാനം, അവനു വേണ്ടി പ്രാർത്ഥിക്കുന്ന നല്ല സന്താനം (എന്നിവയാണവ). (മുസ്ലിം 14 (1631))

**ഹദീസ് നിവേദകൻ**

***ഹദീസ് നമ്പർ 1 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1. ഒരു മനുഷ്യന്റെ മരണത്തോട് കൂടി മേൽ പ്രസ്ഥാവിക്കപ്പെട്ട മൂന്ന് കാര്യങ്ങളല്ലാത്ത കർമങ്ങളെല്ലാം നിശ്ഫലമായി പോകുമെന്ന് ഈ ഹദീസ് നമ്മെ ഓർമിപ്പിക്കുന്നു. എന്നാൽ ജീവിത കാലത്തെ അവന്റെ പരിശ്രമങ്ങളുടെയും സമ്പാധനതിന്റെയും പ്രതിഫലനമായ നല്ല മക്കൾ , ഉപകാരപ്രദമായ വിജ്ഞാനം , നില നില്കുന്ന ദാനധർമങ്ങൾ തുടങ്ങിയവ അവന് ഉപയോഗപ്പെടുന്നു.

2. ഖുഅആൻ ഓതി ഹദ്‌യ ചെയ്യുന്നത് കൊണ്ട് മയ്യിത്തിനു ഉപകാരം ലഭിക്കില്ലെന്ന് ഈ ഹദീസിൽ നിന്നും നമുക്ക് മനസ്സിലാക്കാം. കാരണം അങ്ങനൊരു കർമ്മം നബി(സ) ൽ നിന്നോ അവിടുത്തെ അനുചരരിൽ നിന്നോ സ്ഥിരപ്പെട്ട് വന്നിട്ടില്ല. അതിൽ വല്ല ശ്രേഷ്ഠതയും ഉണ്ടായിരുന്നെങ്കിൽ വിശ്വാസികളോട് കരുണയുള്ളവനെന്നു അല്ലാഹു വിശേഷിപ്പിച്ച പ്രവാചകൻ(സ) അതിനു വേണ്ടി പ്രോത്സാഹിപ്പിക്കുകയെങ്കിലും ചെയ്യുമായിരുന്നു.

3.നല്ല സാന്താനങ്ങളെ കരസ്ഥമാക്കാൻ അനിവാര്യമായ വിവാഹത്തിലേക്ക് ഈ ഹദീസ് വിരൽ ചൂണ്ടുന്നു.

### നോമ്പ് തുറപ്പിക്കുന്നതിന്റെ ശ്രേഷ്ഠത

87- عَنْ زَيْدِ بْنِ خَالِدٍ الْجُهَنِيِّ رَضِيَ اللهُ عَنْهُ، قَالَ: قَالَ رَسُوْلُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: "مَنْ فَطَّرَ صَائِمًا كَانَ لَهُ مِثْلُ أَجْرِهِ غَيْرَ أَنَّهُ لاَ يَنْقُصُ مِنْ أَجْرِ الصَّائِمِ شَيْئًا".

(جامع الترمذي، رقم الحديث 807، واللفظ له، وسنن ابن ماجه، رقم الحديث 1746، وقال الإمام الترمذي عن هذا الحديث بأنه: حسن صحيح، وصححه الألباني).

സൈദ് ഇബ്നു ഖാലിദ് അൽ ജുഹനി (റ) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: ആരെങ്കിലും ഒരു നോമ്പ് കാരനെ നോമ്പ് തുറപ്പിച്ചാൽ അവന് (നോമ്പുകാരന്) ഉള്ളത് പോലെ തന്നെ, അവന്റെ പ്രതിഫലത്തിൽ നിന്നും യാതൊന്നും കുറയാതെ തന്നെ അവനും (നോമ്പ് തുറപ്പിച്ചവനും) പ്രതിഫലം ലഭിക്കുന്നതാണ്. (തുർമുദി 807, ഇബ്നു മാജ 1746)

**<u>ഹദീസ് നിവേദകൻ</u>**

അബൂ അബ്ദു റഹ്മാൻ സൈദ് ഇബ്നു ഖാലിദ് അൽ ജുഹനീ എന്നാണ് യഥാർത്ഥ നാമം. നബി(സ) യോടൊപ്പം ഹുദൈബിയ സന്ധിയി

ൽ പങ്കെടുത്തിട്ടുണ്ട്. മക്കാ വിജയദിവസം ജുഹൈന ഗോത്രത്തിന്റെ പതാക വാഹകൻ അദ്ദേഹമായിരുന്നു. 81 ഹദീസുകൾ റിപ്പോർട്ട് ചെയ്ത അദ്ദേഹം തന്റെ 85 ആം വയസ്സിൽ ഹി 78 ൽ മദീനയിൽ വെച്ച് ഇഹലോക വാസം വെടിഞ്ഞു. (മിസ്റിൽ വെച്ചാണെന്നും അഭിപ്രായമുണ്ട്) .

**ഹദീസിലെ പാഠങ്ങൾ**

1. നോമ്പ് തുറപ്പിക്കുക എന്നത് വളരെ നല്ലൊരു നന്മയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മുസ്‌ലിംകൾക്കിടയിൽ പരസ്പര ഇണക്കത്തിനും ഐക്യത്തിനും കാരണമാകുന്ന നോമ്പ് തുറപ്പിക്കാൻ ഈ ഹദീസ് നമ്മെ പ്രോത്സാഹിപ്പിക്കുന്നു.

2. നോമ്പ് തുറപ്പിക്കുമ്പോൾ അടുത്ത ബന്ധമുള്ളവരെ ക്ഷണി?ുന്നത് കൊണ്ട് നോമ്പ് തുറപ്പിച്ചതിന്റെയും കുടുംബ ബന്ധം ചേർത്തതിന്റെയും പ്രതിഫലം ഒരേ സമയം കരസ്ഥമാക്കുന്നു . എന്നാൽ അടുത്ത ബന്ധം ഇല്ലെങ്കിൽ കൂടി നോമ്പ് തുറക്കാൻ യാതൊന്നും ലഭിക്കാത്ത ദരിദ്രനെ നോമ്പ് തുറപ്പിക്കുന്നതിനു വളരെ വലിയ പ്രതിഫലമുണ്ട്.

3. തങ്ങളുടെ കഴിവനുസരിച്ച് മറ്റുള്ള ദരിദ്രരെയും മറ്റും നോമ്പ് തുറപ്പിക്കുവാൻ ഓരോരുത്തരും പ്രത്യേകം താത്പര്യമെടുക്കേണ്ടതുണ്ട്.

**റമദാനിന്റെ ശ്രേഷ്ഠത**

88- عَـنْ أَنَـسِ بْـنِ مَالِـكٍ رَضِـيَ اللهُ عَنْـهُ، قَـالَ دَخَـلَ رَمَضَـانُ؛ فَقَـالَ رَسُـوْلُ اللهِ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ: "إِنَّ هَـذَا الشَّـهْرَ قَـدْ حَضَـرَكُمْ، وَفِيْـهِ لَيْلَـةٌ خَيْـرٌ مِـنْ أَلْـفِ شَـهْرٍ، مَـنْ حُرِمَهَـا؛ فَقَـدْ حُـرِمَ الْخَيْـرَ كُلَّـهُ، وَلاَ يُحْـرَمُ خَيْرَهَـا إِلاَّ مَحْرُوْمٌ".

(سنن ابن ماجه، رقم الحديث 1644، وحسنه الألباني وصححه).

അനസ് ഇബ്നു മാലിക് (റ) നിന്നും, അദ്ദേഹം പറഞ്ഞു; റമദാൻ ആയപ്പോൾ നബി(സ) പറഞ്ഞു: നിങ്ങൾക്കാഗതമായിട്ടുള്ള ഈ മാസം, അതിൽ ആയിരം മാസങ്ങളേക്കാൾ പുണ്യമുള്ള ഒരു രാത്രിയുണ്ട്. ആര് അതിനെ ആദരിച്ചുവോ, അവൻ അതിന്റെ നന്മകളെ മുഴുവൻ ആദരിച്ചു, നഷ്ടക്കാരനല്ലാതെ അതിന്റെ നന്മകളെ നഷ്ടപ്പെടുത്തില്ല . ( ഇബ്നു മാജ 1644)

**<u>ഹദീസ് നിവേദകൻ</u>**

***ഹദീസ് നമ്പർ 3 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1.റമദാൻ ആരാധനയുടെയും ദൈവ സ്മരണയുടെയും സ്വഭാവ സംസ്കരണത്തിന്റെയും നരക മോചനത്തിന്റെയും മാസമാണ്. ആ മാസത്തിലാണ് ആയിരം മാസങ്ങളേക്കാൾ പുണ്യമുള്ള ലൈലത്തുൽ ഖദ്റിനെ അല്ലാഹു ഒരുക്കി വെച്ചത്. അതിന്റെ നന്മകളെ നഷ്ടപ്പെടുത്തുന്നവനാണ് നിർ ഭാഗ്യവാൻ .

2.അല്ലാഹുവിന്റെ അടുക്കൽ മഹത്തായ വിജയം കരഗതമാക്കാൻ വേണ്ടി മുസ്ലിം ഈ പുണ്യമാസത്തെ ഉപയോഗപ്പെടുത്തണം.

### കപട വിശ്വാസിയുടെ ലക്ഷണങ്ങൾ

89- عَـنْ أَبِـيْ هُرَيْـرَةَ رَضِـيَ اللَّهُ عَنْـهُ، عَـنِ النَّبِـيِّ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ، قَـالَ: "آيَـةُ الْمُنَـافِقِ ثَـلاَثٌ: إِذَا حَـدَّثَ كَذَبَ، وَإِذَا وَعَدَ أَخْلَفَ، وَإِذَا اؤْتُمِنَ خَانَ".

(صـحيح البخاري، رقم الحديث 33، واللفظ له، وصـحيح مسلم، رقم الحديث 107 - (59)،).

അബൂ ഹുറയ്റ (റ) ഇൽ നിന്നും, നബി(സ) പറഞ്ഞിരിക്കുന്നു: കപട വിശ്വാസിയുടെ ലക്ഷണങ്ങൾ മൂന്നാണ്; സംസാരിച്ചാൽ കളവ് പറയുക, വാഗ്ദാനം ചെയ്താൽ ലംഘിക്കുക, വിശ്വസിച്ചാൽ ചതിക്കുക. (ബുഖാരി 33 , മുസ്ലിം 107 59)

**<u>ഹദീസ് നിവേദകൻ</u>**

***ഹദീസ് നമ്പർ 1 നോക്കുക***

**ഹദീസിലെ പാഠങ്ങൾ**

1. കരാർ ലംഘനം, നുണ പറയൽ, വിശ്വാസ വഞ്ചന തുടങ്ങി കപട വിശ്വാസികളുടെ ലക്ഷണങ്ങളെ തൊട്ട് ഈ ഹദീസ് വിശ്വാസിയെ വിലക്കുന്നു.

2.പുറമേ മാന്യത ചമഞ്ഞ് അകമേ ദുഷ് ചിന്തകളുമായി നടക്കുന്നവനാണ് കപട വിശ്വാസി. അവർ ഹൃദയത്തിൽ സത്യ നിഷേധമാണെങ്കിൽ കൂടി പുറമേ മുസ്‌ലിമായി നടിക്കുന്നു.

3. ഹദീസിൽ പ്രസ്ഥാവിക്കപ്പെട്ട കപട വിശ്വാസിയുടെ ലക്ഷണങ്ങൾ ഉള്ളവർ കപട വിശ്വാസികളോട് സാദൃശ്യം പുലർത്തുന്നവരാണെന്നും അത്തരക്കാർ എത്രയും പെട്ടെന്ന് സ്വഭാവ സംസ്കരണത്തിന് സന്നദ്ധമാകണമെന്നുമാണ് ഈ ഹദീസിന്റെ ആശയം.

**ഖുർആൻ വാഹകരോടുള്ള ആദരവ്**

90- عَـنْ أَبِـيْ مُوْسَـى الْأَشْـعَرِيِّ رَضِـيَ اللَّهُ عَنْـهُ، قَـالَ: قَـالَ رَسُـوْلُ اللَّهِ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ: "إِنَّ مِـنْ إِجْـلَالِ اللَّهِ: إِكْـرَامَ ذِي الشَّـيْبَةِ الْمُسْـلِمِ، وَحَامِـلَ الْقُـرْآنِ غَيْـرَ الْغَـالِيْ فِيْـهِ وَالْجَـافِيْ عَنْـهُ، وَإِكْـرَامَ ذِي السُّـلْطَانِ الْمُقْسِطِ".

(سنن أبي داود، رقم الحديث 4843، وحسنه الألباني).

അബൂ മൂസൽ അശ്അരി (റ) ഇൽ നിന്നും, അദ്ദേഹം പറഞ്ഞു ; നബി(സ) പറഞ്ഞിരിക്കുന്നു : അല്ലാഹുവിന്റെ ഔന്നിത്യത്തിൽ പെട്ടതാണ്, മുസ്‌ലിമായ വൃദ്ധരെയും , അതിരു കവിയുകയോ പാടേ അവഗണിക്കുകയോ ചെയ്യാത്ത ഖുർആൻ വാഹകരെയും ആദരിക്കുക എന്നത്. അത് പോലെ തന്നെ നീതിമാനായ ഭരണാധികാരിയെ ആദരിക്കലും. (അബൂ ദാവൂദ് 4843)

<u>**ഹദീസ് നിവേദകൻ**</u>

***ഹദീസ് നമ്പർ 28 നോക്കുക***

**<u>ഹദീസിലെ പാഠങ്ങൾ</u>**

1.പ്രായാധിക്യമുള്ളവരെയും മുതിർന്നവരെയും ആദരിക്കുക എന്നത് ഇസ്‌ലാമിന്റെ മഹത്തായ നന്മകളിൽ പെട്ടതാണ്.

2.ഖുർആനിനെ അതിന്റെ എല്ലാ വിധ മാന്യതകളോടും കൂടി പരിധി വിടാതെ മനസ്സിലും പ്രവർത്തനത്തിലും വഹിക്കുന്നവർക്കും വളരെ വലിയ സ്ഥാനമാണ് ഉള്ളത്.

# വിഷയ സൂചിക


| വിഷയങ്ങൾ | പേജ് |
|---|---|
| ആമുഖം | 3 |
| വിവർത്തക കുറിപ്പ് | 6 |
| നല്ല സമ്പാദ്യത്തിൽ നിന്നുള്ള സ്വദഖ | 7 |
| ഇസ്‌ലാം എളുപ്പത്തിന്റെ മതം | 10 |
| ബലികർമ്മത്തിന്റെ വിധിവിലക്കുകളിൽ... | 12 |
| ഇമാമിനെ നമസ്കാരത്തിൽ പിന്തുടരുന്ന | 14 |
| നമസ്കാരത്തിൽ സലാം വീട്ടുന്നതിന്റെ.. | 16 |
| പ്രകടനപരതയെ തൊട്ട് ജാഗ്രത........ | 18 |
| മസീഹ് ദജ്ജാലിന്റെ അടയാളങ്ങളിൽ... | 20 |
| സമൂഹത്തെ സേവിക്കുന്നതിന്റെ മര്യാദ | 22 |
| വെള്ളം കുടിക്കുന്നതിന്റെ മര്യാദ.... | 24 |
| ഇസ്‌ലാമിൽ വിരോധിക്കപ്പെട്ടവയിൽ... | 26 |
| ക്ഷണം സ്വീകരിക്കൽ | 28 |
| ഇഷാ, സുബ്ഹി ജമാഅത്തുകളുടെ..... | 30 |
| ചിത്രമുണ്ടാക്കുന്നതിനെ ഇസ്‌ലാം.. | 32 |
| ഭക്ഷണ മര്യാദകൾ | 33 |
| വുദുവിന്റെ രൂപം | 35 |
| ജിന്നും മലക്കും തമ്മിലുള്ള വ്യത്യാസം | 38 |

| | |
|---|---|
| ഖുബാ പള്ളിയിലെ നമസ്കാരത്തിന്റെ... | 40 |
| അഗതികളെ പരിഗണിക്കാൻ ഇസ്‌ലാം.. | 41 |
| ഇസ്‌ലാം സ്നേഹ പ്രകടനത്തെ... .. | 43 |
| ആരോഗ്യവും ഒഴിവ് സമയവുമാകുന്ന.. . | 45 |
| ഇസ്‌ലാം അവകാശ സംരക്ഷണത്തിന്റെ | 46 |
| പിതാവിന് പുത്രന്റെ സ്വത്ത് . .. | 49 |
| ഊരക്ക് കൈ കൊടുത്ത് നമസ്കരിക്കൽ | 52 |
| നിന്ന് കൊണ്ട് ഭക്ഷണ പാനീയങ്ങൾ ... | 53 |
| സൂ. ഇഖ്‌ലാസിന്റെ ശ്രേഷ്ഠത | 55 |
| വിവാഹിതരാവാനുള്ള പ്രേരണ | 57 |
| മുഹമ്മദ് നബി(സ) യുടെ സവിശേഷത | 59 |
| സ്വർഗ്ഗത്തിലെ വിശേഷങ്ങൾ | 62 |
| ഉളുഹിയ്യത്ത് , ഹദ്‌യ് എന്നിവയിൽ .. . | 64 |
| നരകാവകാശികളുടെ ശിക്ഷകളിലെ | 66 |
| ബലിപെരുന്നാൾ ദിനങ്ങൾ | 68 |
| ജനങ്ങളുടെ കൂടെയുള്ള നോമ്പും ബലി.. | 71 |
| വൻ പാപങ്ങളെ തൊട്ടുള്ള താക്കീത് | 72 |
| നജ്ജഷിനോടുള്ള വിരോധം | 74 |
| നമസ്കാര ശേഷമുള്ള കീർത്തനം | 76 |
| പ്രദോഷത്തിലെ കീർത്തനങ്ങളിൽ നിന്ന് | 78 |
| ജനങ്ങളിലെ ശ്രേഷ്ഠരുടെ അടയാളങ്ങൾ.. | 80 |
| അന്യരുടെ മുതൽ അധീനപ്പെടുത്തുന്നത് | 82 |

| | |
|---|---|
| വിപത്തുകളിൽ ക്ഷമിക്കുക | 84 |
| ഹജ്റുൽ അസ്വദ് സ്വർഗത്തിൽ നിന്ന് | 86 |
| യാത്രയിൽ നോമ്പ് നോൽക്കാനും... | 88 |
| ഗുദഭോഗം നിഷിദ്ധം | 89 |
| തയമ്മും ചെയ്തവൻ നമസ്കാര ശേഷം | 90 |
| പെൺമക്കളെ പരിഗണിക്കുന്നതിന്റെ | 93 |
| പള്ളിയിൽ പ്രവേശിക്കുമ്പോഴും | 94 |
| പള്ളിയിൽ പ്രവേശിക്കുമ്പോഴും ....... | 96 |
| പള്ളിയിൽ പ്രവേശിക്കുംമ്പോഴുള്ള... | 100 |
| കളഞ്ഞു പോയ വസ്തു പള്ളിയിൽ..... | 102 |
| വിത്റ് നമസ്കാരത്തിലെ... | 104 |
| വിത്റ് നമസ്കാരം ഖളാഅ് ആയാൽ... | 107 |
| വിത്ത്റ് നമസ്കാരത്തിന്റെ വിധി | 109 |
| തെറ്റുകൾ പരസ്യമാക്കുന്നതിനെ തൊട്ട് | 111 |
| നന്മയിൽ ഏറ്റവും കൂടുതൽ ... | 113 |
| പിതാവിനെ ഉപദ്രവിക്കൽ വൻപാപം | 115 |
| നല്ലത്  സമ്പാദിക്കാനുള്ള പ്രേരണ | 116 |
| താടിയെ മാനിക്കേണ്ടതിന്റെയും .. | 118 |
| ചെലവിന് കൊടുക്കുന്നതിലും പ്രതിഫലം | 119 |
| ദുഃഖാചരണത്തിന്റെ വിധികൾ | 121 |
| ഇസ്ലാം കാരുണ്യത്തിന്റെ മതം | 123 |

| | |
|---|---|
| ശ്രേഷ്ഠമായ പ്രാർത്ഥന | 125 |
| അക്രമിയെ പ്രതിരോധിക്കൽ | 127 |
| സ്വത്ത് പിടിച്ചെടുക്കൽ നിഷിദ്ധം | 130 |
| സമ്പത്ത് കൊണ്ടുള്ള പരീക്ഷണത്തെ.. | 132 |
| ഫർദ് നമസ്കാര ശേഷമുള്ള ദിക്റുകൾ | 134 |
| നമസ്കാര ശേഷം ഇമാം മഅ്മൂമുകളെ | 136 |
| സ്ത്രീകൾ പള്ളിയിലേക്ക് പോകൽ | 138 |
| ഖുഫ്ഫയിൽ തടവുന്നതിന്റെ വിധി | 140 |
| കലുറകളിൽ തടവുന്നതിന്റെ വിധി | 142 |
| ഹറമിൽ നിന്ന് വീണ് കിട്ടുന്ന... | 144 |
| നരകാവകാശികളുടെ വിശേഷണം | 146 |
| നരകത്തിന്റെ അവസ്ഥ | 147 |
| മരണാനന്തര ജീവിതത്തിലുള്ള വിശ്വാസം | 148 |
| വിശപ്പകറ്റാൻ കാരക്ക | 149 |
| തൗബയിലേക്ക് മുന്നിടുക | 150 |
| കച്ചവടത്തിൽ സത്യം ചെയ്യൽ | 152 |
| അല്ലാഹുവിനു പുറമെ സത്യം ചെയ്യൽ | 153 |
| പല്ല് തേക്കുന്നതിന്റെ ശ്രേഷ്ടത | 155 |
| ഇസ്ലാമിൽ സ്ത്രീകളോടുള്ള ആദരവ് | 157 |
| സഹവർത്തിത്തം നല്ലവരുമായി | 159 |
| മാതാപിതാക്കൾക്ക് വേണ്ടിയുള്ള.. | 161 |
| ജനാബത്തിന്റെ വിധി | 163 |

| | |
|---|---|
| ദൈവസ്മരണ പിശാചിനെ അകറ്റും | 165 |
| സുജൂദിൽ പ്രാർത്ഥനകൾ വർധിപ്പിക്കുക | 167 |
| ഖബ്റുകൾ കുമ്മായം പൂശരുത് | 169 |
| സ്വവർഗാനുരാഗത്തെ തൊട്ട് ... | 171 |
| മയ്യിത്തിന് ഉപകാരം കിട്ടുന്നവ | 174 |
| നോമ്പ് തുറപ്പിക്കുന്നതിന്റെ ശ്രേഷ്ഠത | 176 |
| റമദാനിന്റെ ശ്രേഷ്ഠത | 178 |
| കപട വിശ്വാസിയുടെ ലക്ഷണങ്ങൾ | 180 |
| ഖുർആൻ വാഹകരോടുള്ള ആദരവ് | 182 |
| വിഷയ സൂചിക | 184 |